സാമൂഹ്യശാസ്ത്രം

ഭാഗം 1

സ്റ്റാൻഡേർഡ് V



കേരളസർക്കാർ

പൊതുവിദ്യാഭ്യാസവകുപ്പ്

തയ്യാറാക്കിയത്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT) കേരളം

2024

ST-341-1-SOC. SCI. (M)-5-VOL-1

ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീ സഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണ്ണവും വൈവിധ്യപൂർണ്ണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനും വേണ്ടി പ്രയത്നിക്കും.

5

സാമൂഹ്യശാസ്ത്രം

Prepared by
State Council of Educational Research and Training (SCERT)
Poojappura, Thiruvananthapuram 695012, Kerala
Website : www.scertkerala.gov.in, e-mail : scertkerala@gmail.com
Typeset and design by : SCERT
First edition: 2024
Printed at : KBPS, Kakkanad, Kochi-30
© Department of General Education, Government of Kerala

പ്രിയപ്പെട്ട കൂട്ടുകാരേ,

അഞ്ചാം ക്ലാസിലെ സാമൂഹ്യശാസ്ത്രം പാഠപുസ്തകമാണിത്. മുൻ ക്ലാസുകളിൽ പരിസരപഠനത്തിന്റെ ഭാഗമായാണ് ശാസ്ത്രവും സാമൂഹ്യശാസ്ത്രവും നമ്മൾ പഠിച്ചിരുന്നത്. അതിൽ നിന്ന് വ്യത്യസ്തമായി, സാമൂഹ്യശാസ്ത്രം ഒരു പ്രത്യേക വിഷയമായാണ് ഇനിമുതൽ നാം പഠിക്കുന്നത്. നിത്യജീവിതത്തിൽ കാണുന്നതും ഇടപെടുന്നതുമായ വിവിധ സാമൂഹിക-സാമ്പത്തിക-സാംസ്കാരിക-രാഷ്ട്രീയ സംവിധാനങ്ങളെക്കുറിച്ച് അറിയുന്നതിനും നാം ജീവിക്കുന്ന ലോകത്തിലെ സാമൂഹികപ്രതിഭാസങ്ങളെ വിശദമാക്കുന്നതിനും പര്യാപ്തമായ രീതിയിലാണ് ഈ പുസ്തകം ക്രമീകരിച്ചിരിക്കുന്നത്.

പരിസരപഠനത്തിൽ നിന്ന് സാമൂഹ്യശാസ്ത്രത്തിലേക്കുള്ള പ്രവേശികാപാഠമായിട്ടാണ് 'പീലിയുടെ ഗ്രാമം' എന്ന പാഠഭാഗം ചിത്രകഥാരൂപത്തിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. സാമൂഹ്യജീവിതത്തിനാവശ്യമായ അറിവുനിർമ്മിക്കുന്നതിനും അത് പ്രയോഗിക്കുന്നതിനും പാഠഭാഗം സഹായകമാകും.

'ഭക്ഷണവും മനുഷ്യരും' എന്ന ഭാഗത്ത് ഭക്ഷ്യസംസ്കാരത്തിന്റെ ഉദ്ഭവവും വികാസ-പരിണാമങ്ങളും പ്രതിപാദിക്കുന്നു. തുടർന്നുവരുന്ന 'തൊഴിൽ വൈവിധ്യങ്ങൾ' എന്ന ഭാഗം ഉപജീവനത്തിനും അതിജീവനത്തിനുമായി മനുഷ്യർ ഏർപ്പെടുന്ന വിവിധതരം തൊഴിലുകളും അധ്വാനത്തിന്റെ പ്രാധാന്യവും തിരിച്ചറിയാൻ സഹായകമാണ്. വസ്ത്രത്തിന്റെ ആവിർഭാവവും കാലാവസ്ഥ, സംസ്കാരം എന്നിവ വസ്ത്രധാരണത്തിൽ വരുത്തുന്ന പരിണാമവും 'വസ്ത്രത്തിന്റെ നാൾവഴികൾ' എന്ന ഭാഗത്ത് ചർച്ചചെയ്യുന്നു.

ഭൂപടവായനയുടെ പ്രാധാന്യവും നിത്യജീവിതത്തിൽ അവയുടെ പ്രയോഗവും വിശദമാക്കുന്നതിന് 'വരയ്ക്കാം വായിക്കാം' എന്ന ഭാഗം അനുയോജ്യമാണ്. നാം ജീവിക്കുന്ന സമൂഹത്തിലെ ഭരണസംവിധാനത്തെക്കുറിച്ചും തിരഞ്ഞെടുപ്പ് പ്രക്രിയയെ കുറിച്ചും പ്രാഥമികധാരണ ലഭിക്കുന്നതിന് 'ജനങ്ങൾ ജനങ്ങളാൽ' എന്ന പാഠഭാഗം പ്രയോജനകരമാണ്.

പരിഷ്കരിച്ച കേരള പാഠ്യപദ്ധതി ചട്ടക്കൂട് 2023 മുന്നോട്ടുവയ്ക്കുന്ന സാമൂഹ്യശാസ്ത്ര പഠനസമീപനത്തെ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ള അഞ്ചാം ക്ലാസിലെ സാമൂഹ്യശാസ്ത്രം ഭാഗം 1 നിങ്ങൾക്ക് ഭാവിയിലേക്കുള്ള മുതൽക്കൂട്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. സമൂഹത്തെ ആഴത്തിൽ മനസിലാക്കാനും മാനവികമൂല്യങ്ങൾ ഉൾക്കൊള്ളാനും ഈ പുസ്തകം ഉപയുക്തമാകുമെന്ന് ഉറപ്പുണ്ട്.

ഡോ. ജയപ്രകാശ് ആർ.കെ.
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

പാഠപുസ്തകരചനാസമിതി

അഡ്വൈസർ

ഡോ. കെ.എൻ. ഗണേഷ്
ചെയർമാൻ
കേരള കൗൺസിൽ ഫോർ
ഹിസ്റ്റോറിക്കൽ റിസർച്ച്

ചെയർപേഴ്സൺ

ഡോ. അഭിലാഷ് കുമാർ കെ.ജി
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് പൊളിറ്റിക്കൽ സയൻസ്,
ബി.ജെ.എം. ഗവ. കോളേജ്, ചവറ

വിദഗ്ധർ

ഡോ. നന്ദകുമാർ ബി. വി.
അസിസ്റ്റന്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി
ശ്രീ നാരായണ കോളേജ്,
വർക്കല

ഡോ. സുരേഷ് ബാബു ജി.എസ്.
പ്രൊഫസർ ഇൻ സോഷ്യോളജി ഓഫ് എജ്യൂക്കേഷൻ,
സാക്കീർ ഹുസൈൻ സെന്റർ ഫോർ എജ്യൂക്കേഷണൽ
സ്റ്റഡീസ്
ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ന്യൂ ഡൽഹി

അംഗങ്ങൾ

അച്യുതൻകുട്ടി കെ.
യു.പി.എസ്.ടി (റിട്ട.)
എ.യു.പി.സ്കൂൾ ഇരുമ്പളശ്ശേരി,
പാലക്കാട്

പവിത്രൻ സി.കെ.
എച്ച്.എസ്.ടി (റിട്ട.)
ജി.എച്ച്.എസ്.എസ്.,
കണിയാംപറ്റ, വയനാട്

നിഷ ടി. എസ്.
യു.പി.എസ്.ടി.
എസ്.എൻ.വി. യു.പി.എസ്.,
മരുതമൻപള്ളി, കൊല്ലം

വേണുഗോപാലൻ കെ.
ബി.പി.സി (റിട്ട.)
പട്ടാമ്പി, പാലക്കാട്

സന്തോഷ് വെളിയന്നൂർ
ചിത്രകാരൻ, കോട്ടയം

ബീന ടി. ചാണ്ടപ്പിള്ള
യു.പി.എസ്.ടി.
ഗവ.യു.പി.എസ്., കോഴഞ്ചേരി,
പത്തനംതിട്ട

പുഷ്പാംഗദൻ യു.
യു.പി.എസ്.ടി
ജി.എച്ച്.എസ്.എസ്. അഞ്ചൽ,
പുനലൂർ, കൊല്ലം

രാധാകൃഷ്ണൻ പി.
യു.പി.എസ്.ടി (റിട്ട.)
ജി.എൽ.പി. സ്കൂൾ ആലൂർ,
പാലക്കാട്

അനസ് എൻ. എസ്.
ഗവേഷക വിദ്യാർഥി
എൻ.എസ്.എസ്.കോളേജ്,
നിലമേൽ, കൊല്ലം

വിഷ്ണു പി.എസ്.
ചിത്രകാരൻ, നേമം,
തിരുവനന്തപുരം

ബിനോയ് വി.
പ്രിൻസിപ്പാൾ
ജി.എച്ച്.എസ്.എസ്, പയ്യാമ്പ്ര,
കോഴിക്കോട്

മാർഗരറ്റ് ലിനി വി.പി.
എച്ച്.എസ്.ടി.
ഗവ. വി & എച്ച്.എസ്.എസ്.,
വെള്ളനാട്, തിരുവനന്തപുരം

വത്സല കുമാരി കെ.ആർ.
എച്ച്.എസ്.ടി. (റിട്ട.)
പി.ബി.എം.എച്ച്.എസ്.എസ്.,
കൊടുങ്ങല്ലൂർ, തൃശൂർ

നികേതൻ എം.
വിദ്യാർഥി (+1), ജി .എച്ച്.എസ്.എസ്.
മെഡിക്കൽ കോളേജ് ക്യാമ്പസ്,
കോഴിക്കോട്

അക്കാദമിക് കോർഡിനേറ്റർ

ഡോ. അഞ്ജന വി. ആർ. ചന്ദ്രൻ
റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT)
വിദ്യാഭവൻ, പൂജപ്പുര, തിരുവനന്തപുരം 695 012

ഉള്ളടക്കം

1. പീലിയുടെ ഗ്രാമം . . . . . 7 - 26

2. ഭക്ഷണവും മനുഷ്യരും . . . . . 27 - 39

3. തൊഴിൽ വൈവിധ്യങ്ങൾ . . . . . 40 - 49

4. വസ്ത്രത്തിന്റെ നാൾവഴികൾ . . . . . 50 - 65

5. വരയ്ക്കാം വായിക്കാം . . . . . 66 - 83

6. ജനങ്ങൾ ജനങ്ങളാൽ . . . . . 84 - 96

ഈ പുസ്തകത്തിൽ പഠനസൗകര്യത്തിനായി
ചില ചിഹ്നങ്ങൾ ഉപയോഗിച്ചിരിക്കുന്നു.

	തുടർ വായന *(വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല)*		ചോദ്യം
	പ്രവർത്തനം		തുടർപ്രവർത്തനങ്ങൾ
	ചർച്ച ചെയ്യാം		നിറം നൽകാം
	ചിത്രശേഖരണം		പാട്ട് പാടാം
	കൊളാഷ്		കളിക്കാം
	വായിക്കാം		എഴുതാം
	നിർമ്മിക്കാം		പ്ലക്കാർഡ് നിർമാണം
	റോൾപ്ലേ		വരയ്ക്കാം
	ഐ.സി.ടി		

ഭാരതത്തിന്റെ ഭരണഘടന

ആമുഖം

ഭാരതത്തിലെ ജനങ്ങളായ നാം ഭാരതത്തെ ഒരു [1]**[പരമാധികാര സ്ഥിതിസമത്വ മതേതര ജനാധിപത്യ റിപ്പബ്ലിക്കായി]** സംവിധാനം ചെയ്യുവാനും അതിലെ പൗരന്മാർക്കെല്ലാം:

സാമൂഹ്യവും സാമ്പത്തികവും രാഷ്ട്രീയവും ആയ **നീതിയും;**

ചിന്തയ്ക്കും ആശയപ്രകടനത്തിനും വിശ്വാസത്തിനും മതനിഷ്ഠയ്ക്കും ആരാധനയ്ക്കും ഉള്ള **സ്വാതന്ത്ര്യവും;**

പദവിയിലും അവസരത്തിലും **സമത്വവും;**
സംപ്രാപ്തമാക്കുവാനും;

അവർക്കെല്ലാമിടയിൽ

വ്യക്തിയുടെ അന്തസ്സും [2][രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും] ഉറപ്പുവരുത്തിക്കൊണ്ട് **സാഹോദര്യം** പുലർത്തുവാനും;

സഗൗരവം തീരുമാനിച്ചിരിക്കയാൽ;

നമ്മുടെ ഭരണഘടനാനിർമ്മാണസഭയിൽ ഈ 1949 നവംബർ ഇരുപത്താറാം ദിവസം **ഇതിനാൽ ഈ ഭരണ ഘടനയെ സ്വീകരിക്കുകയും നിയമമാക്കുകയും നമുക്കു തന്നെ പ്രദാനം ചെയ്യുകയും ചെയ്യുന്നു.**


---

1. 1976 - ലെ ഭരണഘടന (നാല്പത്തിരണ്ടാം ഭേദഗതി) ആക്ട് 2-ാം വകുപ്പു പ്രകാരം "പരമാധികാര ജനാധിപത്യ റിപ്പബ്ലിക്" എന്നതിന് പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

2. മേല്പറഞ്ഞ ആക്ട് 2-ാം വകുപ്പു പ്രകാരം "രാഷ്ട്രത്തിന്റെ ഐക്യം" എന്നതിനു പകരം ചേർത്തത് (3.1.1977 മുതൽ പ്രാബല്യം).

1

പീലിയുടെ ഗ്രാമം



കൂട്ടുകാരേ,

അവധിക്കാലം തീരാൻ പോവുകയാണ്. അതിനുമുമ്പ് പീലി സഹപാഠികളെ തന്റെ ഗ്രാമത്തിലേക്ക് ക്ഷണിച്ചിട്ടുണ്ട്. ഗ്രാമം സന്ദർശിക്കാനുള്ള ഒരുക്കത്തിലാണ് പീലിയുടെ കൂട്ടുകാരായ നാലുപേർ. നിങ്ങൾക്കും യാത്രകൾ ഇഷ്ടമല്ലേ? നമുക്കും അവർക്കൊപ്പം പീലിയുടെ ഗ്രാമത്തിൽ ഒന്ന് പോയി വന്നാലോ?

യാത്രയ്ക്കുമുമ്പ് നമുക്ക് പരസ്പരം ഒന്ന് പരിചയപ്പെടാം



ഞാൻ നീനു. ഞാൻ സഞ്ചരിക്കുന്നത് വീൽച്ചെയറിലാണ്. എന്റെ വീട് നഗരത്തോട് ചേർന്ന സർക്കാർ ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സിലാണ്. എനിക്ക് ഒരു അനിയൻ കൂടിയുണ്ട്.

എന്റെ പേര് അപ്പു. നഗരത്തിലെ ഒരു ചേരിയിലാണ് എന്റെ വീട്. അമ്മ മാത്രമാണ് എനിക്കുള്ളത്. തുണിമിൽ തൊഴിലാളിയാണ് എന്റെ അമ്മ.





എന്റെ പേര് വിക്കി. നഗരത്തിലെ ഒരു അപ്പാർട്ട്മെന്റിലാണ് ഞാൻ താമസിക്കുന്നത്. എന്റെ പപ്പ ഒരു ബിസിനസ്സുകാരനാണ്. എന്റെ മമ്മി സ്വന്തമായി ഒരു ടെക്സ്റ്റയിൽ ഷോപ്പ് നടത്തുന്നുണ്ട്.

ഞാൻ ചമേലി. ഞങ്ങൾ അസം സ്വദേശികളാണ്. ഞാനും മായും പാപ്പയും വർഷങ്ങളായി കേരളത്തിലാണ് താമസിക്കുന്നത്. എനിക്ക് അഞ്ചുവയസ്സുള്ളപ്പോഴാണ് ഞങ്ങൾ കേരളത്തിൽ എത്തിയത്. ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്നവർ കൂട്ടമായി താമസിക്കുന്ന ഒരിടത്താണ് ഞങ്ങൾ താമസിക്കുന്നത്.



കൂട്ടത്തിലെ അഞ്ചാമത്തെ ആളായി നിങ്ങളെ വരച്ചുചേർത്ത് സ്വയം പരിചയപ്പെടുത്തൂ.



(ഇവിടെ നിങ്ങളെ വരച്ചു ചേർക്കൂ)

എന്റെ പേര് .....

.....

.....

.....

.....

.....



ഇതര സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് അതിഥിതൊഴിലാളികൾ എത്തുന്നുണ്ട്. അസം, ബീഹാർ, പശ്ചിമബംഗാൾ, ഝാർഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ നിന്നുമാണ് കൂടുതൽ പേരും കുടുംബമായി എത്തുന്നത്. അവരുടെ മക്കളെ കേരളത്തിലെ പൊതുവിദ്യാലയങ്ങളിൽ പഠിപ്പിക്കുന്നു. അങ്ങനെ ചമേലിയും കേരളത്തിൽ പഠിക്കുന്നുണ്ട്. 'മാ' എന്നും 'പാപ്പ' എന്നുമാണ് ചമേലി അമ്മയെയും അച്ഛനെയും വിളിക്കുന്നത്.

നിങ്ങൾ സ്വയം പരിചയപ്പെടുത്തിയല്ലോ? നിങ്ങൾ പറഞ്ഞുകഴിഞ്ഞ വിവരങ്ങളോടൊപ്പം നിങ്ങളുടെ ഹോബി, ഒഴിവുസമയം ചെലവഴിക്കുന്ന രീതികൾ, ആഗ്രഹങ്ങൾ, സ്വപ്നങ്ങൾ എന്നിവയെല്ലാം ചേർത്ത് വിപുലപ്പെടുത്തിയ വ്യക്തിഗത പ്രൊഫൈൽ (വ്യക്തിഗത വിവരങ്ങൾ) ഉണ്ടാക്കാൻ ശ്രമിക്കുക. ടീച്ചറുടെ സഹായവും ഇതിനുണ്ടാകും.

യാത്രയ്ക്കൊരുങ്ങാം



നമ്മൾ എത്രയോ കാലമായി ആഗ്രഹിച്ചിരുന്ന യാത്രയാണ് ഇന്ന് നടക്കാൻ പോവുന്നത്. വീട്ടിൽ നിന്ന് ഒന്ന് സമ്മതിച്ചു കിട്ടാൻ ഞാൻ കുറെ പാടുപെട്ടു. എല്ലായിടത്തും പോകാറുള്ള ആളല്ല ഞാനെന്ന് നിങ്ങൾക്കറിയാമല്ലോ?

പപ്പായും മമ്മിയും മനസ്സില്ലാമനസ്സോടെയാണ് എന്നെയും വിട്ടത്. എന്നെ ദൂരേയ്ക്കൊന്നും ഒറ്റയ്ക്ക് വിടാറില്ല. സമ്മതം കിട്ടാൻ നന്നായി ശ്രമിക്കേണ്ടിവന്നു. എനിക്കിവിടെ ആകെയുള്ള കൂട്ടുകാർ നിങ്ങളാണ്. അവിടെപ്പോയി ഒന്നും കഴിക്കരുതെന്ന് മമ്മി പ്രത്യേകം പറഞ്ഞിട്ടുണ്ട്.





ഞാൻ എവിടെ പോയാലും മാസ്സ് പേടിയാണ്. ഇവിടെ മിക്ക ആൾക്കാരും ഒരു അകൽച്ചയോടെയാണ് ഞങ്ങളോട് പെരുമാറുന്നത്. ഞാൻ പീലിയോട് ഇതൊക്കെ പറഞ്ഞിട്ടുണ്ട്. അവളുടെ നാട്ടിൽ ആരും അകൽച്ച കാണിക്കില്ലെന്ന് പീലി ഉറപ്പുതന്നിട്ടുണ്ട്. അതുകൊണ്ടുമാത്രമാണ് ഞാൻ വരുന്നത്.

അമ്മ എതിർപ്പൊന്നും പറഞ്ഞില്ല. ഞാൻ പോവുമ്പോ അമ്മ വീട്ടിൽ ഒറ്റയ്ക്കാവും എന്ന വിഷമമുണ്ട്. ഒരു ദിവസത്തേക്കല്ലേ. കുഴപ്പമില്ല.




നിങ്ങളും ഇവർക്കൊപ്പം യാത്രയ്ക്ക് ഒരുങ്ങിയിരിക്കുകയല്ലേ? നിങ്ങൾക്കും ഉണ്ടാവില്ലേ ചില ആശങ്കകൾ? താഴെ നിങ്ങളെ വരച്ചുചേർത്ത് നിങ്ങളുടെ ചിന്തകൾ ഇവിടെ എഴുതിച്ചേർക്കൂ.

വ്യത്യസ്ത ജീവിതസാഹചര്യങ്ങളിൽ നിന്ന് വന്ന ഇവർ എങ്ങനെയാവും ഇത്ര അടുപ്പമുള്ള കൂട്ടുകാരായത്? ഇവർ സുഹൃത്തുക്കളാകാൻ ഇടയായ സാഹചര്യം സങ്കല്പിച്ച് ക്ലാസ്സിൽ ഒരു റോൾപ്ലേ അവതരിപ്പിക്കൂ.



യാത്രകൾക്ക് മുമ്പ് നമ്മൾ ചില തയ്യാറെടുപ്പുകൾ നടത്തുമല്ലോ? എങ്ങോട്ടാണ്, എന്തിനാണ്, എങ്ങനെയാണ് എന്നതൊക്കെ അനുസരിച്ച് മാനസികമായ ഒരുക്കങ്ങൾ നമ്മൾ നടത്താറുണ്ട്. നമ്മൾ യാത്രയ്ക്കൊരുക്കുന്ന ബാഗിൽ വസ്തുക്കൾക്കൊപ്പം നമ്മുടെ ചിന്തകളും കൂടി കടന്നുവരാറില്ലേ? ഇവർ കൊണ്ടുപോകുന്ന ബാഗിൽ എന്തൊക്കെയാണെന്ന് നോക്കാം.





നിങ്ങൾ എന്തെല്ലാം സാധനങ്ങൾ യാത്രയ്ക്കായി കരുതും? എന്തെല്ലാം കാര്യങ്ങളാണ് നിങ്ങൾ ആലോചിക്കുക? നിങ്ങളുടെ ബാഗും സാധനങ്ങളും വരച്ച് ചിന്തയും എഴുതി അവതരിപ്പിക്കുക.

പീലിയുടെ ഗ്രാമത്തിലേക്ക്



യാത്രാഗാനങ്ങൾ അറിയാമോ? അവ ശേഖരിച്ച് ക്ലാസിൽ സംഘമായി അവതരിപ്പിക്കൂ. നിങ്ങൾക്ക് ഇഷ്ടമുള്ള ഒരു യാത്രാഗാനം ഇവിടെ എഴുതിച്ചേർക്കൂ.

പീലിയുടെ ഗ്രാമം







പീലിക്കുള്ള മറുപടി എഴുതിച്ചേർക്കൂ.



പീലിയുടെ ഗ്രാമത്തെ കുറിച്ച് നിങ്ങളുടെ പ്രതീക്ഷകൾ എന്തൊക്കെയാണ്?

. . . . . .

. . . . . .

. . . . . .

. . . . . .

. . . . . .

. . . . . .

പീലിയുടെ ഗ്രാമത്തിന്റെ ഒരു ഭാവനാചിത്രം നോട്ടുബുക്കിൽ വരച്ചുനോക്കൂ. ടീച്ചറുടെ സഹായം കൂടി തേടൂ.






എനിക്ക് കഴിക്കാൻ ഉള്ളത് വീട്ടീന്ന് തന്നു വിട്ടിട്ടുണ്ട്. ഞാൻ അത് കഴിച്ചോളാം.
പിന്നേ... അവന്റെയൊരു ജാഡ.
അതൊക്കെ മോനെന്നും കഴിക്കുന്നതല്ലേ? ഇതൊന്നു കഴിച്ചുനോക്കു. ഇവിടത്തെ വയലിൽ ഉണ്ടായ നെല്ല് കുത്തിയ അരിയാണ് ചോറുണ്ടാക്കാൻ എടുക്കുന്നത്. പിന്നെ കപ്പയും പീലിയുടെ അച്ഛൻ പുഴയിൽ നിന്ന് പിടിച്ച മീനുമൊക്കെയാണ് ഉള്ളത്. അച്ഛനാണ് മീൻകറി ഉണ്ടാക്കിയത്.
ഞാൻ ആദ്യമായിട്ടാണ് ഇത്ര രുചിയുള്ള ഭക്ഷണം കഴിക്കുന്നത്. എന്റെ വീട്ടിൽ ഇങ്ങനെയുള്ളതേ അല്ല വാങ്ങുന്നത്.
പീലീ... വളരെ നന്നായിട്ടുണ്ട്. എന്തുനല്ല രുചി ! ഇതെങ്ങനെയാ ഉണ്ടാക്കുന്നതെന്ന് പറഞ്ഞുതരണേ.



നമുക്ക് പീലിയുടെ അച്ഛനെ അഭിമുഖം ചെയ്താലോ? അതിനുള്ള ചോദ്യങ്ങൾ തയ്യാറാക്കൂ. ടീച്ചറുടെ പിന്തുണയും ഉണ്ടാകും.







കൂട്ടുകാർക്കായി ഒരു വിഭവം ഉണ്ടാക്കിയാലോ? നിങ്ങളുടെ പരിസരത്ത് നിന്ന് ലഭിക്കുന്ന ഭക്ഷ്യവസ്തുക്കൾ ഉപയോഗിച്ച് മുതിർന്നവരുടെ സഹായത്തോടെ ഭക്ഷണം തയ്യാറാക്കി ക്ലാസിൽ കൊണ്ടുവരൂ. കൊണ്ടുവരുന്ന വിഭവങ്ങൾ എല്ലാവരും ഒന്നിച്ചു പങ്കിട്ട് കഴിക്കുമല്ലോ.



എനിക്ക് ഇവിടെ വല്ലാതെ ഇഷ്ടപ്പെട്ടു. പക്ഷേ അങ്കിൾ, എന്റെ സംശയം എന്താന്നുവച്ചാൽ റെയ്ഞ്ചും വൈഫൈയും ഒന്നും ഇല്ലാതെ നിങ്ങൾക്ക് ബോറടിക്കില്ലേ?

ഒരു ഗെയിം കളിക്കാൻ നീ എന്തുചെയ്യും പീലി? ഗെയ്മില്ലാതെ നിങ്ങൾ എങ്ങനെ സന്തോഷിക്കും? നഗരത്തിൽ ആയിരുന്നെങ്കിൽ എന്തൊക്കെ ചെയ്യാമായിരുന്നു!

നഗരത്തെക്കാൾ രസം ഇവിടെയാണെന്നാ എനിക്ക് തോന്നണേ.



എന്തുകൊണ്ടാവാം ഒരേ നഗരത്തെ പറ്റി വിക്കിയും അപ്പുവും രണ്ടുതരം അഭിപ്രായം പറഞ്ഞിട്ടുണ്ടാവുക?



വരൂ. പീലിയുടെ അച്ഛന്റെ കൂടെ ഈ ഗ്രാമത്തിലെ ഉല്ലാസങ്ങൾ നമുക്കും കണ്ടുവരാം.

നിങ്ങളും ജീവിതത്തിൽ സന്തോഷത്തിന്റെ നിമിഷങ്ങൾ അനുഭവിച്ചിട്ടുണ്ടാകുമല്ലോ? ഏതൊക്കെ സന്ദർഭങ്ങളിലാണ്, എന്തൊക്കെ ലഭിച്ചാലാണ് നിങ്ങൾക്ക് സന്തോഷം ഉണ്ടാവുക? സ്കൂളിലെ ഡിജിറ്റൽ ഉപകരണങ്ങളുടെ സഹായത്തോടെ ടീച്ചറുടെ മേൽനോട്ടത്തിൽ 'എന്റെ സന്തോഷങ്ങൾ' എന്ന പേരിൽ ഒരു സെൽഫി വീഡിയോ തയ്യാറാക്കൂ.

ഗ്രാമഭംഗി

പീലിയുടെ ഗ്രാമത്തിലൂടെ നടന്ന് എത്രത്തോളം ലളിതവും സുന്ദരവുമാണ് ആ ഗ്രാമമെന്ന് കണ്ടറിയൂ.



നിങ്ങളുടെ നാട്ടിൽ ആഴ്ചച്ചന്തകൾ, സ്ഥിരം ചന്തകൾ, വൈകുന്നേരച്ചന്തകൾ എന്നിവയൊക്കെ ഉണ്ടാകുമല്ലോ? മുതിർന്നവരുടെ ഒപ്പം അവ സന്ദർശിച്ച് അവിടത്തെ ഇടപാടുകൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കൂ.

അച്ഛൻ പീലിയുടെ കൂട്ടുകാർക്ക് ഓലത്തൊപ്പിയും കുട്ടയും വസ്തുങ്ങളും സമ്മാനിച്ചു.

ഓല, കടലാസ് തുടങ്ങിയവകൊണ്ട് നിങ്ങൾക്ക് എന്തെല്ലാം വസ്തുക്കൾ ഉണ്ടാക്കാൻ അറിയാം? നിങ്ങളുണ്ടാക്കിയവ ക്ലാസിൽ പ്രദർശിപ്പിക്കൂ.











കൊയ്ത്തിനുശേഷം രണ്ടാം വിളയിറക്കുന്നതിനായി ഉഴുതുമറിച്ച വയലിലാണ് കാളപൂട്ട് മത്സരങ്ങൾ നടക്കാറുള്ളത്.





നിങ്ങളുടെ നാട്ടിലും വിവിധതരം ഉത്സവങ്ങൾ നടക്കാറില്ലേ? ഉത്സവങ്ങൾ, പെരുന്നാൾ, ഉറൂസ്, മേളകൾ, കായിക മത്സരങ്ങൾ തുടങ്ങിയ ആഘോഷങ്ങളെ കുറിച്ച് മുതിർന്നവരോട് ചോദിച്ച് ഒരു വിവരണം തയ്യാറാക്കൂ. മുതിർന്നവർക്കൊപ്പം അവ കാണാൻ പോയതിന്റെ അനുഭവവും ക്ലാസിൽ പങ്കുവയ്ക്കൂ.



പീലിയും കൂട്ടുകാരും നിങ്ങളും ഗ്രാമത്തിലെ കാഴ്ചകൾ എല്ലാം കണ്ട് രാത്രി തിരിച്ചുവരികയാണ്. ഈ നേരത്ത് നമുക്കൊരു പാട്ടുണ്ടാക്കി പാടിയാലോ? 'എന്റെ ഗ്രാമം' എന്ന പേരിൽ ഒരു പാട്ടുണ്ടാക്കാം? നിങ്ങൾ കണ്ടിട്ടുള്ള ഗ്രാമങ്ങളും പീലിയുടെ ഗ്രാമവും ഒക്കെ ഉൾക്കൊള്ളുന്ന രീതിയിൽ ഒരു പാട്ടെഴുതി ക്ലാസിൽ സ്വന്തം താളത്തിനനുസരിച്ച് പാടി അവതരിപ്പിക്കൂ.



നിങ്ങൾ താമസിക്കുന്ന സ്ഥലത്ത് പുറത്തേക്കു നോക്കിയാൽ രാത്രി കാഴ്ച കാണുന്ന ഒരിടം കണ്ടെത്തൂ. എന്തെല്ലാം കാഴ്ചകളാണ് നിങ്ങൾ കാണുക? നമുക്ക് അതൊന്ന് വരച്ചുനോക്കിയാലോ. 'എന്റെ രാത്രിയും ആകാശവും' എന്ന പേരിൽ കൂട്ടുകാർ വരച്ച മുഴുവൻ ചിത്രങ്ങളും വച്ച് ക്ലാസ്സിൽ ഒരു ചിത്രപ്രദർശനം സംഘടിപ്പിക്കൂ.








നിങ്ങൾക്കൊപ്പം പീലിയുടെ ഗ്രാമത്തിൽ വന്ന കൂട്ടുകാർ അവരുടെ അഭിപ്രായം പങ്കുവച്ചല്ലോ. നിങ്ങൾക്കും പീലിയുടെ ഗ്രാമത്തെക്കുറിച്ച് എന്തെങ്കിലും പറയാൻ ഉണ്ടാവില്ലേ? ഗ്രാമക്കാഴ്ച നിങ്ങളെ എങ്ങനെയെല്ലാം സ്വാധീനിച്ചുവെന്ന് ഇവിടെ എഴുതിച്ചേർക്കൂ.

പീലിയുടെ ഗ്രാമത്തിലേക്ക് പുറപ്പെടും മുമ്പ് നിങ്ങൾക്കും പീലിയുടെ മറ്റുകൂട്ടുകാർക്കും സന്തോഷത്തെക്കുറിച്ചും പീലിയുടെ ഗ്രാമത്തെക്കുറിച്ചും മറ്റുള്ളവരുടെ ജീവിതത്തെക്കുറിച്ചും ധാരാളം മുൻധാരണകൾ ഉണ്ടായിരുന്നില്ലേ? അത്തരം ചിന്തകളിലൂടെയല്ലേ അതുവരെയും നിങ്ങൾ ലോകത്തെ നോക്കിക്കണ്ടത്. ഈ യാത്രയ്ക്കിടയിൽ നിങ്ങൾ പല മുൻധാരണകളും ഉപേക്ഷിച്ചില്ലേ? പുതിയ ചില അനുഭവങ്ങളും അറിവുകളും നേടിയില്ലേ? പീലിയുടെ കൂട്ടുകാർ പറയുന്നത് കേൾക്കൂ.



നഗരത്തിലെ മുന്തിയ
സൗകര്യങ്ങൾ കൊണ്ടേ
സന്തോഷം ഉണ്ടാകൂ
എന്നാണ് ഞാൻ
കരുതിയിരുന്നത്.
ആ ചിന്ത മാറി.



വിക്കി പറഞ്ഞതുപോലെ ഞാനും
ചിന്തിച്ചിരുന്നു. ഞങ്ങൾക്ക് ഞങ്ങളുടേതായ
സന്തോഷം അവിടെ ഉണ്ടായിരുന്നു.
എല്ലായിടത്തും സന്തോഷമുണ്ട്
എന്നെനിക്ക് മനസ്സിലായി.

എന്നെ എല്ലാവരും മറ്റൊരു
നാട്ടിൽ നിന്നുവന്ന കുട്ടിയായി
കണ്ട് മാറ്റിനിർത്തുമോ എന്ന ഭയം
എനിക്കുണ്ടായിരുന്നു. അതുമാറി.



എനിയ്ക്ക് ഈ കാഴ്ചകളും
സന്തോഷങ്ങളും അനുഭവിക്കാൻ
കഴിയുമെന്ന് വിചാരിച്ചതേയില്ല.



നാലുപേരും അവരുടെ മുൻധാരണ തിരുത്തി പറഞ്ഞത് നിങ്ങൾ കേട്ടില്ലേ? പീലിയുടെ ഗ്രാമത്തിലൂടെ നിങ്ങളും സഞ്ചരിച്ചുവല്ലോ. ഈ യാത്രയ്ക്കിടയിൽ നിങ്ങൾക്ക് എന്തെല്ലാം പുതിയ അറിവുകളാണ് ഉണ്ടായത്? നിങ്ങളുടെ അനുഭവം കൂട്ടുകാരോട് പങ്കുവയ്ക്കൂ.



തുടർപ്രവർത്തനങ്ങൾ


1. ഗ്രാമ-നഗര പ്രദേശങ്ങളുടെ പ്രത്യേകതകൾ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
2. നിങ്ങൾ താമസിക്കുന്ന പ്രദേശത്തെ സാമൂഹികസവിശേഷതകൾ ഉൾപ്പെടുന്ന ഒരു വീഡിയോ ഡോക്യുമെന്ററി ടീച്ചറുടെ പിന്തുണയോടെ തയ്യാറാക്കുക.
3. 'എന്റെ നാട്ടിലെ ഉല്ലാസങ്ങൾ' എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിക്കുക.

   സെമിനാറിൽ ഉൾപ്പെടുത്തേണ്ടവ:

   - പരിസ്ഥിതി
   - ഭക്ഷണരീതികൾ
   - കൃഷി
   - മാർക്കറ്റ്
   - കളികൾ, കളിസ്ഥലങ്ങൾ
   - ആഘോഷങ്ങൾ
   - രാത്രികാല കാഴ്ചകൾ

2

ഭക്ഷണവും മനുഷ്യരും



ഒക്ടോബർ 16

ലോക ഭക്ഷ്യദിനത്തോടനുബന്ധിച്ച് ഇന്ന് സ്കൂളിൽ ഭക്ഷ്യമേളയുണ്ടായിരുന്നു. എന്ത് രസമായിരുന്നെന്നോ!

ടീച്ചർ പറഞ്ഞതനുസരിച്ച് ക്ലാസിലെ കൂട്ടുകാർ എല്ലാവരും ഓരോരോ വിഭവങ്ങൾ കൊണ്ടുവന്നു. ഞാനും കൂട്ടുകാരും ഓരോ സ്റ്റാളും കണ്ടു നടന്നു. എന്തെല്ലാം വിഭവങ്ങൾ....! കപ്പയും ചക്കയും ചെറുധാന്യങ്ങളും കിഴങ്ങുകളും പഴവർഗങ്ങളും കൊണ്ടുള്ള വ്യത്യസ്ത വിഭവങ്ങൾ...പായസം, ലഡു, ഹൽവ, കേക്ക്, മിഠായികൾ, ഉപ്പിലിട്ടത്... അങ്ങനെ എത്രമാത്രം വിഭവങ്ങളാണുണ്ടായിരുന്നത്! ഇതെല്ലാം കണ്ട് എന്റെ നാവിൽ വെള്ളം നിറഞ്ഞു. അപ്പോഴേക്കും ക്ലാസ് ടീച്ചർ ഞങ്ങളോടൊപ്പം കൂടി. ടീച്ചർ ഞങ്ങൾക്ക് മിഠായികളും പായസവുമൊക്കെ വാങ്ങിത്തന്നു. എന്ത് രുചിയായിരുന്നെന്നോ...! ഇപ്പോഴും അവയുടെ രുചി നാവിൽ തങ്ങിനിൽക്കുന്നു.

സിബി എന്ന വിദ്യാർഥി എഴുതിയ ഡയറിക്കുറിപ്പ് വായിച്ചല്ലോ? ഏതൊക്കെ വിഭവങ്ങളെക്കുറിച്ചാണ് ഈ കുറിപ്പിൽ സൂചിപ്പിക്കുന്നത്?

-
-
-

ഇവ കൂടാതെ മറ്റെന്തെല്ലാം ഭക്ഷ്യവിഭവങ്ങളാണ് നിങ്ങൾ കഴിച്ചിട്ടുള്ളത്? അവയുടെ ഒരു പട്ടിക തയ്യാറാക്കൂ.


നാം കഴിക്കുന്ന ഭക്ഷണത്തിന് വളരെ വലിയൊരു ചരിത്രമുണ്ട്. ആ ചരിത്രം അറിയാൻ നിങ്ങൾക്കും ആഗ്രഹമില്ലേ?


ഭക്ഷണസമ്പാദനം

മനുഷ്യരുടെ നിലനിൽപ്പിന് അത്യാവശ്യമായ ഘടകങ്ങളിലൊന്നാണ് ഭക്ഷണം എന്ന് നിങ്ങൾക്കറിയാമല്ലോ?

എല്ലാ ജീവികൾക്കും ഭക്ഷണം ആവശ്യമാണ്. ആദിമകാലത്ത് ഇലകൾ, പഴങ്ങൾ, കിഴങ്ങുകൾ, ധാന്യങ്ങൾ എന്നിവയായിരുന്നു ജീവികളുടെ ഭക്ഷണം. കൂടാതെ, ചില ജീവികൾ മറ്റു ജീവികളെ കൊന്ന് ഭക്ഷിക്കുകയും ചെയ്തിരുന്നു. മനുഷ്യരും ആദ്യം അങ്ങനെ തന്നെയായിരുന്നു.

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിക്കൂ.









ആദിമമനുഷ്യരുടെ ഭക്ഷണസമ്പാദനത്തെ സൂചിപ്പിക്കുന്ന ചില ചിത്രങ്ങളാണ് മുകളിൽ നൽകിയിരിക്കുന്നത്. ഇതിൽ നിന്ന് അക്കാലത്തെ മനുഷ്യരുടെ ഭക്ഷണസമ്പാദനത്തെ സംബന്ധിച്ച് എന്തെല്ലാം വിവരങ്ങളാണ് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്?

- ഭക്ഷണം ശേഖരിച്ചിരുന്നു
-
-
-

വേട്ടയാടലിലൂടെയും ശേഖരണത്തിലൂടെയും അവർക്ക് എന്തെല്ലാം ഭക്ഷ്യവസ്തുക്കളായിരിക്കാം ലഭിച്ചിട്ടുണ്ടാവുക?


- കായ്കനികൾ
- വേരുകളും കിഴങ്ങുകളും
-
-

തീയും ഭക്ഷണവും

വേട്ടയാടലിലൂടെയും മറ്റും ലഭിച്ച ഈ ഭക്ഷ്യവസ്തുക്കൾ ആദിമമനുഷ്യർ പാകം ചെയ്തോ കഴിച്ചിട്ടുണ്ടാവുക?

തീ: ഉൽപാദനവും നിയന്ത്രണവും

ഉണങ്ങിയ മരങ്ങൾ തമ്മിൽ ഉരഞ്ഞും പാറയിൽ ഉരഞ്ഞും തീ ഉണ്ടാകുന്നത് മനുഷ്യർ കണ്ടു. ഉണക്ക മരം പാറയിൽ ഉരച്ചോ കല്ലുകൾ കൂട്ടിമുട്ടിച്ചോ തീ ഉണ്ടാക്കാമെന്ന് അവർ മനസ്സിലാക്കി.



ആദ്യകാലങ്ങളിൽ തീയുടെ ഉപയോഗം അറിയാത്തതിനാൽ ലഭ്യമായ വസ്തുക്കൾ പച്ചയായിത്തന്നെ അവർ ഭക്ഷിച്ചിരുന്നു. എന്നാൽ, തീയെ നിയന്ത്രിച്ച് ഉപയോഗിക്കാൻ പരിശീലിച്ചതോടെ അവർ ഭക്ഷണം വേവിച്ച് കഴിക്കാൻ തുടങ്ങി.



തീ ഉപയോഗിക്കാൻ പരിശീലിച്ചത് മനുഷ്യരുടെ ഭക്ഷണരീതിയിലുണ്ടായ സുപ്രധാന മാറ്റങ്ങളിലൊന്നാണ്. കാട്ടുതീയിൽപ്പെട്ട് ചത്ത മൃഗങ്ങളുടെ വെന്ത മാംസമായിരിക്കാം അവർ കഴിച്ച ആദ്യത്തെ വേവിച്ച ഭക്ഷണം. തീ ഉണ്ടാക്കാനും അതിനെ നിയന്ത്രിച്ച് ഉപയോഗിക്കാനും പരിശീലിച്ചതോടെ മാംസവും മത്സ്യവുമൊക്കെ ചുട്ടുതിന്നുവാൻ അവർ ആരംഭിച്ചു. ക്രമേണ, വേരുകളും കിഴങ്ങുകളും ചുട്ടു തിന്നാൻ തുടങ്ങി. ഇങ്ങനെയാണ് മനുഷ്യർ ഭക്ഷണം പാകം ചെയ്ത് കഴിക്കുന്ന രീതിയിലേക്ക് എത്തിച്ചേർന്നത്.

അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന മനുഷ്യർ വേട്ടയാടിയും ശേഖരിച്ചും അന്നന്നേക്ക് ആവശ്യമായ ഭക്ഷണം മാത്രമാണ് നേടിയിരുന്നത്. പിൽക്കാലത്ത്, ഭക്ഷണസമ്പാദനത്തിനായി അവർ മറ്റ് മാർഗങ്ങൾ കണ്ടെത്താൻ നിർബന്ധിതരായി.

എന്തൊക്കെ സാഹചര്യങ്ങളായിരിക്കാം ആദിമമനുഷ്യരെ ഭക്ഷണസമ്പാദനത്തിനായി മറ്റ് മാർഗങ്ങൾ കണ്ടെത്താൻ നിർബന്ധിതരാക്കിയത്?

- ഭക്ഷണത്തിന്റെ ലഭ്യതക്കുറവ്
- ജനസംഖ്യാവർധനവ്
- പരിസ്ഥിതിയിലുണ്ടായ മാറ്റങ്ങൾ

ഭക്ഷ്യോൽപാദനം

കാലക്രമേണ മനുഷ്യർ ഭക്ഷണാവശ്യത്തിനായി മൃഗങ്ങളെ ഇണക്കിവളർത്തുവാനും സസ്യങ്ങളെ പരിപാലിക്കുവാനും തുടങ്ങി. ഭക്ഷണ ആവശ്യത്തിനായി അവർ ആദ്യം ഇണക്കിവളർത്തിയത് ആട്, ചെമ്മരിയാട് തുടങ്ങിയ മൃഗങ്ങളെയായിരുന്നു.



മനുഷ്യരോട് ആദ്യം ഇണങ്ങിയതും, മനുഷ്യർ ആദ്യം ഇണക്കി വളർത്താൻ ആരംഭിച്ചതുമായ മൃഗമാണ് നായ. മനുഷ്യരോട് വേഗം ഇണങ്ങിച്ചേരാൻ കഴിവുള്ളതിനാൽ വേട്ടയാടലിനും കാവലിനുമായി നായകളെ ഉപയോഗപ്പെടുത്തിയിരുന്നു. കൃഷി വ്യാപകമായതോടെ മറ്റ് മൃഗങ്ങളെയും ഭക്ഷണത്തിനും മറ്റ് ആവശ്യങ്ങൾക്കുമായി ഇണക്കി വളർത്താൻ തുടങ്ങി.



മൃഗങ്ങളെ ഇണക്കി വളർത്താനും സസ്യങ്ങളെ പരിപാലിക്കാനും ആരംഭിച്ചതിലൂടെ എന്തെല്ലാം മാറ്റങ്ങളാണ് മനുഷ്യജീവിതത്തിലുണ്ടായത്? എങ്ങനെയാണ് സസ്യങ്ങളെ പരിപാലിച്ചത്?

വലിച്ചെറിഞ്ഞ ഭക്ഷ്യവസ്തുക്കളിൽ നിന്ന് പുതിയ തൈകൾ മുളച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടതോടെ ആയിരിക്കാം ആദിമമനുഷ്യർ കൃഷിയെകുറിച്ച് ചിന്തിച്ചുതുടങ്ങിയത്. പാറപ്പുറത്തിട്ടാൽ വിത്ത് ഉണങ്ങിപ്പോകും. വെള്ളത്തിലിട്ടാൽ ചീഞ്ഞുപോകും. എന്നാൽ ഈർപ്പവും ചൂടുമുള്ള മണ്ണിൽ വിത്ത് മുളയ്ക്കുമെന്ന് അവർ മനസ്സിലാക്കി. ഇങ്ങനെയാണ് കൃഷി ആരംഭിച്ചത്. തുടർന്ന് ഭക്ഷ്യയോഗ്യമായ ചെടികളും വേരുകളും വൃക്ഷത്തൈകളും തിരഞ്ഞെടുത്ത് നടുവാനും കൃഷി ചെയ്യുവാനും തുടങ്ങി. ഗോതമ്പ്, ബാർളി, ചാമ, കിഴങ്ങുവർഗങ്ങൾ എന്നിവയാണ് ആദ്യകാലത്ത് കൃഷി ചെയ്തിരുന്നത്. കൃഷിയ്ക്ക് ആവശ്യമായ ജലവും വളക്കൂറുള്ള മണ്ണും പ്രധാനമായും ലഭ്യമായിരുന്ന നദീതടങ്ങളിലാണ് മനുഷ്യർ കൃഷിചെയ്യാൻ ആരംഭിച്ചത്. ഇതോടെ ഭക്ഷണം തേടി അലഞ്ഞുതിരിഞ്ഞിരുന്ന മനുഷ്യർ കൃഷിയിടങ്ങൾക്ക് സമീപത്ത് സ്ഥിരവാസം ആരംഭിച്ചു.

കൃഷിയിടങ്ങൾക്ക് സമീപത്ത് സ്ഥിരവാസമാക്കിയതുകൊണ്ട് അവർക്ക് എന്തെല്ലാം നേട്ടങ്ങൾ ഉണ്ടായിട്ടുണ്ടാകാം ?

- കൃഷിയിടങ്ങൾ സംരക്ഷിക്കാൻ സാധിച്ചു.
- ഭക്ഷണം തേടി അലഞ്ഞുതിരിയേണ്ടി വന്നില്ല.
- ഭക്ഷ്യവസ്തുക്കളുടെ ലഭ്യത വർധിച്ചു.
- കൂടുതൽ വിശ്രമസമയം കിട്ടി.
-



ആദിമ മനുഷ്യർക്ക് സ്ഥിരവാസമുറപ്പിക്കാൻ നദീതടങ്ങൾ എങ്ങനെയെല്ലാം സഹായകമായിട്ടുണ്ടാകാം? ചർച്ചചെയ്യൂ.

ഭക്ഷ്യവസ്തുക്കളുടെ സംഭരണം

ആദിമമനുഷ്യർ അന്നന്നേക്ക് ആവശ്യമായ ഭക്ഷണം മാത്രമാണ് ശേഖരിച്ചിരുന്നത്. എന്നാൽ, കൃഷി പുരോഗതി പ്രാപിച്ചതോടെ മനുഷ്യർക്ക് ആവശ്യമായതിൽ അധികം ഭക്ഷ്യവസ്തുക്കൾ ലഭിച്ചു. ദൈനംദിന ആവശ്യം കഴിഞ്ഞ് ബാക്കിയായവ സൂക്ഷിച്ചുവയ്ക്കുന്നതിന് പ്രത്യേകം സൗകര്യങ്ങൾ ആവശ്യമായി വന്നു. ബാക്കിയായ ഭക്ഷ്യവസ്തുക്കൾ എന്തിലൊക്കെയായിരിക്കും അവർ സൂക്ഷിച്ചിട്ടുണ്ടാവുക?



ആദ്യകാല കാർഷികോപകരണങ്ങൾ

കമ്പ്, കല്ല്, കൊമ്പ്, എല്ല് എന്നിവയായിരുന്നു മനുഷ്യരുടെ ആദ്യകാല കാർഷികോപകരണങ്ങൾ. മണ്ണിളക്കി വിത്ത് കുഴിച്ചിടാൻ ഈ ഉപകരണങ്ങൾ സഹായകമായി.

- മൺപാത്രങ്ങൾ
- മൃഗത്തോൽ കൊണ്ട് നിർമ്മിച്ച സഞ്ചികൾ
- ഈറ കൊണ്ട് നിർമ്മിച്ച കുട്ടകൾ
-
-
-



വെള്ളത്തിലിട്ടാൽ അലിഞ്ഞുപോകുന്നതാണല്ലോ മൺകട്ട. എന്നാൽ, മണ്ണ് കുഴച്ച് പാത്രങ്ങളായി രൂപപ്പെടുത്തി ചുട്ടെടുത്താൽ വെള്ളം ശേഖരിക്കാമെന്നും ചൂടാക്കാമെന്നും മനുഷ്യർ മനസ്സിലാക്കി. ആദ്യകാലങ്ങളിൽ കളിമണ്ണ് കുഴച്ച് കൈകൾ കൊണ്ടാണ് മൺപാത്രങ്ങൾ നിർമ്മിച്ചിരുന്നത്. കൃഷി വ്യാപകമായതോടെ ധാന്യങ്ങൾ സൂക്ഷിച്ചുവയ്ക്കാൻ പല വലിപ്പത്തിലുള്ള മൺപാത്രങ്ങൾ ആവശ്യമായി വന്നു. മൺപാത്രങ്ങൾ ആഹാരം പാചകം ചെയ്യുന്നതിനും ഉപയോഗിച്ചിരുന്നു. അവ നിർമ്മിക്കാനുള്ള ചക്രം കണ്ടുപിടിച്ചത് മനുഷ്യചരിത്രത്തിലെ പ്രധാന വഴിത്തിരിവായിരുന്നു. ഇത് മൺപാത്രനിർമ്മാണം വ്യാപകമാകുന്നതിന് കാരണമായി. ഭക്ഷ്യധാന്യങ്ങൾ സംഭരിച്ച് സൂക്ഷിക്കുന്നതിനായി പ്രാചീനകാലത്ത് ധാന്യപ്പുരകൾ നിർമ്മിച്ചിരുന്നതിന് തെളിവുകൾ ലഭിച്ചിട്ടുണ്ട്.

ധാന്യപ്പുര (Granary)

പ്രാചീന ഇന്ത്യയിൽ നിലനിന്നിരുന്ന നദീതട സംസ്കാരമായിരുന്നു സിന്ധു നദീതട സംസ്കാരം അഥവാ ഹരപ്പൻ സംസ്കാരം. ഇവിടത്തെ ഏറ്റവും പ്രധാന സവിശേഷതകളിലൊന്നാണ് ധാന്യപ്പുര. അവ ഇഷ്ടിക കൊണ്ട് കെട്ടിയുണ്ടാക്കിയതായിരുന്നു. വിദൂരഗ്രാമങ്ങളിൽ നിന്ന് ധാന്യങ്ങൾ കൊണ്ടുവന്ന് ഈ ധാന്യപ്പുരകളിൽ സൂക്ഷിച്ചുവച്ചിരുന്നു.



നമ്മുടെ നാട്ടിൽ ധാന്യങ്ങൾ സംഭരിച്ച് വയ്ക്കുന്നതിനായി ഭരണികൾ, പത്തായങ്ങൾ എന്നിവ ഉപയോഗിച്ചിരുന്നു. ഇവയ്ക്കു പുറമേ മറ്റ് ഏതെല്ലാം ഭക്ഷണ സംഭരണ മാർഗങ്ങൾ അന്നത്തെ മനുഷ്യർ സ്വീകരിച്ചിരുന്നിരിക്കാം? അവയെക്കുറിച്ച് മുതിർന്നവരോട് ചോദിച്ചറിയൂ.

ആഹാരം പാകം ചെയ്യുന്നതിനും സംഭരിക്കുന്നതിനും ഏതൊക്കെ പാത്രങ്ങളാണ് നിങ്ങളുടെ വീട്ടിൽ ഉപയോഗിക്കുന്നത്?



ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം

ആദിമമനുഷ്യർ ആവശ്യത്തിലധികം വന്ന ഭക്ഷ്യവസ്തുക്കൾ പിൽക്കാല ഉപയോഗത്തിനായി സൂക്ഷിച്ചുവയ്ക്കുക മാത്രമാണോ ചെയ്തിരുന്നത്?

അധികം വന്ന ഭക്ഷ്യവസ്തുക്കൾ പിന്നീടുള്ള ഉപയോഗത്തിനായി സംഭരിക്കുക മാത്രമല്ല, അവ ആവശ്യക്കാർക്ക് കൈമാറ്റം നടത്തുകയും ചെയ്തിരുന്നു.

അന്ന് എങ്ങനെയായിരിക്കാം ഇത്തരം കൈമാറ്റങ്ങൾ നടന്നിട്ടുണ്ടാവുക?

തനിക്ക് ആവശ്യമുള്ള വസ്തുക്കൾ നേടുന്നതിനായി ഓരോരുത്തരും സംഭരിച്ചിരുന്ന വസ്തുക്കൾ മറ്റുള്ളവർക്ക് കൈമാറിയിരുന്നു.

ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം ദക്ഷിണേന്ത്യയിൽ





ഏകദേശം 1500 വർഷങ്ങൾക്ക് മുമ്പ് ദക്ഷിണേന്ത്യയിൽ ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം നിലനിന്നിരുന്നതായി സംഘകാലകൃതികളിൽ സൂചിപ്പിച്ചിട്ടുണ്ട്. ഓരോ പ്രദേശത്തുള്ളവരും മറ്റ് പ്രദേശങ്ങളിലുള്ളവർക്ക് അവർ സമാഹരിച്ച ഭക്ഷ്യവസ്തുക്കൾ കൈമാറുകയും അവരിൽ നിന്ന് തങ്ങൾക്കാവശ്യമുള്ളവ സ്വീകരിക്കുകയും ചെയ്തിരുന്നു. കടൽത്തീരത്ത് താമസിച്ചിരുന്നവർ മറ്റ് പ്രദേശങ്ങളിലുള്ളവർക്ക് ഉണക്ക മത്സ്യവും ഉപ്പും കൈമാറി. പകരം മറ്റുള്ളവരിൽ നിന്ന് മറ്റ് ഭക്ഷ്യവസ്തുക്കളും വനവിഭവങ്ങളും സ്വീകരിച്ചിരുന്നു. വനപ്രദേശങ്ങളിലുള്ളവർ ഇതരപ്രദേശങ്ങളിലുള്ളവർക്ക് വനവിഭവങ്ങൾ കൈമാറി. സമതലങ്ങളിൽ താമസിച്ചിരുന്നവർ തങ്ങളുടെ കാർഷികോൽപന്നങ്ങൾ ഇതര പ്രദേശങ്ങളിലുള്ളവർക്ക് കൈമാറുകയും ചെയ്തിരുന്നു.

കൈമാറ്റ സമ്പ്രദായം

നാണയവ്യവസ്ഥ നിലവിൽ വരുന്നതിന് മുമ്പ് സാധനങ്ങൾ പരസ്പരം കൈമാറ്റം ചെയ്യുന്ന രീതിയാണ് ഉണ്ടായിരുന്നത്. ഈ കൈമാറ്റരീതിയാണ് 'ബാർട്ടർ സമ്പ്രദായം' എന്നറിയപ്പെടുന്നത്.


ഇത്തരം കൈമാറ്റങ്ങൾ സമൂഹത്തിൽ നിരവധി മാറ്റങ്ങൾക്ക് ഇടയാക്കി. സാധനങ്ങളുടെ കൈമാറ്റം കച്ചവടത്തിലേക്ക് നയിച്ചു. അതുവഴി ചന്തകൾ രൂപംകൊണ്ടു. ചന്തകൾ ക്രമേണ കച്ചവടകേന്ദ്രങ്ങളായി വികസിച്ചു. സാധനങ്ങൾ വാങ്ങുന്നതിനും വിൽക്കുന്നതിനുമായി ജനങ്ങൾ കച്ചവടകേന്ദ്രങ്ങളിൽ എത്തുകയും അവ ക്രമേണ നഗരങ്ങളായി മാറുകയും ചെയ്തു.



ആദ്യകാലങ്ങളിൽ കേരളത്തിലെ ജനങ്ങൾ ഭക്ഷ്യവസ്തുക്കൾ ശേഖരിക്കുന്നതിനും വിദൂര സ്ഥലങ്ങളിലേക്ക് കൊണ്ടുപോകുന്നതിനും കൈമാറ്റം ചെയ്യുന്നതിനും എന്തെല്ലാം വസ്തുക്കളും മാർഗങ്ങളുമായിരിക്കാം ഉപയോഗപ്പെടുത്തിയിട്ടുണ്ടാവുക? ചർച്ച ചെയ്യൂ.



നഗരങ്ങളുടെ രൂപീകരണത്തെ സൂചിപ്പിക്കുന്ന ഫ്ലോചാർട്ട് പൂർത്തിയാക്കുക.



'സാധനങ്ങളുടെ കൈമാറ്റവും നഗരങ്ങളുടെ വളർച്ചയും' എന്ന വിഷയത്തെ ആസ്പദമാക്കി ചർച്ചചെയ്ത് കൊളാഷ് നിർമ്മിച്ച് ക്ലാസ്സിൽ പ്രദർശിപ്പിക്കൂ.

ദേശങ്ങൾ കടന്നും ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം



ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റം ഒരു പ്രദേശത്ത് മാത്രമായി ഒതുങ്ങിനിന്നിരുന്നില്ല. ദേശങ്ങൾ കടന്നും ഈ കൈമാറ്റം വ്യാപിച്ചിരുന്നു.

പ്രാചീനകാലം മുതൽ തന്നെ നമ്മുടെ നാടിന് വിദൂരദേശങ്ങളുമായി സാധനങ്ങളുടെ കൈമാറ്റമുണ്ടായിരുന്നു. റോമാക്കാർ, ചൈനാക്കാർ, അറബികൾ, പേർഷ്യക്കാർ, ജൂതർ എന്നിവരുമായാണ് പ്രധാനമായും കൈമാറ്റം നിലനിന്നിരുന്നത്.

ചിത്രത്തിൽ കാണുന്ന സുഗന്ധവ്യഞ്ജനങ്ങൾ തിരിച്ചറിഞ്ഞ് അവ ഓരോന്നിനേയും കുറിച്ച് ലഘുകുറിപ്പ് തയ്യാറാക്കുക.








ഇന്ത്യയിൽ നിന്നും മറ്റ് ദേശങ്ങളിലേക്ക് പ്രധാനമായും കൈമാറ്റം ചെയ്യപ്പെട്ടത് കുരുമുളക്, ഏലം, ഇഞ്ചി, ഗ്രാമ്പൂ, കറുവപ്പട്ട തുടങ്ങിയ സുഗന്ധവ്യഞ്ജനങ്ങൾ ആയിരുന്നു. ഇവയിൽ വിദേശികൾക്ക് ഏറ്റവും പ്രിയപ്പെട്ടത് 'കറുത്തപൊന്ന്' എന്നറിയപ്പെടുന്ന കുരുമുളക് ആയിരുന്നു.

ഇന്ത്യയിലെത്തിയ പോർച്ചുഗീസ് സഞ്ചാരിയായ വാസ്കോ ഡ ഗാമ തിരികെ യൂറോപ്പിലേക്ക് പോയപ്പോൾ യാത്രാചെലവിന്റെ അറുപതിരട്ടി വിലയുടെ ചരക്കുകൾ കൊണ്ടുപോയിരുന്നതായി ചരിത്രരേഖകളിൽ പറയുന്നു.



വാസ്കോ ഡ ഗാമ

നിങ്ങളുടെ നാട്ടിൽ ഇപ്പോൾ കൃഷി ചെയ്യുന്ന സുഗന്ധവ്യഞ്ജനങ്ങൾ ഏതെല്ലാമെന്ന് അന്വേഷിച്ച് കണ്ടെത്തൂ.

കച്ചവടത്തിന്റെ വ്യാപനമാണ്, പിൽക്കാലത്ത് വിദൂരദേശങ്ങൾ തമ്മിലുള്ള ഭക്ഷ്യ വസ്തുക്കളുടെ കൈമാറ്റത്തിലേക്ക് നയിച്ചത്. ഇത്തരം കൈമാറ്റങ്ങളുടെ ഫലമായി ഇന്ത്യയിൽ പ്രചാരത്തിൽ വന്ന ചില ഭക്ഷ്യവിഭവങ്ങളുടെ ചിത്രങ്ങളാണ് ചുവടെ നൽകിയിരിക്കുന്നത്.



പേരയ്ക്ക



പപ്പായ



കൈതച്ചക്ക



കശുവണ്ടി



മരച്ചീനി



ഉരുളക്കിഴങ്ങ്

ചിത്രത്തിൽ കാണുന്ന എല്ലാ ഭക്ഷ്യവിഭവങ്ങളും നിങ്ങൾക്ക് പരിചിതമല്ലേ? ഈ ഭക്ഷ്യവിഭവങ്ങളുടെ ഉദ്ഭവം നമ്മുടെ നാട്ടിൽ തന്നെയാണോ? അന്വേഷിക്കൂ.



തിരിച്ചറിയൽ കാർഡ് നിർമിക്കാം.

പേരയ്ക്ക

ജന്മദേശം : മെക്സിക്കോ



"ഉഷ്ണമേഖലയിലെ ആപ്പിൾ"

പോർച്ചുഗീസുകാരാണ് ഇന്ത്യയിലെത്തിച്ചത്.

വിറ്റാമിൻ എ, ബി, സി

തുടങ്ങിയവ അടങ്ങിയിട്ടുണ്ട്.

.....

.....

.....

.....



ഇത് പോലെ മറ്റ് ഭക്ഷ്യവിഭവങ്ങളുടെ ജന്മദേശം കണ്ടെത്തി തിരിച്ചറിയൽ കാർഡ് തയ്യാറാക്കൂ. നിങ്ങൾ തയ്യാറാക്കിയ തിരിച്ചറിയൽ കാർഡുകൾ ക്ലാസിൽ പ്രദർശിപ്പിക്കൂ.

ഭക്ഷ്യവിഭവങ്ങളുടെ കൈമാറ്റം ഇപ്പോഴും തുടരുന്നുണ്ട്. കച്ചവടത്തിന് പുറമേ തൊഴിൽ തേടിയും വിദ്യാഭ്യാസത്തിനും വിനോദത്തിനും മറ്റുമായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് മനുഷ്യർ ഇന്നും സഞ്ചരിച്ചുകൊണ്ടിരിക്കുന്നത് ഈ വിനിമയം കൂടുതൽ വ്യാപകമാക്കുന്നു.

കച്ചവടത്തിന്റെ വ്യാപനം വിദൂരദേശങ്ങൾ തമ്മിലുള്ള ഭക്ഷ്യവസ്തുക്കളുടെ കൈമാറ്റത്തിലേക്ക് നയിച്ചതെങ്ങനെ?

നാം കഴിക്കുന്ന പല പഴവർഗങ്ങളും മറ്റുഭക്ഷ്യവസ്തുക്കളും പല രാജ്യങ്ങളിൽ നിന്നും ഇവിടേക്ക് എത്തിച്ചേർന്നതാണെന്ന് നിങ്ങൾ കണ്ടല്ലോ. ഇതു പോലെതന്നെ, മറ്റുരാജ്യങ്ങളിൽ നിന്ന് ഇവിടെ എത്തിച്ചേർന്ന് നമുക്കിടയിൽ പ്രചരിച്ച ഭക്ഷ്യവിഭവങ്ങളുടെ ഒരു പട്ടിക തയ്യാറാക്കുക. അവയുടെ ജന്മദേശങ്ങൾ കൂടി കണ്ടെത്തുമല്ലോ.

ഭക്ഷണവും അസമത്വവും

ഭക്ഷണവുമായി ബന്ധപ്പെട്ട് നമ്മുടെ നാട്ടിൽ പലതരത്തിലുള്ള അസമത്വങ്ങളും നിലനിന്നിരുന്നു. സാമൂഹികമായ അസമത്വങ്ങൾ എല്ലാ വിഭാഗം ജനങ്ങളും ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിൽ തടസ്സമുണ്ടാക്കി. ഈ വിവേചനത്തിനെതിരെ സാമൂഹികപരിഷ്കർത്താവായ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ എറണാകുളത്തെ ചെറായിയിൽ മിശ്രഭോജനം നടത്തുകയുണ്ടായി.

മിശ്രഭോജനം

1917 മെയ് 29 നാണ് വിവിധ ജാതിക്കാരെ ഒന്നിച്ചിരുത്തി സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ എറണാകുളം ജില്ലയിലെ ചെറായിയിൽ മിശ്രഭോജനം സംഘടിപ്പിച്ചത്. എല്ലാ വിഭാഗം ജനങ്ങൾക്കും ഒന്നിച്ചിരുന്ന് ഭക്ഷണം കഴിക്കുന്നതിനുള്ള അവകാശം നിഷേധിക്കപ്പെട്ടതിനെതിരെയാണ് ഈ സമരം നടത്തിയത്. മിശ്രഭോജനത്തിന് നേതൃത്വം കൊടുത്തതിനാൽ ശക്തമായ എതിർപ്പ് സഹോദരൻ അയ്യപ്പന് നേരിടേണ്ടതായി വന്നു. കേരളത്തിൽ നിലനിന്നിരുന്ന സാമൂഹികമായ അസമത്വത്തെയാണ് ഇത് വെളിവാക്കുന്നത്. ജാതി വ്യവസ്ഥയാണ് ഈ അസമത്വത്തിന് കാരണമായത്.


സഹോദരൻ അയ്യപ്പൻ

ഭക്ഷണവുമായി ബന്ധപ്പെട്ട ജാതിവിവേചനം ഇന്നും നമ്മുടെ നാട്ടിൽ നിലനിൽക്കുന്നുണ്ടോ?


ഇത്തരത്തിലുള്ള വിവേചനങ്ങൾ നമ്മുടെ രാജ്യത്ത് നിയമത്തിലൂടെ നിരോധിച്ചിട്ടുണ്ട്.

സാമൂഹികമായ വിവേചനം മാത്രമല്ല, സാമ്പത്തികമായ വിവേചനവും ഭക്ഷണരംഗത്തെ സമത്വത്തിന് വെല്ലുവിളിയാകുന്നു.

'ഭക്ഷണത്തിലെ അസമത്വങ്ങൾ' എന്ന വിഷയത്തെക്കുറിച്ച് ഒരു കുറിപ്പ് തയ്യാറാക്കുക.

പട്ടിണിയുടെ നേർക്കാഴ്ചകൾ

ഈ വാർത്താ തലക്കെട്ടുകൾ ശ്രദ്ധിക്കൂ.



എന്തെല്ലാം വിവരങ്ങളാണ് ഈ വാർത്തകളിൽ നിന്ന് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയുന്നത്?

- ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇന്നും പട്ടിണി നിലനിൽക്കുന്നുണ്ട്.
-
-
-

ആരോഗ്യം സംരക്ഷിക്കുന്നതിന് ആവശ്യമായ ഭക്ഷണം എല്ലാ മനുഷ്യരുടെയും അവകാശമാണ്. എന്നാൽ ജീവൻ നിലനിർത്താൻ ഒരു നേരത്തെ ഭക്ഷണം പോലും കിട്ടാതെ ആയിരങ്ങൾ ലോകത്തിന്റെ പലയിടങ്ങളിലുമുണ്ട്. കാലാവസ്ഥയിലുണ്ടാകുന്ന മാറ്റങ്ങൾ, യുദ്ധം, തൊഴിലില്ലായ്മ തുടങ്ങിയവ ദാരിദ്ര്യത്തിനും പട്ടിണിക്കും കാരണമാകുന്നുണ്ട്.

ബംഗാളിലെ ഭക്ഷ്യക്ഷാമം



ബംഗാളിലെ ക്ഷാമപ്രദേശത്തെ ജനങ്ങൾ ഭക്ഷണത്തിനായി കാത്തിരിക്കുന്ന ദൃശ്യം

ബ്രിട്ടീഷ് ഭരണകാലത്തെ അമിതമായ സാമ്പത്തികചൂഷണം ഇന്ത്യയിൽ ഭക്ഷ്യക്ഷാമത്തിന് കാരണമാവുകയും, തൽഫലമായി നിരവധിപേർ മരണപ്പെടുകയും ചെയ്തു. ഇതിനൊരു ഉദാഹരണമാണ് 1943ൽ ബംഗാളിൽ ഉണ്ടായ ഭക്ഷ്യക്ഷാമം. ബംഗാളിലെ ജനങ്ങളുടെ പ്രധാന ഉപജീവനമാർഗം കൃഷിയായിരുന്നു. ബംഗാൾ തീരത്തുണ്ടായ ശക്തമായ കൊടുങ്കാറ്റിന്റെ ഫലമായി അവിടത്തെ നെൽകൃഷി വ്യാപകമായി നശിച്ചു. ഇതിനെത്തുടർന്ന് ബംഗാളിൽ ഭക്ഷ്യക്ഷാമമുണ്ടായി. ഈ ക്ഷാമകാലത്ത് ഏകദേശം 30 ലക്ഷം പേർ പട്ടിണിമൂലം മരണപ്പെട്ടു.

സമ്പത്തിന്റെ വിതരണത്തിലുള്ള അസമത്വമാണ് പട്ടിണിക്ക് മറ്റൊരു കാരണം. എല്ലാവർക്കും തുല്യമായല്ല സമ്പത്ത് വിതരണം ചെയ്യുന്നത്. അതിനാൽ, ചിലർ യഥേഷ്ടം ഭക്ഷണം കഴിക്കുമ്പോൾ മറ്റ് ചിലർക്ക് പട്ടിണി കിടക്കേണ്ടതായിവരുന്നു.


ദാരിദ്ര്യത്തിനും പട്ടിണിക്കും എതിരെയുള്ള പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുകയും എല്ലാവർക്കും ഭക്ഷണം ഉറപ്പാക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഓരോ വർഷവും ഒക്ടോബർ 16 ലോക ഭക്ഷ്യദിനമായി ആചരിച്ചുവരുന്നു. ദാരിദ്ര്യനിർമ്മാർജ്ജനത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി മാതൃകയായ സംസ്ഥാനമാണ് കേരളം. ദാരിദ്ര്യനിർമ്മാർജനത്തിനായി കേരളസർക്കാർ രൂപംകൊടുത്തിട്ടുള്ള പദ്ധതിയായ കുടുംബശ്രീ മിഷൻ ഇതിനുദാഹരണമാണ്.

ദേശീയ ഭക്ഷ്യസുരക്ഷാ നിയമം (National Food Security Act) 2013

ഇന്ത്യയിൽ ദേശീയ ഭക്ഷ്യസുരക്ഷാ നിയമം 2013 ൽ നിലവിൽ വന്നു. എല്ലാവർക്കും ഭക്ഷ്യസുരക്ഷ ഉറപ്പാക്കുക' എന്നതാണ് ഈ നിയമത്തിന്റെ ലക്ഷ്യം. ഈ ലക്ഷ്യം മുൻനിർത്തി പ്രവർത്തിക്കുന്ന ശക്തമായ ഒരു പൊതുവിതരണ സംവിധാനം നമ്മുടെ രാജ്യത്ത് നിലവിലുണ്ട്.

ഭക്ഷ്യദിനസന്ദേശം അടങ്ങുന്ന പ്ലക്കാർഡുകൾ നിർമ്മിച്ച് വിദ്യാലയത്തിൽ ഭക്ഷ്യദിനറാലി സംഘടിപ്പിക്കു.





പട്ടിണിയില്ലാത്ത ലോകം സൃഷ്ടിക്കുന്നതിൽ നമുക്ക് ഓരോരുത്തർക്കും എന്തെല്ലാം ചെയ്യാൻ കഴിയും? ചർച്ചചെയ്യു.

ഭക്ഷണവും ആരോഗ്യവും

മനുഷ്യരുടെ ജീവൻ നിലനിർത്തുന്ന അടിസ്ഥാന ആവശ്യങ്ങളിലൊന്നാണല്ലോ ഭക്ഷണം. ആരോഗ്യം നിലനിർത്തുന്നതിൽ ഭക്ഷണത്തിന് സുപ്രധാന പങ്കുണ്ട്. പോഷകസമൃദ്ധമായ ഭക്ഷണം കഴിക്കുന്നതിലൂടെ നമ്മുടെ ശാരീരികവും മാനസികവുമായ ആരോഗ്യം നിലനിർത്താൻ സാധിക്കുന്നു. എന്നാൽ, അനാരോഗ്യകരമായ ഭക്ഷണശീലം പല ജീവിതശൈലീരോഗങ്ങൾക്കും കാരണമാകുന്നുണ്ട്.

2023 അന്താരാഷ്ട്ര ചെറുധാന്യ വർഷം

ഐക്യരാഷ്ട്ര സംഘടനയുടെ നിർദേശപ്രകാരം 2023 അന്താരാഷ്ട്ര ചെറുധാന്യ വർഷമായി തിരഞ്ഞെടുക്കപ്പെട്ടു. **ചെറുധാന്യങ്ങളുടെ ഉൽപാദനവും ഉപഭോഗവും പ്രോത്സാഹിപ്പിക്കുക** എന്നതാണ് അന്താരാഷ്ട്ര ചെറുധാന്യ വർഷാചരണത്തിന്റെ പ്രധാന ലക്ഷ്യം. പുല്ലുവർഗത്തിൽപ്പെടുന്ന ധാന്യവിളകളാണ് ചെറുധാന്യങ്ങൾ. ജോവർ, റാഗി, വരക്, തിന തുടങ്ങിയവ ചെറുധാന്യങ്ങളിൽ ഉൾപ്പെടുന്നു. ഹൃദയസംബന്ധമായ പ്രശ്നങ്ങളെയും മറ്റ് ജീവിതശൈലീ രോഗങ്ങളെയും നിയന്ത്രിക്കാൻ ചെറുധാന്യങ്ങൾക്ക് കഴിയും. അതിനാൽ പോഷകസമൃദ്ധമായ ചെറുധാന്യങ്ങൾ നമ്മുടെ ഭക്ഷണത്തിൽ നിത്യേന ഉൾപ്പെടുത്തണം.


റാഗി


മണിച്ചോളം (ജോവർ)


ബാർളി


വരക്


ബജ്റ


തിന

'അനാരോഗ്യകരമായ ഭക്ഷണശീലവും ജീവിതശൈലീ രോഗങ്ങളും' എന്ന വിഷയത്തിൽ കുറിപ്പ് തയ്യാറാക്കുക.

ഭക്ഷ്യവസ്തുക്കളുടെ ലഭ്യത എല്ലാ പൗരരുടെയും നിയമപരമായ അവകാശമാണ്. നമുക്ക് ലഭിക്കുന്ന ഭക്ഷണം കരുതലോടെ ഉപയോഗിക്കണം. ഭക്ഷണം പാഴാക്കുന്നത് ഒരു നേരത്തെ ഭക്ഷണം പോലും ലഭിക്കാത്തവരോട് നാം ചെയ്യുന്ന ക്രൂരതയാണ്. മറ്റുള്ളവർക്ക് കൂടി അവകാശപ്പെട്ട ഭക്ഷണമാണ് നാം പാഴാക്കുന്നത് എന്ന തിരിച്ചറിവ് ഓരോരുത്തർക്കും ഉണ്ടാവണം.



തുടർപ്രവർത്തനങ്ങൾ

1. നിങ്ങൾ കഴിക്കുന്ന ആഹാരസാധനങ്ങൾ തന്നെയായിരിക്കുമോ നിങ്ങളുടെ വീട്ടിലെ മുതിർന്നവരും അവരുടെ കുട്ടിക്കാലത്ത് കഴിച്ചിട്ടുണ്ടാവുക? നമുക്ക് ഒരു അന്വേഷണം ആയാലോ? മുതിർന്നവരോട് ചോദിച്ച് വിവരങ്ങൾ ശേഖരിച്ച് നോട്ടുബുക്കിൽ രേഖപ്പെടുത്തുക. ശേഖരിച്ച വിവരങ്ങളുടെ അടിസ്ഥാനത്തിൽ ചിത്രങ്ങൾ കൂടി ഉൾപ്പെടുത്തി 'ഭക്ഷണരീതിയിൽ ഉണ്ടായ മാറ്റങ്ങൾ' എന്ന വിഷയത്തിൽ ഒരു കൈയെഴുത്ത് പതിപ്പ് തയ്യാറാക്കുക.
2. യുദ്ധം, വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയ മനുഷ്യനിർമ്മിതവും അല്ലാത്തതുമായ ദുരന്തങ്ങൾ ലോകത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് ഭീഷണിയാകുന്നത് എങ്ങനെ? ഒരു ചിത്രപ്രദർശനം സംഘടിപ്പിക്കുക.
3. കഴിഞ്ഞകാലങ്ങളിൽ ധാന്യസംഭരണത്തിനും ഭക്ഷണം പാകം ചെയ്യാനുമായി ഉപയോഗിച്ചിരുന്ന സംഭരണികൾ, പാത്രങ്ങൾ എന്നിവയുടെ ചിത്രങ്ങൾ ശേഖരിച്ച് വിദ്യാലയത്തിൽ ഒരു പ്രദർശനം സംഘടിപ്പിക്കുക.
4. ചെറുധാന്യങ്ങൾ ശേഖരിച്ച് ചാർട്ടിൽ ഒട്ടിച്ച് ലഘുവിവരണത്തോടെ ക്ലാസിൽ പ്രദർശിപ്പിക്കൂ. അതോടൊപ്പം ഭക്ഷ്യമേളയും വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുക.
5. നിങ്ങളുടെ സ്കൂളിലെ കൃഷിതോട്ടത്തിലെ ഭക്ഷ്യവസ്തുക്കളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കൂ.
6. നിങ്ങളുടെ പ്രദേശത്തെ കൃഷിയിടങ്ങൾ, ഭക്ഷ്യവസ്തുക്കൾ ലഭ്യമാകുന്ന മാർക്കറ്റ്, ഹോട്ടലുകൾ എന്നിവ ഉൾക്കൊള്ളുന്ന സ്കെച്ച് വരച്ച് പ്രദർശിപ്പിക്കുക.
7. 'ആരോഗ്യകരമായ ഭക്ഷണശീലം' എന്ന വിഷയത്തിൽ ആരോഗ്യപ്രവർത്തകരുമായി അഭിമുഖം സംഘടിപ്പിക്കുക.

3

തൊഴിൽ വൈവിധ്യങ്ങൾ



ദിവസേന വീട്ടിലെ പൂന്തോട്ടം കൃത്യതയോടെ നനയ്ക്കുന്നതിന് കീർത്തിയ്ക്ക് അച്ഛനും അമ്മയും മിഠായി സമ്മാനമായി നൽകുന്നു.



വീട്ടിലെ തുണികൾ കൃത്യതയോടെ മടക്കിവയ്ക്കുന്നതിന് തേജസിന്റെ അച്ഛനും അമ്മയും കഥാപുസ്തകം സമ്മാനമായി നൽകുന്നു.

മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിച്ചുവല്ലോ?

പൂന്തോട്ടം നനച്ചതിന് കീർത്തിയ്ക്ക് ലഭിച്ചത് എന്താണ്?

•

വീട്ടിലെ തുണികൾ മടക്കിവച്ചതിന് മാതാപിതാക്കൾ എങ്ങനെയാണ് തേജസിനെ അനുമോദിച്ചത്?


നിങ്ങളുടെ വീട്ടിലെ മുതിർന്നവർ ചെയ്യുന്ന ജോലിക്ക് പകരമായി എന്താണ് ലഭിക്കുന്നത് ?

വരുമാനം

ചിത്രങ്ങൾ നിരീക്ഷിക്കൂ.







വിവിധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികളുടെ ചിത്രങ്ങൾ നൽകിയിരിക്കുന്നത് നിരീക്ഷിച്ചല്ലോ? ഓരോരുത്തരും ഏതെല്ലാം പ്രവർത്തനങ്ങളിലാണ് ഏർപ്പെട്ടിരിക്കുന്നത്?

- കച്ചവടം
-
-
-
-

ഇവയിൽ ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് പ്രതിഫലമായി പണം ലഭിക്കുന്നത് ?

- അധ്യാപനം
-
-

ഏതെല്ലാം പ്രവർത്തനങ്ങൾക്കാണ് സമ്മാനം ലഭിക്കുന്നത്?

-
-
-

നമ്മൾ ചെയ്യുന്ന ചില പ്രവർത്തനങ്ങൾക്ക് സമ്മാനവും ചിലതിന് പ്രതിഫലവും ലഭിക്കുന്നു. അധ്യാപനം, കച്ചവടം, ആതുരസേവനം തുടങ്ങിയ പ്രവർത്തനങ്ങളിലൂടെ വ്യക്തികൾക്ക് പ്രതിഫലമായി പണം ലഭിക്കുന്നു. വിവിധ സാമ്പത്തിക പ്രവർത്തനങ്ങളിൽ ഏർപ്പെട്ടതിന്റെ ഭാഗമായി ഒരു വ്യക്തിക്ക് നിശ്ചിതകാലയളവിൽ ലഭിക്കുന്ന പണമാണ് വരുമാനം എന്ന് പറയുന്നത്. ഇങ്ങനെ പണം പ്രതിഫലമായി ലഭിക്കുന്ന മറ്റ് പ്രവർത്തനങ്ങൾ ഏതൊക്കെയാണെന്ന് അന്വേഷിച്ച് കണ്ടെത്തൂ.

തൊഴിൽ

ഈ കവിത ശ്രദ്ധിക്കൂ.

പഠിപ്പു തീർന്നാൽ

"ചോദ്യം:
പഠിപ്പു തീർന്നാൽ, പ്പള്ളിക്കൂടം
വിട്ടുകഴിഞ്ഞെന്നാൽ,
പറയുക പറയുക, പിന്നീടെന്തൊരു,
പണിക്കു പോകും നീ?

* * * * * *

ഉത്തരം :
ഒന്നാമൻ :
കൃഷിക്കു പോകും, കൃഷിക്കു പോകും,
കൃഷിക്കു പോകും ഞാൻ,
കൃഷിക്കു, നമ്മുടെ പിതാക്കൾ ചെയ്തൊരു
തൊഴില്ലു, പോകും ഞാൻ.

* * * * * *

രണ്ടാമൻ :
പണം മുടക്കിക്കോടികണക്കിനു
കച്ചവടത്തിനായ്,
തുനിഞ്ഞിടും ഞാൻ ; തൊഴിലിതിൽ
നല്ലതു വേറൊന്നുണ്ടാമോ?

* * * * * *

മൂന്നാമൻ :
നാട്ടിലശിക്ഷിതരായലയുന്ന
ശിശുക്കളെയെല്ലാം ഞാൻ
കൂട്ടി, മികച്ചൊരു വിദ്യാനിലയന-
മാരംഭിച്ചീടും.

* * * * * *

നാലാമൻ :
പഠിപ്പു തീർന്നാൽ പട്ടാളത്തിൽ -
പ്പോയിച്ചേരും ഞാൻ ;
പടനായകനായ്ബ് ഭാരതരാജ്യം
പരിപാലിക്കും ഞാൻ."

* * * * * *

എൻ.വി.കൃഷ്ണവാരിയർ

വിദ്യാഭ്യാസ കാലഘട്ടത്തിനു ശേഷം നാം തിരഞ്ഞെടുക്കുന്ന വിവിധ തൊഴിലുകളെക്കുറിച്ചാണ് കവി ഇവിടെ സൂചിപ്പിക്കുന്നത്. എന്തെല്ലാം തൊഴിലുകളെക്കുറിച്ചാണ് ഈ വരികളിൽ പറയുന്നത്?

- കൃഷി
-
-
-

ഭാവിയിൽ നിങ്ങൾ ചെയ്യണമെന്ന് ആഗ്രഹിക്കുന്ന തൊഴിൽ ഏതാണ്?



കായികമായ തൊഴിൽ മാത്രമാണോ മനുഷ്യർ ചെയ്യുന്നത്?

വരുമാനത്തിനായി ഒരു വ്യക്തി കായികമായോ ബൗദ്ധികമായോ ചെയ്യുന്ന പ്രവർത്തനമാണ് തൊഴിൽ. തൊഴിലിന് പ്രതിഫലം കൂലിയായോ ശമ്പളമായോ ലഭിക്കുന്നു. വ്യക്തികളുടെ പ്രധാന വരുമാനമാർഗമാണ് തൊഴിൽ.



കൂലിയും ശമ്പളവും

കരാർ പ്രകാരം, സേവനങ്ങൾ നിർവഹിച്ചതിന് തൊഴിലുടമ തൊഴിലാളിക്ക് നൽകുന്ന പ്രതിഫലമാണ് കൂലി. മണിക്കൂറുകളുടെയോ ദിവസത്തിന്റെയോ അടിസ്ഥാനത്തിലാണ് കൂലി നിശ്ചയിക്കപ്പെട്ട് നൽകുന്നത്. എന്നാൽ, പ്രതിമാസ അടിസ്ഥാനത്തിൽ ജീവനക്കാർ നിർവഹിക്കുന്ന ജോലിക്ക് തൊഴിലുടമ നൽകുന്ന പ്രതിഫലമാണ് ശമ്പളം.



നിങ്ങളുടെ വീട്ടിൽ ആരൊക്കെയാണ് വരുമാനം ലഭിക്കുന്ന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്?



നിങ്ങളുടെ കുടുംബാംഗങ്ങളുടെ തൊഴിലുകൾ പട്ടികപ്പെടുത്തുക.

കുടുംബാംഗങ്ങൾ	തൊഴിൽ
•	
•	
•	

വരുമാന സ്രോതസ്സുകൾ

നമുക്കു ചുറ്റുമുള്ള ആളുകൾ വരുമാനം നേടുന്നത് വിവിധതരം തൊഴിലുകളിലൂടെ ആണല്ലോ. കൃഷി, ബിസിനസ്സ്, ബാങ്ക് നിക്ഷേപങ്ങൾ, ആസ്തികൾ എന്നിവയിൽ നിന്നും വരുമാനം ലഭിക്കുന്നുണ്ട്. ഇത്തരത്തിൽ വരുമാനം ലഭിക്കുന്ന അധ്വാനമോ വസ്തുവകകളോ ആണ് വരുമാന സ്രോതസ്സുകൾ.




ആസ്തികൾ

വിവിധ രൂപത്തിലുള്ള ധനവിഭവങ്ങളാണ് ആസ്തികൾ എന്നറിയപ്പെടുന്നത്. കെട്ടിടങ്ങൾ, വസ്തുവകകൾ തുടങ്ങിയവ ആസ്തികൾക്ക് ഉദാഹരണങ്ങളാണ്.



വിവിധ വരുമാന സ്രോതസ്സുകൾ ചിത്രീകരിച്ചിരിക്കുന്ന ഡയഗ്രം പൂർത്തിയാക്കൂ.



വിവിധ സ്രോതസ്സുകളിൽ നിന്ന് ലഭിക്കുന്ന വരുമാനം പട്ടികപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ.

വരുമാന സ്രോതസ്സുകൾ	വരുമാനം
കൃഷി	വിള
തൊഴിൽ	കൂലി/ശമ്പളം
ബിസിനസ്	ലാഭം
ബാങ്ക് നിക്ഷേപം	പലിശ
ആസ്തികൾ	വാടക/പാട്ടം
ഓഹരി നിക്ഷേപങ്ങൾ	ലാഭവിഹിതം



നിങ്ങളുടെ കുടുംബത്തിലെ വിവിധ വരുമാന സ്രോതസ്സുകളെക്കുറിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

വ്യക്തിഗതവരുമാനവും കുടുംബവരുമാനവും

വരുമാന സ്രോതസ്സുകൾ വ്യത്യസ്തമായിരിക്കുന്നതുപോലെ അവയിൽ നിന്ന് ലഭിക്കുന്ന വരുമാനവും വ്യത്യസ്തമായിരിക്കും. ഒരു വ്യക്തിക്കുതന്നെ വിവിധസ്രോതസ്സുകളിൽ നിന്ന് വരുമാനം നേടാൻ കഴിയും. ഉദാഹരണത്തിന്, കൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തിക്ക് തന്റെ ബാങ്ക് നിക്ഷേപത്തിൽനിന്ന് ലഭ്യമാകുന്ന പലിശയും കൃഷി അനുബന്ധ ബിസിനസ്സിൽ നിന്നും കിട്ടുന്ന ലാഭവും ആ വ്യക്തിയുടെ വരുമാനമാണ്. ഇത്തരത്തിൽ തൊഴിലുകളിലൂടെയും തൊഴിലിതര മാർഗങ്ങളിലൂടെയും ഒരു വ്യക്തിക്ക് വരുമാനം ലഭിക്കുന്നു. ഒരു വ്യക്തിക്ക് വിവിധ വരുമാന സ്രോതസ്സുകളിൽ നിന്ന് ഒരു നിശ്ചിത കാലയളവിൽ ലഭിക്കുന്ന ആകെ വരുമാനമാണ് വ്യക്തിഗതവരുമാനമെന്ന് പറയുന്നത്. നിങ്ങളുടെ കുടുംബത്തിന്റെ വിവിധ വരുമാന സ്രോതസ്സുകളെക്കുറിച്ച് ചർച്ചചെയ്തല്ലോ? ഇത്തരത്തിൽ ഒരു കുടുംബത്തിലെ അംഗങ്ങൾക്കെല്ലാംകൂടി ഒരു നിശ്ചിതകാലയളവിൽ ലഭിക്കുന്ന ആകെ വരുമാനമാണ് കുടുംബവരുമാനം.



നിങ്ങളുടെ ചുറ്റുപാടും നിരീക്ഷിച്ച് വ്യത്യസ്തമായ വരുമാന സ്രോതസ്സുകളും അവയിൽ നിന്നുള്ള വരുമാനവും പട്ടികപ്പെടുത്തൂ.


തൊഴിലുകൾ വിവിധതരം

ചിത്രങ്ങൾ നിരീക്ഷിക്കൂ.













മുകളിൽ നൽകിയിട്ടുള്ള ചിത്രങ്ങൾ ശ്രദ്ധിക്കൂ.

ഏതെല്ലാം തൊഴിലുകളാണ് ചിത്രത്തിൽ കാണുന്നത്?

- അധ്യാപനം
-
-
-
-
-

കാർഷിക തൊഴിലുകൾ

പ്രകൃതിവിഭവങ്ങൾ ഉപയോഗപ്പെടുത്തി ഭക്ഷ്യവസ്തുക്കളുടെയും നാരുകളുടെയും ഉൽപാദനത്തിനായി സസ്യങ്ങൾ വളർത്തുന്നത്, കന്നുകാലി വളർത്തൽ, മത്സ്യകൃഷി തുടങ്ങിയവ കാർഷിക തൊഴിലുകളാണ്. ഇന്ത്യയുടെ സമ്പദ്‌വ്യവസ്ഥയിൽ കൃഷി ഒരു പ്രധാന പങ്കുവഹിക്കുന്നു.

ഇന്ത്യയിലെ മൊത്തം തൊഴിലാളികളിൽ 46.5 ശതമാനം പേർ കൃഷിയിലും അനുബന്ധ പ്രവർത്തനങ്ങളിലും ഏർപ്പെട്ടിരിക്കുന്നു. (ഇക്കണോമിക് റിവ്യൂ : 2022 - 23)

കാർഷികേതര തൊഴിലുകൾ

കാർഷിക തൊഴിലുകളിൽ ഉൾപ്പെടാത്ത എല്ലാവിധ തൊഴിലുകളെയും കാർഷികേതര തൊഴിലായി പരിഗണിക്കാം. വ്യാവസായികാടിസ്ഥാനത്തിൽ ഉൽപന്നങ്ങൾ നിർമ്മിക്കുന്ന തൊഴിലുകളും വിവിധതരം സേവനങ്ങളും കാർഷികേതര തൊഴിലുകളാണ്. വസ്തുനിർമ്മാണം, കെട്ടിടനിർമ്മാണം, ബിസിനസ്, ബാങ്കിങ്, അധ്യാപനം, ഗതാഗതം, ഫാക്ടറി തൊഴിലുകൾ തുടങ്ങിയവ കാർഷികേതര തൊഴിലുകൾക്ക് ഉദാഹരണങ്ങളാണ്.

നിങ്ങളുടെ വിദ്യാലയത്തിൽ കാർഷിക ക്ലബിന്റെ കീഴിൽ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്? കുറിപ്പ് തയ്യാറാക്കുക.



നിങ്ങളുടെ ചുറ്റുപാടുകളിൽ കാണുന്ന തൊഴിലുകളെ കാർഷിക തൊഴിലുകളെന്നും കാർഷികേതര തൊഴിലുകളെന്നും തരംതിരിച്ച് താഴെക്കൊടുത്തിരിക്കുന്ന പട്ടിക പൂർത്തീകരിക്കുക.

കാർഷിക തൊഴിലുകൾ	കാർഷികേതര തൊഴിലുകൾ
• നെൽ കൃഷി	• കച്ചവടം
• മത്സ്യകൃഷി	• കെട്ടിടനിർമ്മാണം
•	•
•	•
•	•

സ്വയം തൊഴിൽ



സിബിയുടെ മാതാപിതാക്കൾ 'സ്റ്റാർ പിക്കിൾസ്' എന്ന പേരിൽ അച്ചാർ യൂണിറ്റ് നടത്തിവരുകയാണ്. സ്വന്തമായി തൊഴിൽ ഇല്ലാതിരുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സഹായത്തോടുകൂടി തുടങ്ങിയ ഈ തൊഴിൽ സംരംഭം ലാഭകരമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നു. സിബിയുടെ കുടുംബത്തിന്റെ വരുമാനമാർഗം എന്നതിനൊപ്പം പത്തോളം കുടുംബങ്ങൾക്ക് ഈ സംരംഭത്തിലൂടെ തൊഴിൽ ലഭിക്കുന്നു.

കുറിപ്പ് വായിച്ചുവല്ലോ. ഇത്തരത്തിലുള്ള തൊഴിൽ സംരംഭങ്ങൾ വ്യക്തികൾ ഒറ്റയ്ക്കും കൂട്ടായും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഏതെങ്കിലും തൊഴിലുടമയുടെ നിയന്ത്രണത്തിലല്ലാതെ സ്വതന്ത്ര സാമ്പത്തിക പ്രവർത്തനത്തിലൂടെ ഉപജീവനം നടത്തുന്നതിനെയാണ് സ്വയം തൊഴിൽ എന്ന് പറയുന്നത്. സ്വയം തൊഴിലിൽ ഏർപ്പെടുന്ന വ്യക്തി തന്റെ സംരംഭത്തിന്റെ ഉടമസ്ഥതയും അതേ അവസരത്തിൽ ഒരു തൊഴിലാളിയുടെ എല്ലാ ഉത്തരവാദിത്വവും നിർവഹിക്കുന്നു. സ്വയം തൊഴിലിൽ വ്യക്തികൾ കൂടുതലും ഒറ്റയ്ക്കാണ് അവരുടെ സംരംഭം കൈകാര്യം ചെയ്യുന്നത്. അതിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ പൂർണ്ണ അവകാശി സ്വയംതൊഴിൽ സംരംഭകർ മാത്രമായിരിക്കും. നിങ്ങളുടെ പ്രദേശത്ത് വ്യക്തികൾ ഒറ്റയ്ക്കോ കൂട്ടായോ നടത്തുന്ന പലചരക്ക് കടകൾ, തുന്നൽ കടകൾ, പലഹാരക്കടകൾ തുടങ്ങിയവ കാണാറില്ലേ? ഇതൊക്കെ സ്വയം തൊഴിൽ സംരംഭത്തിന് ഉദാഹരണങ്ങളാണ്. മറ്റ് ചില ഉദാഹരണങ്ങൾ കൂടെ കണ്ടെത്തൂ.

ചുവടെ നൽകിയിരിക്കുന്ന ചിത്രങ്ങൾ നിരീക്ഷിച്ച് അവ ഏത് തൊഴിലുമായി ബന്ധപ്പെട്ടിരിക്കുന്നുവെന്ന് എഴുതിച്ചേർക്കൂ.



എ).....



ബി).....



സി).....



ഡി).....

സ്വയം തൊഴിൽ സംരംഭത്തിന്റെ സവിശേഷതകൾ എഴുതിച്ചേർക്കൂ.

- മറ്റൊരാളെ ആശ്രയിക്കാതെ സ്വന്തമായുള്ള തൊഴിൽ സംരംഭത്തിലൂടെ വരുമാനം കണ്ടെത്തുന്നു.
-
-

രാജ്യത്തിന്റെ സാമ്പത്തികവളർച്ചയിൽ സ്വയം തൊഴിൽസംരംഭങ്ങൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്. അതിനായി സ്വയംതൊഴിൽ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

സ്വയം തൊഴിൽ പദ്ധതികൾ	ഗുണഭോക്താക്കൾ
• നവജീവൻ പദ്ധതി	• മുതിർന്ന പൗരർ
• കൈവല്യ	• ഭിന്നശേഷിക്കാർ
• ശരണ്യ	• വനിതകൾ
•	•

സ്വയം തൊഴിൽ സംരംഭത്തിലൂടെ വിജയം നേടിയ ചിലരുടെ അനുഭവങ്ങളാണ് താഴെക്കൊടുത്തിരിക്കുന്നത്.

ചായ്പിൽ തുടങ്ങിയ പലഹാര നിർമ്മാണം

മലപ്പുറം ജില്ലയിലെ കർഷക കുടുംബത്തിൽ ജനിച്ച അനു സ്വന്തം വീട്ടിൽ നിന്നാണ് സ്വയം തൊഴിൽ സംരംഭം ആരംഭിച്ചത്. വീട്ടിലെ ചായ്പിൽ ആവശ്യമായ സൗകര്യങ്ങൾ ഒരുക്കി സാധാരണ പലഹാര ഇനങ്ങൾ ഉണ്ടാക്കി വിൽക്കുകയായിരുന്നു. ക്രമേണ ആവശ്യക്കാർ കൂടിവന്നു. ഇന്ന് അറുപതോളം ഇനം പലഹാരങ്ങൾ നിർമ്മിച്ചു വിൽക്കുന്നു. വർഷത്തിൽ 11 കോടിയോളം രൂപയുടെ കച്ചവടമാണ് നടക്കുന്നത്.

പ്രതിമാസം 50000 രൂപ സമ്പാദിക്കുന്ന വീട്ടമ്മ

പെയിന്റിങ് ഹോബിയെ ബിസിനസ് തലത്തിലേക്കു കൊണ്ടുവന്ന് വിജയം കൊയ്ത സംരംഭകയാണ് സജിത. ഫാബ്രിക് പെയിന്റിങ്ങാണ് ബിസിനസ്. സാരികൾ, ഷർട്ടുകൾ, ചുരിദാറുകൾ, കുട്ടികളുടെ വസ്ത്രങ്ങൾ എന്നിവയിൽ മനോഹരമായി പെയിന്റിങ്ങ് ചെയ്യുന്നു. ഫാബ്രിക് പെയിന്റിങ്ങിനെ ഒരു ഹോബിയെന്ന നിലയിൽ നിന്ന് ബിസിനസ് ആക്കി വികസിപ്പിച്ച് വിജയിച്ചു. ഇപ്പോൾ പ്രതിമാസം 50,000 രൂപ സമ്പാദിക്കുന്നു.

മുകളിൽ കൊടുത്തിട്ടുള്ള മാതൃകകൾ ശ്രദ്ധിച്ചല്ലോ.

അധ്വാനിക്കാനുള്ള മനസ്സും ആത്മവിശ്വാസവും ഉണ്ടെങ്കിൽ വിവിധ തൊഴിലുകൾ ചെയ്ത് ജീവിതവിജയം കൈവരിക്കാം. എല്ലാ തൊഴിലിനും അതിന്റേതായ മഹത്വമുണ്ട്. വിദ്യാഭ്യാസത്തിനും അഭിരുചിക്കും അനുസരിച്ച് ഇഷ്ടമുള്ള തൊഴിൽ തിരഞ്ഞെടുക്കാൻ ഓരോരുത്തർക്കും അവകാശമുണ്ട്. ഒരു രാജ്യത്തിന്റെ സാമൂഹിക സാമ്പത്തിക പുരോഗതി നിർണ്ണയിക്കുന്നതിൽ തൊഴിലുകൾ പ്രധാന പങ്കുവഹിക്കുന്നു.

തുടർപ്രവർത്തനങ്ങൾ

1. സാമൂഹ്യശാസ്ത്ര ക്ലബ്ബിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി നിങ്ങളുടെ സമീപത്തുള്ള കർഷകരുമായി അഭിമുഖം നടത്തി കാർഷികത്തൊഴിലുകളുടെ വൈവിധ്യത്തെക്കുറിച്ച് ഒരു ലഘുവിവരണം തയ്യാറാക്കുക.
2. നിങ്ങളുടെ പ്രദേശത്ത് കാണുന്ന വിവിധ തരം തൊഴിലുകളെക്കുറിച്ച് ടീച്ചറുടെ സഹായത്തോടെ വീഡിയോ തയ്യാറാക്കി ക്ലാസ്സിൽ അവതരിപ്പിക്കൂ.
3. നിങ്ങളുടെ പ്രദേശത്തുള്ള തൊഴിൽ സംരംഭകരുമായി അഭിമുഖം നടത്തുക. അഭിമുഖത്തിനുള്ള ചോദ്യാവലി ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കുമല്ലോ?
4. നിങ്ങളുടെ സമീപത്തുള്ള സ്വയം തൊഴിൽ സംരംഭം സന്ദർശിച്ച് പ്രവർത്തനങ്ങൾ നിരീക്ഷിച്ച് കുറിപ്പ് തയ്യാറാക്കുക.
5. കേരളീയ സമൂഹത്തിൽ തൊഴിൽ രംഗത്ത് വന്ന മാറ്റങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച് സെമിനാർ അവതരിപ്പിക്കുക.
6. സ്വയം തൊഴിൽസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ പദ്ധതികളെക്കുറിച്ച് പ്രോജക്ട് തയ്യാറാക്കി സാമൂഹ്യശാസ്ത്ര ക്ലബ്ബിൽ അവതരിപ്പിക്കുക.

4

വസ്ത്രത്തിന്റെ നാൾവഴികൾ









ചിത്രങ്ങൾ നിരീക്ഷിക്കൂ.

ഈ ജീവജാലങ്ങൾ കടുത്ത ചൂട്, അസഹനീയമായ തണുപ്പ് തുടങ്ങിയ സാഹചര്യങ്ങളെ എങ്ങനെയാണ് അതിജീവിക്കുന്നത്?

ആടിന്റെ രോമാവരണവും തത്തയുടെ തൂവലുകളും ആമയുടെ പുറംതോടും പ്രതികൂല കാലാവസ്ഥയിൽ ഒരു വസ്ത്രംപോലെ സംരക്ഷണം ഒരുക്കുന്നു. എന്നാൽ മനുഷ്യർ ഇത്തരം സാഹചര്യങ്ങളെ എങ്ങനെയാണ് നേരിട്ടതെന്ന് നിങ്ങൾ ചിന്തിച്ചിട്ടുണ്ടോ?

- മനുഷ്യർക്ക് ആവശ്യമായ വസ്ത്രങ്ങൾ പ്രകൃതിയിൽ നിന്നുള്ള വിഭവങ്ങൾ കൊണ്ടുതന്നെ രൂപപ്പെടുത്തേണ്ടിവന്നു.
-
-

ഇന്ന് മനുഷ്യർ ഏതെല്ലാം തരത്തിലുള്ള വസ്ത്രങ്ങളാണ് ഉപയോഗിക്കുന്നത്?

വസ്ത്രം നമുക്ക് എങ്ങനെയെല്ലാം പ്രയോജനപ്പെടുന്നു?


കൂടുതൽ കാര്യങ്ങൾ ഉൾപ്പെടുത്തി പട്ടിക പൂർത്തിയാക്കൂ.

- തണുപ്പിൽ നിന്ന് സംരക്ഷണം
- ചൂടിൽ നിന്ന് സംരക്ഷണം
- ശരീരത്തിലെ ചൂട് നിലനിർത്തുന്നു
- പ്രാണികളിൽ നിന്ന് സംരക്ഷണം
-
-

നമ്മൾ ഉപയോഗിക്കുന്ന വസ്ത്രത്തിന് ദീർഘകാലത്തെ ചരിത്രമുണ്ട്. ഇന്ന് ഉപയോഗിക്കുന്ന വൈവിധ്യമാർന്ന വസ്ത്രങ്ങളുടെ രൂപകല്പനയിലേക്ക് നമ്മൾ എത്തിച്ചേർന്നത് എങ്ങനെയെന്ന് നോക്കാം.

ചിത്രങ്ങൾ നിരീക്ഷിക്കൂ.







ഏതെല്ലാം വസ്തുക്കളാണ് ആദിമമനുഷ്യർ വസ്ത്രമായി ഉപയോഗിച്ചിരുന്നത്?

• മരവുരി
•
•

വേട്ടയാടി ജീവിച്ചിരുന്ന കാലത്ത് സ്വന്തം ചുറ്റുപാടുകളിൽ നിന്ന് ലഭിച്ച വസ്തുക്കളായിരുന്നു മനുഷ്യർ വസ്ത്രമാക്കി ഉപയോഗിച്ചിരുന്നത്. പുല്ല്, ഇലകൾ, മരത്തോൽ (മരവുരി), മൃഗങ്ങളുടെ തോൽ എന്നിവ ഉപയോഗിച്ച് വസ്ത്രങ്ങൾ ഉണ്ടാക്കി. മൃഗങ്ങളുടെ കൊമ്പ്, എല്ല് എന്നിവ സൂചികളാക്കി വസ്ത്രനിർമ്മാണത്തിനുള്ള ഉപകരണങ്ങളാക്കി. മിനുസപ്പെടുത്തിയ കല്ലുകളെ ആയുധങ്ങളാക്കി ഉപയോഗിച്ചിരുന്ന കാലഘട്ടത്തിൽ വസ്ത്രങ്ങൾ തുന്നുന്നതിന് കൽസൂചി സഹായിച്ചു. മൃഗങ്ങളുടെ തോൽ, രോമം എന്നിവ വൃത്തിയാക്കിയും മയപ്പെടുത്തിയും അവർ വസ്ത്രമാക്കിയിരുന്നു.



കൽസൂചി

ആദിമമനുഷ്യരുടെ വസ്ത്രനിർമാണം ഇന്നത്തേത് പോലെ ആയിരുന്നില്ല. എന്തായിരിക്കും കാരണം?

നെയ്ത്തുവിദ്യയിലേക്ക്

ചുറ്റുപാടുകളിൽനിന്ന് ശേഖരിച്ച നാരുകളാണ് ആദ്യകാലങ്ങളിൽ വസ്ത്രനിർമ്മാണത്തിനായി ഉപയോഗിച്ചത്.

നാരുകൾ കൂട്ടിച്ചേർത്ത് പിരിച്ച് നീളമുള്ള നൂലുകളാക്കി. ഇത്തരത്തിലുള്ള നൂല് ഉപയോഗിച്ച് തുണിയുണ്ടാക്കുന്ന വിദ്യയാണ് നെയ്ത്ത്.

സിന്ധുനദീതടത്തിലെ വസ്ത്രം





ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് ഭാഗത്ത് നിലനിന്നിരുന്ന പ്രാചീന നദീതട സംസ്കാരമാണ് സിന്ധുനദീതട സംസ്കാരം. സിന്ധു ജനത പരുത്തിയും കമ്പിളി വസ്ത്രങ്ങളും നിർമ്മിച്ചിരുന്നതായി, ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ അനുമാനിക്കാവുന്നതാണ്. അവിടെ നിന്ന് ലഭിച്ച കുപ്പായമണിഞ്ഞ പ്രതിമകൾ അവിടത്തെ ജനതയുടെ വസ്ത്രധാരണരീതിയെ പ്രതിഫലിപ്പിക്കുന്നു. പരുത്തി ഇവിടെ നിന്ന് മറ്റ് ദേശങ്ങളിലേക്ക് കൊണ്ടുപോയിരുന്നതായി കരുതുന്നു.

കാലക്രമേണ തുണി നെയ്തെടുക്കുന്ന വിദ്യ കൂടുതൽ വികാസം പ്രാപിച്ചു. ആദ്യകാലത്ത് പരുത്തിയിൽ നിന്നും ചണത്തിൽ നിന്നും നിർമ്മിച്ച നൂൽ ഉപയോഗിച്ച് കൈകൾകൊണ്ടു മാത്രമാണ് തുണി നിർമ്മിച്ചിരുന്നത്. മൃഗങ്ങളുടെ തോലിനേക്കാൾ മെച്ചപ്പെട്ടതാണ് നൂൽകൊണ്ട് നെയ്തെടുത്ത തുണികൾ എന്ന തിരിച്ചറിവ് നെയ്ത്തു വസ്ത്രങ്ങളുടെ വ്യാപനത്തിന് ഇടയാക്കി. മരംകൊണ്ട് നിർമ്മിച്ച തറികൾ ഉപയോഗിച്ച് തുണി നിർമ്മിക്കുന്ന രീതി പിന്നീട് വികാസം പ്രാപിച്ചു.

മനുഷ്യരുടെ വസ്ത്രാവശ്യം വർധിച്ചത് നെയ്ത്ത് ഉപകരണങ്ങളുടെ കണ്ടുപിടിത്തത്തിന് വഴിതെളിച്ചു. ഇത് നെയ്ത്ത് വേഗത്തിലാക്കാൻ സഹായിച്ചു. നൂൽ ഉപയോഗിച്ച് കൈത്തറിയിൽ നെയ്യുന്ന തുണികളാണ് കൈത്തറിതുണികൾ.



ആദ്യകാല നൂൽനൂല്പ് യന്ത്രം



കൈത്തറി

കൈത്തറിയുടെ കണ്ടുപിടിത്തം വസ്ത്രനിർമ്മാണരംഗത്ത് മുന്നേറ്റം ഉണ്ടാക്കി. നീലം (Indigo) ചെടിയിൽ നിന്ന് ഉണ്ടാക്കിയ ചായം കൊണ്ട് വസ്ത്രങ്ങൾക്ക് നിറം നൽകി. കാലക്രമേണ, തുണി നെയ്യുന്ന വിദ്യ കൂടുതൽ പ്രചാരത്തിലായി.





പരുത്തി (Cotton)


ലോകവ്യാപകമായി വസ്ത്രങ്ങൾ ഉണ്ടാക്കാൻ ഉപയോഗിക്കുന്ന വസ്തുവാണ് പരുത്തി. പരുത്തി ച്ചെടിയിൽ നിന്ന് ലഭിക്കുന്ന പഞ്ഞി നൂലാക്കിയാണ് വസ്ത്രനിർമ്മാണത്തിന് ഉപയോഗിക്കുന്നത്. പ്രാചീനകാലം മുതൽ ഇന്ത്യയിൽ പരുത്തി കൃഷി ചെയ്തിരുന്നു.





ചണം (Jute)

ചണച്ചെടിയിൽ നിന്നാണ് ചണം ഉൽപാദിപ്പിക്കുന്നത്. ഒരു പ്രകൃതിദത്ത നാരാണ് ചണം. ലോകത്ത് ചണം കൃഷിയുടെ ഭൂരിഭാഗവും ഇന്ത്യയിലെ ഫലഭൂയിഷ്ഠമായ ഗംഗാതീരത്താണ്. വിദേശികൾ തുണിവ്യവസായത്തിനായി ഇന്ത്യയിൽ നിന്ന് ധാരാളമായി ചണം കൊണ്ടു പോയിരുന്നു.





നീലം ചെടി (Indigo)

ആദ്യകാലങ്ങളിൽ വസ്ത്രങ്ങൾക്ക് നിറം കൊടുക്കാൻ നീലം ചെടിയിൽ നിന്നുണ്ടാക്കുന്ന ചായം ഉപയോഗിച്ചിരുന്നു. പിന്നീട് നീലത്തിൽ വിവിധ കൂട്ടുകൾ ചേർത്താണ് വ്യത്യസ്തങ്ങളായ നിറങ്ങൾ ഉണ്ടാക്കിയിരുന്നത്.

നമ്മുടെ നാട്ടിലും നിരവധി കൈത്തറി കേന്ദ്രങ്ങളുണ്ട്. കണ്ണൂർ, തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം, തൃശൂർ ജില്ലയിലെ കുത്താമ്പുള്ളി എന്നിവ പ്രധാന കൈത്തറി കേന്ദ്രങ്ങളാണ്.



കൈത്തറി വസ്ത്രങ്ങൾ


ശാസ്ത്രപുരോഗതി വസ്ത്രനിർമ്മാണരംഗത്ത് പുതിയ യന്ത്രങ്ങളുടെ കണ്ടുപിടിത്തത്തിന് കാരണമായി. ചിത്രത്തിൽ കാണുന്ന സ്പിന്നിംഗ് ജെന്നി അത്തരത്തിലൊന്നാണ്.



സ്പിന്നിംഗ് ജെന്നി (Spinning Jenny)

ജെയിംസ് ഹാർഗ്രീവ്സാണ് സ്പിന്നിംഗ് ജെന്നി കണ്ടുപിടിച്ചത്. കൈകൊണ്ടുള്ള നൂൽ ഉൽപാദനം അക്കാലത്തെ വസ്ത്രവ്യവസായ ആവശ്യത്തിന് തികയുമായിരുന്നില്ല. സ്പിന്നിംഗ് ജെന്നിയുടെ കണ്ടുപിടിത്തം നൂൽ ഉൽപാദനം വേഗത്തിലാക്കി.

ജനസംഖ്യയിലെ വർധനവ് വസ്ത്രത്തിന്റെ ആവശ്യകത വർധിപ്പിച്ചു. പുതിയ യന്ത്രങ്ങൾ നെയ്ത്തുവിദ്യയുടെ ഭാഗമായി. അവ മനുഷ്യപ്രയത്നം കുറച്ചു. കൈത്തറിയുടെ സ്ഥാനത്ത് യന്ത്രത്തറി വന്നു.



യന്ത്രത്തറി (Powerloom)

എഡ്മണ്ട് കാർട്ട്റൈറ്റാണ് യന്ത്രത്തറി കണ്ടുപിടിച്ചത്. വൈദ്യുതിയുടെയോ മറ്റേതെങ്കിലും ഊർജസ്രോതസ്സിന്റെയോ സഹായത്താലാണ് യന്ത്രത്തറി പ്രവർത്തിപ്പിക്കുന്നത്. കൈത്തറിയെക്കാൾ വളരെ വേഗത്തിൽ കൂടുതൽ തുണി ഉൽപാദിപ്പിക്കാൻ യന്ത്രത്തറിക്ക് കഴിയും.



യന്ത്രവൽകൃത വസ്ത്രനിർമാണം

യന്ത്രവൽക്കരണത്തിന്റെ ഫലമായി കൂടുതലായി ഉൽപാദിപ്പിച്ച തുണികൾ വിറ്റഴിക്കാൻ കമ്പോളങ്ങൾ തേടി യൂറോപ്യർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് സഞ്ചരിച്ചു. കൂട്ടത്തിൽ അവർ ഇന്ത്യയിലും എത്തി. തുണിവ്യവസായത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ഇന്ത്യയിൽ നിന്ന് അവർ യൂറോപ്പിലേക്ക് കൊണ്ടുപോയി. യന്ത്രങ്ങളുടെ സഹായത്തോടെ അവിടെ ഉൽപാദിപ്പിച്ച തുണികൾ ഇന്ത്യയിലെത്തിച്ച് വിറ്റഴിച്ചു.

യൂറോപ്യർ

ഭൂമിയിലെ ഏഴുവൻകരകളിലൊന്നാണ് യൂറോപ്പ്. ഈ വൻകരയിലുള്ള ജനതയെയാണ് യൂറോപ്യർ എന്ന് വിളിക്കുന്നത്. യൂറോപ്പിൽ നിന്നും കച്ചവടത്തിനായി ഇന്ത്യയിൽ എത്തിയവരാണ് പോർച്ചുഗീസുകാർ (പോർച്ചുഗൽ), ഡച്ചുകാർ (നെതർലൻഡ്സ്), ഇംഗ്ലീഷുകാർ (ഇംഗ്ലണ്ട്), ഫ്രഞ്ചുകാർ (ഫ്രാൻസ്) എന്നിവർ. ഇന്ത്യയെ കോളനിയാക്കി മാറ്റിയ അവർ ഇവിടെനിന്നുള്ള അസംസ്കൃത വസ്തുക്കൾ അവരുടെ ദേശങ്ങളിലേക്ക് കൊണ്ടുപോയി. ഇക്കൂട്ടത്തിൽ ഏറ്റവും കൂടുതൽ കാലം ഇന്ത്യയെ കോളനിയാക്കി വച്ചിരുന്നത് ഇംഗ്ലീഷുകാരാണ്.

സമൂഹത്തിൽ വന്ന മാറ്റങ്ങളും വസ്ത്രനിർമ്മാണത്തെ കാര്യമായി സ്വാധീനിച്ചു. വസ്ത്രങ്ങളുടെ ആവശ്യകതയിൽ ഉണ്ടായ വർധനവ് കൂടുതൽ നവീനമായ നെയ്ത്തുയന്ത്രങ്ങളുടെ വികാസത്തിന് വഴിതെളിച്ചു. യന്ത്രങ്ങളുടെ സഹായത്തോടെ ഉൽപാദനം വർധിച്ചു. ഗുണമേന്മയുള്ളതും വൈവിധ്യമാർന്നതുമായ വസ്ത്രങ്ങൾ കൂടുതൽ ജനങ്ങളിലേക്ക് എത്തി. വസ്ത്രങ്ങൾക്ക് നിറം നൽകാൻ കൃത്രിമ ചായങ്ങൾ ഉപയോഗിക്കാൻ തുടങ്ങി.



വൈവിധ്യമാർന്ന വസ്ത്രങ്ങളും തുണികളും

നമ്മൾ ഇന്ന് ഉപയോഗിക്കുന്ന ഭൂരിഭാഗം വസ്തുക്കളിലും കാണുന്ന വർണ്ണവൈവിധ്യം ഇത്തരത്തിലുള്ള ചായങ്ങൾ ചേർത്ത് ഉണ്ടാക്കുന്നതാണ്.

യന്ത്രങ്ങൾ ഉപയോഗിച്ച് വസ്തുക്കൾ നിർമ്മിക്കാൻ തുടങ്ങിയതോടെ ആ രംഗത്തുണ്ടായ ഗുണപരമായ മാറ്റങ്ങൾ ശ്രദ്ധിക്കൂ.

യന്ത്രങ്ങളുടെ ഉപയോഗം വസ്തുനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങൾ

- വസ്തു ഉൽപാദനത്തിലെ വർധനവ്
- മനുഷ്യരുടെ അധ്വാനഭാരത്തിലെ കുറവ്
- വസ്തുക്കളിലെ വൈവിധ്യം
- ഗുണമേന്മയുള്ള വസ്തുക്കൾ
- വസ്തുക്കളുടെ വ്യാപനം
-
-



യന്ത്രങ്ങളുടെ ഉപയോഗം വസ്തുനിർമ്മാണത്തിൽ വരുത്തിയ മാറ്റങ്ങളെക്കുറിച്ച് ചർച്ചചെയ്യൂ.

വസ്തുനിർമ്മാണത്തിന് പ്രകൃതിദത്ത നാരുകളും കൃത്രിമ നാരുകളും ഉപയോഗിക്കുന്നു. ജന്തുക്കളിൽ നിന്നും സസ്യങ്ങളിൽ നിന്നുമാണ് പ്രകൃതിദത്ത നാരുകൾ ഉൽപാദിപ്പിക്കുന്നത്. കൃത്രിമ നാരുകളുടെ കണ്ടുപിടിത്തം വ്യത്യസ്തഘടനയും ഗുണമേന്മയുമുള്ള തുണിത്തരങ്ങളുടെ നിർമ്മാണത്തിലേക്ക് വഴിതെളിച്ചു. പോളിസ്റ്റർ, നൈലോൺ തുടങ്ങിയ കൃത്രിമ നാരുകളുടെ ഉപയോഗം കൂടുതൽ ഈടുനിൽക്കുന്നതും ചെലവ് കുറഞ്ഞതുമായ വസ്തുനിർമ്മാണത്തിന് സഹായിച്ചു.

വസ്തുനിർമ്മാണത്തിന് ഉപയോഗിക്കുന്ന നാരുകൾ

പ്രകൃതിദത്ത നാരുകൾ

ജന്തുക്കളിൽ നിന്ന്

ഉദാഹരണം

ചെമ്മരിയാടിൽ നിന്ന് കമ്പിളി നാരും പട്ടുനൂൽ പുഴുവിൽ നിന്ന് പട്ടിന്റെ നാരും നിർമ്മിക്കുന്നു.

സസ്യങ്ങളിൽ നിന്ന്

ഉദാഹരണം

പരുത്തി, ചണം ചെടികളിൽ നിന്ന് യഥാക്രമം പരുത്തിനാരും ചണനാരും നിർമ്മിക്കുന്നു.

കൃത്രിമ നാരുകൾ

പെട്രോളിയം പോലുള്ള രാസവസ്തുക്കളിൽ നിന്നാണ് കൃത്രിമ നാരുകൾ ഉൽപാദിപ്പിക്കുന്നത്. പ്രകൃതിദത്ത നാരുകളെക്കാൾ കൃത്രിമ നാരുപയോഗിച്ചുള്ള തുണിത്തരങ്ങൾ ഉൽപാദിപ്പിക്കുന്നതിന് പൊതുവേ ചെലവ് കുറവാണ്. പെട്ടെന്ന് ചുളിവുണ്ടാവില്ല എന്ന മേന്മയും ഇതിനുണ്ട്.

ഉദാഹരണം

പോളിസ്റ്റർ, നൈലോൺ, റയോൺ എന്നിവ

പ്രകൃതിജന്യ നാരുകൾ ഏതൊക്കെ ജീവികളിൽ നിന്നും സസ്യങ്ങളിൽ നിന്നുമാണ് ഉൽപാദിപ്പിക്കുന്നതെന്ന് കണ്ടെത്തി പട്ടിക പൂർത്തീകരിക്കൂ.

കമ്പിളി	.....
പട്ട്	പട്ടുനൂൽപ്പുഴു
പരുത്തി	പരുത്തിച്ചെടി
ചണം	.....

നിങ്ങളുടെ പ്രദേശത്തെ തുന്നൽകട സന്ദർശിച്ച് പാഴ്തുണിക്കഷണങ്ങൾ ശേഖരിക്കൂ. പ്രകൃതിദത്ത നാരുകളും കൃത്രിമനാരുകളും കൊണ്ടുണ്ടാക്കിയ തുണികൾ വേർതിരിച്ച് ചാർട്ടിൽ ഒട്ടിച്ച് ക്ലാസിൽ പ്രദർശിപ്പിക്കൂ.


വസ്ത്രങ്ങളിലെ വൈവിധ്യം

വ്യത്യസ്ത കാലാവസ്ഥയിൽ അതിനനുയോജ്യമായ വസ്ത്രങ്ങളല്ലേ നമ്മൾ ധരിക്കുന്നത്? കാലാവസ്ഥയുടെ മാറ്റത്തിന് അനുസരിച്ച് മാത്രമാണോ വസ്ത്രധാരണത്തിൽ വ്യത്യാസങ്ങൾ ഉണ്ടാകുന്നത്?


തന്നിട്ടുള്ള ചിത്രങ്ങൾ നിരീക്ഷിച്ച് അവയിലെ വസ്ത്രങ്ങൾ ഓരോന്നും ഏതേത് സാഹചര്യങ്ങളിലാണ് ഉപയോഗിക്കുന്നത് എന്ന് കണ്ടെത്തി പട്ടികയിൽ ചിത്രത്തിന്റെ നമ്പർ രേഖപ്പെടുത്തൂ.



1



2



3



4



5



6

കാലാവസ്ഥ	രോഗപ്രതിരോധം	അധികാരം/പദവി	തൊഴിൽ
1			




വിവിധ സാഹചര്യങ്ങളിലെ വസ്ത്രധാരണത്തെ സൂചിപ്പിക്കുന്ന ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.

കാലാവസ്ഥ, ആചാരം, അധികാരസ്ഥാനങ്ങൾ, തൊഴിൽ, പ്രാദേശിക വ്യത്യാസങ്ങൾ ഇവയെല്ലാം വസ്ത്രധാരണത്തെ സ്വാധീനിക്കുന്നു. വസ്ത്രം മാത്രമല്ല വസ്ത്രത്തോടൊപ്പം ധരിക്കുന്ന ആഭരണങ്ങൾ, തൊപ്പികൾ, പാദരക്ഷകൾ എന്നിവയിലെല്ലാം ഈ വൈവിധ്യം കാണാൻ കഴിയും.

ഇന്ന് വസ്ത്രത്തിലും വസ്ത്രധാരണ രീതിയിലും വളരെയേറെ വൈവിധ്യങ്ങളും സമാനതകളും നമുക്ക് കാണാം. കാലാവസ്ഥ, യാത്ര ചെയ്യുന്നതിനുള്ള സൗകര്യം എന്നിവ പരിഗണിച്ച് അനുയോജ്യമായ വസ്ത്രം തിരഞ്ഞെടുക്കുന്നവരാണ് നമ്മളിലധികവും.

വസ്ത്രവൈവിധ്യം പ്രകടമായി കാണാൻ കഴിയുന്ന മറ്റൊരു മേഖല കലാരംഗമാണ്. വർണവൈവിധ്യമുള്ള വസ്ത്രങ്ങൾ ഉൾക്കൊള്ളുന്ന കലാരൂപങ്ങൾ കാണാൻ നമുക്ക് ഏറെ ഇഷ്ടമല്ലേ?



വ്യത്യസ്ത കലാരൂപങ്ങൾ




തന്നിരിക്കുന്ന ചിത്രങ്ങളിലെ വസ്ത്രാലങ്കാരങ്ങൾ നിരീക്ഷിച്ച് അവ ഏതേത് കലാരൂപങ്ങളുടേതാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തുക.



വിവിധ കലാരൂപങ്ങളിലെ വസ്ത്രവൈവിധ്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യൂ.

വസ്ത്രധാരണത്തിലെ വിവേചനങ്ങൾ



ശ്രീഉത്രംതിരുനാൾ മഹാരാജാവു തിരുമനസ്സുകൊണ്ടു.

നമ്പർ-178. M. E. 1034.
A. D. 1859.

ശ്രീപദ്മനാഭദാസ വഞ്ചിബാല മാർത്താണ്ഡ
വമ്മ കലശെഖരകിരീടപതി മന്നെ
സുൽത്താൻ മഹാരാജരാജെ ശ്രീശ്രീ
ഉത്ര രാമരാജാബഹാദർ ഷംഷെർ
ജംഗ മഹാരാജാ അവർകൾ
സകലമാനപെക്കും പ്രസിദ്ധ
പ്പെടുത്തുന്ന വിളംബരം.

ചാന്നാട്ടികളിടെ മെലിൽശീല സംഗതിയെക്കുറിച്ചു ഫാ൦ർ-മാണ്ടു മകരമാസം ൨൯-൹- ചെയ്തിട്ടുള്ള വിളംബരത്തിലെ നിബന്ധനകളെക്കൊണ്ടു സങ്കടം ഉള്ളതായി നാം അറിവാൻ ഇടവന്നിരിക്കകൊണ്ടും എല്ലാ ആളുകൾക്കും സങ്കടംകൂടാതെ ആകുന്നെടത്തൊളവും നടത്തിക്കണമെന്നു നമുക്കു വളരെ മനസ്സുയിരിക്കകൊണ്ടും ഇതിനാൽ പ്രസിദ്ധപ്പെടുത്തുന്നതു എന്തെന്നാൽ—

ക്രിസ്തുമതത്തിൽ ചെന്നിരിക്കുന്ന ചാന്നാട്ടികളെപ്പൊലെ ശൊഷം ചാന്നാട്ടികളും കുപ്പായം ഇട്ടുകൊള്ളുകയൊ മുക്കുവത്തികളെപ്പൊലെ എല്ലാ മതത്തിൽ ഉള്ള ചാന്നാട്ടികളും കട്ടിശ്ശീലകൊണ്ടു ഉടുത്തുകെട്ടിക്കൊള്ളുകയൊ മെൽജാതിയിൽ ഉള്ള സ്ത്രീകളെപ്പൊലെ അല്ലാതെ മറവു എതുവിധത്തിൽ എങ്കിലും മാറു മാച്ചുകൊള്ളുകയൊ ചെയ്യുന്നതിനു വിരൊധം ഇല്ലായ്കകൊണ്ടു ഒരൊ വിവരം സകലമാനപെരും അറിഞ്ഞു നടന്നുകൊള്ളുകയുംവെണം.

എന്നു ഫാ൦ർ-മാണ്ടു കർക്കടകമാസം ൨൯-൹-.

തെക്കൻ കേരളത്തിലെ താഴ്ന്ന ജാതിക്കാർ എന്ന് പറയപ്പെട്ടിരുന്ന വിഭാഗങ്ങളിലെ സ്ത്രീകൾക്ക് മേൽവസ്ത്രം ധരിക്കുന്നതിനുള്ള അവകാശം അനുവദിച്ചുകൊണ്ട് 1859 ൽ അന്നത്തെ തിരുവിതാംകൂർ രാജാവായ ഉത്രം തിരുനാൾ മാർത്താണ്ഡവർമ്മ പുറപ്പെടുവിച്ച വിളംബരമാണിത്.

ഈ വിളംബരത്തിൽ നിന്ന് എന്താണ് നിങ്ങൾക്ക് മനസ്സിലാകുന്നത്?

അന്ന് നിലനിന്നിരുന്ന ജാതിവ്യവസ്ഥ ചില വിഭാഗം ജനങ്ങളെ ഇഷ്ടപ്പെട്ട വസ്ത്രങ്ങൾ ധരിക്കുന്നതിൽ നിന്ന് തടഞ്ഞിരുന്നു എന്നാണ് ഈ വിളംബരം നമ്മോട് പറയുന്നത്.

തിരുവിതാംകൂർ

തെക്കൻ കേരളത്തിലെ ഭൂരിഭാഗം പ്രദേശങ്ങളും മധ്യകേരളത്തിലെ ചെറിയൊരു ഭാഗവും ഇന്ന് തമിഴ്നാടിന്റെ ഭാഗമായ കന്യാകുമാരി ജില്ലയും ഉൾപ്പെട്ട നാട്ടുരാജ്യമായിരുന്നു തിരുവിതാംകൂർ. പതിനെട്ടാം നൂറ്റാണ്ടിന്റെ പകുതിയോടെ അനിഴം തിരുനാൾ മാർത്താണ്ഡവർമ്മയുടെ കാലത്താണ് തിരുവിതാംകൂർ നാട്ടുരാജ്യം വിസ്തൃതി പ്രാപിച്ചത്. 1956 ൽ കേരള സംസ്ഥാനരൂപീകരണത്തോടെ ഈ നാട്ടുരാജ്യം കേരള സംസ്ഥാനത്തിന്റെ ഭാഗമായി.

മേൽമുണ്ട് സമരം

പത്തൊമ്പതാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ തെക്കൻ തിരുവിതാംകൂറിൽ സ്ത്രീകൾ മാറുമറയ്ക്കുന്നതിന് വേണ്ടി നടത്തിയ സമരമാണ് മേൽമുണ്ട് സമരം. അക്കാലത്ത് ഉയർന്ന ജാതിയിൽപ്പെട്ടവരെന്ന് പറയപ്പെട്ട സ്ത്രീകൾക്ക് മാത്രമേ മേൽവസ്ത്രം ധരിക്കുവാനുള്ള അവകാശം ഉണ്ടായിരുന്നുള്ളൂ. താഴ്ന്ന ജാതിക്കാരായി കരുതപ്പെട്ടിരുന്ന വിഭാഗങ്ങളിലെ സ്ത്രീകൾക്ക് മേൽജാതിക്കാരുടെ മുന്നിൽ മാറ് മറയ്ക്കാനുള്ള അവകാശം ഉണ്ടായിരുന്നില്ല. ഇതിനെതിരെ 19 ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഈ അവകാശം നേടിയെടുക്കുന്നതിനായി നടത്തിയ സമരമാണ് മേൽമുണ്ട് സമരം.

വസ്ത്രധാരണത്തിൽ നിലനിന്നിരുന്ന അവകാശനിഷേധങ്ങളെക്കുറിച്ച് ക്ലാസ്സിൽ ചർച്ച ചെയ്ത് കുറിപ്പ് തയ്യാറാക്കൂ.

വസ്ത്രം ഒരു സമരായുധം

പലതരം ചൂഷണങ്ങൾക്കെതിരെ ഒരു സമരായുധമായി വസ്ത്രത്തെ കഴിഞ്ഞ കാലങ്ങളിൽ ഉപയോഗിച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒന്നായിരുന്നു ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ മഹാത്മാഗാന്ധിയുടെ നേതൃത്വത്തിൽ നടന്ന പോരാട്ടങ്ങൾ.

ഖാദിയും ചർക്കയും നൂൽനൂൽപ്പും വിദേശവസ്ത്ര ബഹിഷ്കരണവും ഗാന്ധിജി സ്വാതന്ത്ര്യസമരത്തിന്റെ ഭാഗമാക്കി. ചർക്കയിൽ നൂൽനൂറ്റുണ്ടാക്കുന്ന ഖാദിവസ്ത്രങ്ങളെയാണ് ഗാന്ധിജി പ്രോത്സാഹിപ്പിച്ചത്. ഖാദിവസ്ത്രങ്ങൾ ധരിക്കുവാൻ അദ്ദേഹം ജനങ്ങളോട് ആഹ്വാനം ചെയ്തു. ഇത്തരത്തിൽ സ്വദേശി വസ്ത്രങ്ങൾ നിർമ്മിച്ച്, ഉപയോഗിച്ചുകൊണ്ട് വിദേശവസ്ത്രങ്ങൾ ബഹിഷ്കരിക്കാനാണ് ഗാന്ധിജി ആവശ്യപ്പെട്ടത്.



ഇന്ത്യൻ ജനത വിദേശവസ്ത്രങ്ങൾ ബഹിഷ്കരിച്ച് നശിപ്പിക്കുന്നു



ചർക്കയിൽ നൂൽ നൂൽക്കുന്ന ഗാന്ധിജി

വസ്ത്രത്തെയും വസ്ത്രധാരണത്തെയും സമരായുധമാക്കിക്കൊണ്ട് അദ്ദേഹം സ്വാതന്ത്ര്യ സമരം ഒരു ബഹുജന പ്രക്ഷോഭമാക്കി മാറ്റി. ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ സ്വദേശി പ്രസ്ഥാനത്തിന്റെ പ്രതീകമായി ചർക്ക മാറി. ഖാദിവസ്ത്രം ധരിക്കലും ഖാദിത്തൊപ്പി അണിയലും ദേശാഭിമാനത്തിന്റെ അടയാളമായി.

സ്വദേശി പ്രസ്ഥാനം

ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിന്റെ ഭാഗമായി 1905 ആഗസ്റ്റ് 7 നാണ് സ്വദേശി പ്രസ്ഥാനം ആരംഭിച്ചത്. ബ്രിട്ടീഷ് നിർമ്മിത വസ്തുക്കൾ ഉപേക്ഷിക്കുകയും ഇന്ത്യൻ നിർമ്മിത വസ്തുക്കളുടെ ഉൽപാദനവും ഉപയോഗവും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. സ്വദേശി പ്രസ്ഥാനം ആരംഭിച്ച ആഗസ്റ്റ് 7 ദേശീയ കൈത്തറി ദിനമായി 2015 മുതൽ ഇന്ത്യയിൽ ആചരിച്ചു വരുന്നു.

ഖാദിപ്രസ്ഥാനം

1918 ൽ ഗാന്ധിജിയുടെ നേതൃത്വത്തിൽ ഇന്ത്യയിൽ ആരംഭിച്ച പ്രസ്ഥാനമാണ് ഖാദി പ്രസ്ഥാനം. ഇന്ത്യൻ സ്വാതന്ത്ര്യസമര ചരിത്രത്തിൽ ഖാദിക്ക് സവിശേഷമായ സ്ഥാനമുണ്ട്. ഖാദിപ്രസ്ഥാനം ശക്തമായതോടെ ഇന്ത്യൻ ഗ്രാമങ്ങളിൽ നിന്ന് ചർക്കയുടെ ശബ്ദം ഉയർന്നു. ഖാദിവസ്ത്രത്തിന്റെ പ്രചാരം ഇന്ത്യയിലെമ്പാടും വ്യാപകമായി.

ചർക്കയും ഖാദിവസ്ത്രവും ബ്രിട്ടീഷുകാർക്കെതിരെയുള്ള സമരായുധമായി മാറിയത് എങ്ങനെ? പോസ്റ്റർ തയ്യാറാക്കി ക്ലാസ്സിൽ പ്രദർശിപ്പിക്കൂ.

വസ്ത്രധാരണ രംഗത്തെ പുത്തൻ പ്രവണതകൾ

എന്നും ഒരേ തരത്തിലുള്ള വസ്ത്രങ്ങൾ ധരിക്കാനാണോ നിങ്ങൾ ഇഷ്ടപ്പെടുന്നത്?

വസ്ത്രധാരണത്തിൽ നിങ്ങൾക്ക് എന്തെല്ലാം താൽപര്യങ്ങളാണുള്ളത്?

ചിത്രങ്ങൾ നിരീക്ഷിക്കൂ..



വസ്ത്രനിർമ്മാണ രീതിയിൽ മാത്രമല്ല, രൂപകല്പനയിലും ശൈലിയിലും ഉപയോഗത്തിലും ദിനംപ്രതി മാറ്റങ്ങൾ വന്നുകൊണ്ടിരിക്കുന്നു. വ്യക്തിപരമായ മുൻഗണനകളും താല്പര്യങ്ങളും സൗകര്യങ്ങളും ഇന്നത്തെ വസ്ത്രധാരണത്തെ ശക്തമായി സ്വാധീനിക്കുന്നുണ്ട്.

സൗന്ദര്യ സങ്കല്പത്തിലെ മാറ്റത്തിനനുസരിച്ച് പുത്തൻ വേഷവിധാനത്തിലും കൗതുകകരമായ വളർച്ചയുണ്ടായി. പരസ്യങ്ങൾ, സിനിമകൾ, സാമൂഹ്യമാധ്യമങ്ങൾ തുടങ്ങിയവ വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ കാര്യമായി സ്വാധീനിക്കുന്നുണ്ട്.

പരസ്യങ്ങൾ, സിനിമകൾ, സമൂഹമാധ്യമങ്ങൾ തുടങ്ങിയവ വസ്ത്രങ്ങളുടെ തിരഞ്ഞെടുപ്പിനെ സ്വാധീനിക്കുന്നത് എങ്ങനെയെല്ലാമെന്ന് ചർച്ച സംഘടിപ്പിക്കൂ.

ഇന്ന് ഫാഷൻ ഡിസൈനിംഗ്, എംബ്രോയിഡറി തുടങ്ങിയ മേഖലകൾ ധാരാളം തൊഴിലവസരങ്ങൾ തുറന്നിടുന്നുണ്ട്. 'ഫാഷൻ ഡിസൈനിംഗ്' ഇന്ന് വലിയ തൊഴിൽ സാധ്യതയുള്ള ഒരു പഠനമേഖലയായി വളർന്നിരിക്കുന്നു.




എംബ്രോയിഡറി ചെയ്ത വസ്ത്രം



ഫാഷൻ ഡിസൈനിംഗ്

വസ്തുനിർമ്മാണ രംഗത്തെ വിവിധ തൊഴിൽ മേഖലകൾ ഏതൊക്കെയാണെന്ന് നോക്കാം.



ഉപയോഗിച്ചതും ആവശ്യമില്ലാത്തതുമായ വസ്തുങ്ങളെ എങ്ങനെ ഉപയോഗപ്രദങ്ങളായ സാമഗ്രികളാക്കി മാറ്റാം?

പാഴ്വസ്തുങ്ങൾ കൊണ്ട് പരവതാനിയുമായി പ്രവൃത്തിപരിചയമേളയിലെ പ്രതിഭകൾ

പഴയ വസ്തുങ്ങൾകൊണ്ട് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പദ്ധതിയുമായി മലപ്പുറം ജില്ലാ പഞ്ചായത്ത്

'സാരി തരൂ..സഞ്ചി തരാം' പദ്ധതിയുമായി വടകര നഗരസഭ

ദുരിതാശ്വാസ ക്യാമ്പുകളിലേക്ക് വസ്തു സമാഹരണയജ്ഞവുമായി സന്നദ്ധ സംഘടനകൾ

തന്നിട്ടുള്ള തലക്കെട്ടുകൾ നിരീക്ഷിക്കൂ.

വാങ്ങുന്ന എല്ലാ വസ്തുങ്ങളും നിങ്ങൾ ഉപയോഗിക്കാറുണ്ടോ?

ഉപയോഗിച്ചുകഴിഞ്ഞ വസ്തുങ്ങൾ കൊണ്ട് കരകൗശല ഉല്പന്നങ്ങൾ നിർമ്മിക്കാൻ നിങ്ങൾ ശ്രമിച്ചിട്ടുണ്ടോ?

ലോകത്താകെ ടൺ കണക്കിന് വസ്തുക്കളാണ് വലിച്ചെറിയപ്പെടുന്നത്. ഇത് പരിസ്ഥിതിയെ പ്രതികൂലമായി ബാധിക്കുന്നു. ഉപയോഗിക്കാത്ത വസ്തുക്കളും ഉപേക്ഷിക്കുന്ന വസ്തുക്കളും നമ്മുടെ നാട്ടിൽ വർധിച്ചുകൊണ്ടിരിക്കുന്നു. ഇത്തരം വസ്തുക്കൾ എങ്ങനെ വീണ്ടും ഉപയോഗിക്കാം?

ചിത്രങ്ങൾ നിരീക്ഷിക്കൂ.



നമുക്കും ഇത്തരം കരകൗശല ഉൽപന്നങ്ങൾ നിർമ്മിക്കാൻ കഴിയുമോ?

വസ്ത്രധാരണത്തിലെ നാൾവഴികൾ നിരീക്ഷിച്ചാൽ ആദ്യകാലത്ത് ശരീരസംരക്ഷണത്തിനാണ് പ്രാധാന്യം നൽകിയിരുന്നതെന്ന് കാണാം. തുടർന്ന് ഭൂപ്രകൃതിയും കാലാവസ്ഥയും വസ്ത്രനിർമാണത്തിലും വസ്ത്രധാരണരീതിയിലും സ്വാധീനം ചെലുത്തി. മാറിവരുന്ന സൗന്ദര്യ സങ്കല്പങ്ങളും സാംസ്കാരികവൈവിധ്യങ്ങളും വർത്തമാന കാലത്തെ വസ്ത്രധാരണരീതിയെ സ്വാധീനിക്കുന്നു.

ഇഷ്ടവസ്ത്രം ധരിക്കുമ്പോൾ നമുക്ക് അഭിമാനവും ആത്മവിശ്വാസവും വർധിക്കില്ലേ?

മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങളിലൊന്നായ വസ്ത്രം സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങൾക്കും ലഭ്യമാകണം. അതിനുള്ള പ്രവർത്തനങ്ങളിൽ നമുക്കും പങ്കാളികളാകാം.




തുടർപ്രവർത്തനങ്ങൾ

1. നിങ്ങളുടെ പ്രദേശത്തെ ഏതെങ്കിലും കൈത്തറി കേന്ദ്രം സന്ദർശിച്ച് അവിടത്തെ വസ്ത്രനിർമ്മാണ രീതിയെക്കുറിച്ച് വിവരങ്ങൾ ശേഖരിക്കുക.
2. 'ഇന്ത്യൻ സംസ്ഥാനങ്ങളിലെ വസ്ത്രവൈവിധ്യം' എന്ന വിഷയത്തെ അടിസ്ഥാനമാക്കി വിവിധ സംസ്ഥാനങ്ങളിലെ വസ്ത്രവൈവിധ്യത്തിന്റെ ചിത്രങ്ങൾ ശേഖരിച്ച് ആൽബം തയ്യാറാക്കുക.
3. വൈവിധ്യമാർന്ന വസ്ത്രങ്ങൾ സുലഭമായി ലഭിക്കുന്ന കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ, മുൻതലമുറയുടെ കാലത്ത് വസ്ത്രങ്ങളുടെ ലഭ്യത പരിമിതമായിരുന്നു. വസ്ത്രത്തിലും വസ്ത്രധാരണരീതിയിലും വന്ന മാറ്റങ്ങളെക്കുറിച്ച് വീട്ടിലെ മുതിർന്നവരോട് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കുക.
4. വ്യത്യസ്ത കലകളുടെ ചിത്രങ്ങൾ ശേഖരിച്ച് 'കലയിലെ വസ്ത്രവൈവിധ്യം' എന്ന ആൽബം തയ്യാറാക്കൂ.
5. നിങ്ങളുടെ വീട്ടിലെ പഴയ തുണികൾ ശേഖരിച്ച് ക്രാഫ്റ്റ് വർക്ക് ചെയ്ത് സാമൂഹ്യശാസ്ത്ര ക്ലബിൽ പ്രദർശിപ്പിക്കൂ.
6. സ്കൂളിൽ വസ്ത്രശേഖരണ സെന്റർ സ്ഥാപിച്ച് പഴയതും വൃത്തിയുള്ളതുമായ തുണികൾ ശേഖരിക്കൂ. നിങ്ങളുടെ സ്കൂളിന് സമീപത്തുള്ള വയോജന മന്ദിരങ്ങൾ, അനാഥാലയങ്ങൾ, ദുരിതാശ്വാസ ക്യാമ്പുകൾ എന്നിവിടങ്ങളിൽ ടീച്ചറുടെ സഹായത്തോടെ ഇവ എത്തിച്ചു നൽകുമല്ലോ.

5

വരയ്ക്കാം വായിക്കാം

തൃശൂർ ജില്ലയിൽ നടക്കുന്ന കേരള സ്കൂൾ കലോത്സവത്തിൽ പങ്കെടുക്കാനെത്തിയ താണ് അജി. ഒപ്പം കുടുംബവുമുണ്ട്. അവരുടെ പക്കലുള്ള ലേഔട്ടാണ് ചുവടെ നൽകിയിട്ടുള്ളത്.



റെയിൽവേ സ്റ്റേഷനിൽനിന്ന് സഞ്ചരിച്ച് സ്വരാജ് റൗണ്ടിന് സമീപമുള്ള പ്രോഗ്രാം കമ്മിറ്റി ഓഫീസിനടുത്താണ് അജിയും കുടുംബവും ഇപ്പോഴുള്ളത്. അജിയുടെ പ്രോഗ്രാം നടക്കുന്നത് തൃശൂർ ഗവ.എച്ച്.എസ്.എസിലാണ്.



- പ്രോഗ്രാം കമ്മിറ്റി ഓഫീസിൽ നിന്ന് ഏത് ദിശയിൽ സഞ്ചരിച്ചാൽ അജിയുടെ പ്രോഗ്രാം നടക്കുന്ന വേദിയിൽ എളുപ്പത്തിൽ എത്താൻ കഴിയും?
- ലേഔട്ട് പരിശോധിച്ച് ഭക്ഷണശാല എവിടെയാണെന്ന് കണ്ടെത്താൻ നിങ്ങൾക്ക് കഴിയുന്നുണ്ടോ?
- തൃശൂർ ഗവ.എച്ച്.എസ്.എസിൽ നിന്ന് ഭക്ഷണശാലയിലേക്ക് പോകാൻ ഏത് ദിശയിൽ സഞ്ചരിക്കണം?

കലോത്സവവേദിയുടെ ലേഔട്ടാണ് നമ്മൾ പരിചയപ്പെട്ടത്.



ചില സ്ഥാപനങ്ങളുടെ മുന്നിൽ കെട്ടിടങ്ങളുടെ സ്ഥാനം കാണിക്കുന്ന ലേഔട്ടുകൾ പ്രദർശിപ്പിച്ചിട്ടുള്ളത് കണ്ടിട്ടില്ലേ? ദിശ മനസിലാക്കുന്നതിന് മാത്രമാണോ ഇത്തരം ലേഔട്ടുകൾ തയ്യാറാക്കുന്നത്?

പുതിയ വീടോ കെട്ടിടമോ നിർമ്മിക്കുമ്പോൾ സ്കെച്ചും പ്ലാനും തയ്യാറാക്കുന്നതായി നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? കെട്ടിടങ്ങളുടെ പ്ലാൻ തയ്യാറാക്കുമ്പോൾ അതിൽ കൃത്യമായ അളവുകൾ കൂടി ഉൾപ്പെടുത്തുന്നുണ്ട്. എന്നാൽ സ്കെച്ചുകൾ തയ്യാറാക്കുമ്പോൾ അളവുകൾ കൃത്യമാകണമെന്നില്ല.



നിങ്ങളുടെ ക്ലാസ്മുറിയുടെ ഒരു സ്കെച്ച് തയ്യാറാക്കിയാലോ?




ക്ലാസ്മുറിയുടെ വാതിൽ ഏത് ദിശയിലാണ്?
ജനാലകൾ ഏതൊക്കെ ഭാഗങ്ങളിലുണ്ട്?
ബ്ലാക്ക്ബോർഡ്/വൈറ്റ് ബോർഡ് ഏത് ദിശയിലാണ് സ്ഥാപിച്ചിട്ടുള്ളത്?

നിങ്ങൾ ഓരോരുത്തരും തയ്യാറാക്കിയ സ്കെച്ച് പരിശോധിക്കൂ. എല്ലാം ഒരേ രീതിയിലാണോ? ദിശ നിശ്ചയിക്കാൻ പ്രയാസം അനുഭവപ്പെട്ടോ?

ഒരു സ്ഥലത്തെ ദിശ എങ്ങനെ കണ്ടെത്താം?

സൂര്യനുദിക്കുന്ന ദിശ എവിടെയാണോ അതാണ് കിഴക്കായി നാം കണക്കാക്കുന്നത്.

ചിത്രം A





അജി വീടിന് സമീപം ഉദയ സൂര്യന് അഭിമുഖമായി നിൽക്കുകയാണ്.

- ഏത് ദിശയിലേക്ക് നോക്കിയാണ് അജി നിൽക്കുന്നത്?

  .....

- അജിയുടെ വലതുകൈ ഏത് ദിശയിലേക്കാണ് നീട്ടിയിരിക്കുന്നത്? ഇടതുകൈയോ?


  .....

  .....

- അജിയുടെ നിഴൽ ഏത് ദിശയെ സൂചിപ്പിക്കുന്നു?

  .....

ചിത്രം B





- ചിത്രം B യിൽ ഏത് ദിശയിലേക്ക് നോക്കിയാണ് അജി നിൽക്കുന്നത്?

  .....

- അജിയുടെ വലതുകൈ ഏതു ദിശയിലേക്കാണ് നീട്ടിയിരിക്കുന്നത്? ഇടതുകൈയോ?

  .....

  .....

- അജിയുടെ നിഴൽ ഏത് ദിശയെ സൂചിപ്പിക്കുന്നു?

  .....

- അജി നോക്കിനിൽക്കുന്നതിന് എതിരെയുള്ള ദിശ ഏതാണ്?

  .....

സൂര്യനെ അടിസ്ഥാനമാക്കി ദിശ കണ്ടെത്തുന്നത് എങ്ങനെയെന്ന് തിരിച്ചറിഞ്ഞില്ലേ? വടക്കുനോക്കിയന്ത്രമാണ് ദിശ കണ്ടെത്താൻ സാധാരണയായി ഉപയോഗിക്കുന്നത്. മൊബൈൽ ആപ്പുകളും ദിശ കണ്ടെത്താനായി നാം ഇന്ന് പ്രയോജനപ്പെടുത്താറുണ്ട്.

വടക്കുനോക്കിയന്ത്രം


ദിശ അറിയുന്നതിന് ഉപയോഗിക്കുന്ന ഉപകരണമാണ് വടക്കുനോക്കിയന്ത്രം. സ്വതന്ത്രമായി ചലിക്കുന്ന കാന്തസൂചി തെക്കുവടക്കുദിശയിൽ നിലകൊള്ളും എന്ന തത്വമാണ് ഈ ഉപകരണത്തിന്റെ അടിസ്ഥാനം. സൂചിയിൽ പ്രത്യേകമായി രേഖപ്പെടുത്തിയ അഗ്രം വടക്കുദിശയെ സൂചിപ്പിക്കുന്നു. സമുദ്രയാത്രയിൽ ദിശയറിയുന്നതിന് നാവികർ പണ്ടുകാലം മുതൽ തന്നെ ഈ ഉപകരണം ഉപയോഗിച്ചിരുന്നു.



ഇനി നമുക്ക് ക്ലാസ്മുറിയുടെ സ്കെച്ച് ദിശ അടിസ്ഥാനമാക്കി തയ്യാറാക്കിയാലോ?

ദിശ അടിസ്ഥാനമാക്കി സ്കെച്ച് ഒരു പേപ്പറിലോ ബുക്കിലോ വരയ്ക്കുമ്പോൾ എന്തൊക്കെ ശ്രദ്ധിക്കണം?

നോക്കൂ. ചുമരിൽ തൂക്കിയിട്ട ഈ ഭൂപടത്തിലെ ദിശ എങ്ങനെ കണ്ടെത്താം?



ഭൂപടത്തിലെ ദിശകൾ

ഭൂപടത്തിൽ സാധാരണയായി ദിശ കാണിക്കുന്ന അടയാളം നൽകിയിരിക്കും. ചുമർ ഭൂപടങ്ങളുടെ മുകൾ ഭാഗത്ത് വടക്കുദിശയെ സൂചിപ്പിക്കുന്ന അടയാളം കാണാം. ഭൂപടത്തിന്റെ ചുവടുഭാഗം തെക്കുദിശയെയും വലതുഭാഗം പടിഞ്ഞാറുദിശയെയും ഇടതുഭാഗം കിഴക്കുദിശയെയും സൂചിപ്പിക്കുന്നു.

നിങ്ങളിരിക്കുന്ന ക്ലാസ്മുറിയുടെ വടക്കുദിശ എവിടെ എന്ന് കണ്ടെത്തൂ. ഇനി ക്ലാസ് മുറിയുടെ സ്കെച്ച് വരയ്ക്കുന്ന പേപ്പറിന് മുകളിൽ വലതുഭാഗത്ത് ചുവടെ കാണുന്ന രീതിയിൽ ദിശയുടെ ഏതെങ്കിലും ഒരു ചിഹ്നം നൽകൂ.

സാധാരണയായി ഭൂപടങ്ങളിൽ ദിശ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന ചിഹ്നങ്ങൾ








നിങ്ങളുടെ ക്ലാസ്മുറിയുടെ വാതിൽ ഏത് ദിശയിലാണെന്ന് കണ്ടെത്തിയല്ലോ? ജനാലകൾ ഏതൊക്കെ ദിശകളിലാണ്? മേശ ഏത് ദിശയിലാണെന്ന് നോക്കൂ. ഇനി നമുക്ക് ക്ലാസ് മുറിയുടെ സ്കെച്ച് വരയ്ക്കാം.

സ്കെച്ച് പൂർത്തിയാക്കിയല്ലോ. വാതിൽ, മേശ, ജനാല തുടങ്ങിയവയ്ക്ക് ചുവടെ നൽകിയിട്ടുള്ള രീതിയിൽ ഒരു സൂചിക തയ്യാറാക്കി സ്കെച്ചിൽ ഉൾപ്പെടുത്തുക.

D.	വാതിൽ
T.	മേശ
W.	ജനാല
B.B	ബ്ലാക്ക്ബോർഡ്
WB	വൈറ്റ്ബോർഡ്
B.	ബെഞ്ച്

അജി തയ്യാറാക്കിയ ക്ലാസ്മുറിയുടെ സ്കെച്ചാണ് നൽകിയിരിക്കുന്നത്. നിരീക്ഷിക്കൂ.


ഇനി എല്ലാവരും വരച്ച സ്കെച്ചുകൾ പരിശോധിക്കൂ. എല്ലാം ഒരേ രീതിയിലായില്ലേ?



അജിയുടെ ക്ലാസ്മുറിയുടെ സ്കെച്ച്

അജിയുടെ സ്കൂളിന്റെ സ്കെച്ചാണ് ചുവടെ നൽകിയിരിക്കുന്നത്. സ്കെച്ച് നിരീക്ഷിച്ച് നൽകിയിരിക്കുന്ന പട്ടിക പൂർത്തിയാക്കുക.





ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഏത് ദിശയിലാണ് ഓഫീസ് ഉൾപ്പെടുന്ന കെട്ടിടം സ്ഥിതി ചെയ്യുന്നത്?	•
ബാസ്കറ്റ്ബോൾ കോർട്ടിന്റെ ഏത് ദിശയിലാണ് സ്കൂളിന്റെ പ്രവേശനകവാടം സ്ഥിതി ചെയ്യുന്നത്?	•
ടോയ്‌ലറ്റ് കോംപ്ലക്സിന്റെ ഏത് ദിശയിലാണ് ലൈബ്രറിയും വായനമുറിയും സ്ഥിതി ചെയ്യുന്നത്?	•
സ്റ്റോർ സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന്റെ ഏത് ദിശയിലാണ് പാചകപ്പുര സ്ഥിതി ചെയ്യുന്നത്?	•
ഓഡിറ്റോറിയത്തിൽ നിന്ന് ഏത് ദിശയിലേക്ക് സഞ്ചരിച്ചാൽ പ്രവേശന കവാടം വഴി പുറത്തേക്ക് പോകാം?	•

നിങ്ങളുടെ ക്ലാസ്മുറിയിലെ ബെഞ്ച്, മേശ, ബ്ലാക്ക് ബോർഡ് എന്നിവയുടെ സ്ഥാനം സ്കെച്ചിൽ രേഖപ്പെടുത്തിയല്ലോ. ക്ലാസ്മുറിയിൽ നിങ്ങൾ ഇരിക്കുന്ന സ്ഥാനം എവിടെയെന്ന് എങ്ങനെ പറയും?

- ഒന്നാമത്തെ ബെഞ്ചിൽ രണ്ടാമത്
- ഒടുവിലത്തെ ബെഞ്ചിൽ ഒന്നാമത്
- .....
- .....

അങ്ങനെയെങ്കിൽ നിങ്ങൾ ഓരോരുത്തരുടെയും സ്ഥാനം പറഞ്ഞുനോക്കൂ.

ഭൂമിയിൽ ഒരു സ്ഥലത്തിന്റെ സ്ഥാനം എങ്ങനെയാണ് കണ്ടെത്തുന്നത്?

താഴെ തന്നിരിക്കുന്ന പന്തിന്റെ ചിത്രം നിരീക്ഷിക്കൂ.



പന്തിൽ ഒരു വീടിന്റെ ചിത്രം ഒട്ടിച്ചിരിക്കുന്നത് കണ്ടല്ലോ? വീടിന്റെ സ്ഥാനം എവിടെയാണെന്ന് എങ്ങനെ പറയാൻ കഴിയും?

മുകളിൽ, താഴെ, മധ്യഭാഗത്ത്, ഒരു വശത്ത്- ഇതിൽ ഏതാണ് ശരി?

ഗോളാകൃതിയുള്ള പ്രതലത്തിൽ ഒരു വസ്തുവിന്റെ കൃത്യമായ സ്ഥാനം നിർണ്ണയിക്കുക പ്രയാസമാണ്. പന്തിൽ വീടിന്റെ ചിത്രം ഒട്ടിച്ചിരിക്കുന്ന സ്ഥാനം കൃത്യമായി എങ്ങനെ കണ്ടെത്താം?

പന്തിൽ ചിത്രത്തിലേത് പോലെ നെടുകെയും കുറുകെയും രേഖകൾ വരച്ചാലോ?




കുറുകെയുള്ള രേഖകൾ



നെടുകെയുള്ള രേഖകൾ






ഇനി ഓരോ വരയ്ക്കും അക്ഷരവും നമ്പറും കൂടി നൽകിയാൽ ഏതൊക്കെ വരകൾക്കിടയിലാണ് വീടിന്റെ സ്ഥാനമെന്ന് കൃത്യമായി കണ്ടെത്താൻ കഴിയില്ലേ?



ഈ പന്തിൽ നൽകിയിട്ടുള്ള വീടിന്റെ സ്ഥാനം എവിടെയാണെന്ന് കണ്ടെത്തി എഴുതുക.



ഗ്ലോബ് നിരീക്ഷിക്കൂ.



തന്നിരിക്കുന്ന ഗ്ലോബിൽ ചുവപ്പുനിറത്തിൽ രേഖപ്പെടുത്തിയ വര ശ്രദ്ധിക്കൂ. ഇതാണ് ഭൂമധ്യരേഖ. ഈ രേഖ ഗ്ലോബിനെ രണ്ടു അർധഗോളങ്ങളായി വിഭജിക്കുന്നു. തന്നിരിക്കുന്ന ചിത്രത്തിൽ A എന്ന് രേഖപ്പെടുത്തിയത് വടക്കേ (ഉത്തര) അർധഗോളവും B എന്ന് രേഖപ്പെടുത്തിയത് തെക്കേ (ദക്ഷിണ) അർധഗോളവുമാണ്. ഭൂമധ്യരേഖയും അതിന് സമാന്തരമായി മുകളിലും താഴെയും വരച്ചിരിക്കുന്ന വൃത്താകൃതിയിലുള്ള മറ്റുരേഖകളും നിരീക്ഷിക്കൂ. ഇവയാണ് അക്ഷാംശരേഖകൾ. അക്ഷാംശരേഖകൾക്ക് ലംബമായി വരച്ചിരിക്കുന്ന അർധവൃത്താകൃതിയിലുള്ള രേഖകൾ കണ്ടില്ലേ? ഇവ രേഖാംശരേഖകളാണ്. ഭൂമിയിലെ ഒരു സ്ഥലത്തിന്റെ സ്ഥാനനിർണ്ണയം നടത്തുന്നത് ഈ സാങ്കല്പിക രേഖകളെ അടിസ്ഥാനമാക്കിയാണ്.

ഗ്ലോബ് നിരീക്ഷിച്ച് അക്ഷാംശരേഖകളുടെയും രേഖാംശരേഖകളുടെയും സവിശേഷതകൾ തിരിച്ചറിയുമല്ലോ.

ഗ്ലോബും ഭൂപടവും

ഗോളാകൃതിയിലുള്ള ഭൂമിയുടെ മാതൃകയാണ് ഗ്ലോബ്. ഗോളാകൃതിയിലുള്ള ഭൂമിയുടെ ഉപരിതല സവിശേഷതകൾ ഒരു പരന്ന പ്രതലത്തിൽ വരച്ചുചേർത്താൽ ഭൂപടമായി മാറും.




ഗ്ലോബ്



ലോക ഭൂപടം

കേരളത്തിന്റെ ഭൂപടം നിരീക്ഷിക്കൂ.



തന്നിരിക്കുന്ന ഭൂപടത്തിൽ A, B , C എന്നിങ്ങനെ അക്ഷരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത് ശ്രദ്ധിക്കൂ. അവ യഥാക്രമം ഭൂപടത്തിന്റെ തലക്കെട്ട്, ദിശ, സൂചിക എന്നിവയാണ്. ഒരു ഭൂപടത്തിലുണ്ടായിരിക്കേണ്ട അവശ്യഘടകങ്ങളാണിവ. ഇവ ഉപയോഗപ്പെടുത്തിയാണ് ഭൂപടങ്ങൾ വായിക്കുന്നത്.

ഭൂപടത്തിന്റെ മുകൾഭാഗത്താണ് പൊതുവേ തലക്കെട്ട് നൽകുന്നത്. ഭൂപടത്തിന്റെ ഉള്ളടക്കത്തെ സൂചിപ്പിക്കുന്നതാണ് തലക്കെട്ട്. നൽകിയിരിക്കുന്ന ഭൂപടത്തിൽ തലക്കെട്ട് കണ്ടെത്തൂ.

A

തലക്കെട്ട്	കേരളം - രാഷ്ട്രീയ ഭൂപടം



നിങ്ങളുടെ സ്കൂളിലെ സാമൂഹ്യശാസ്ത്ര ലാബിൽ വ്യത്യസ്ത ഭൂപടങ്ങൾക്ക് നൽകിയിരിക്കുന്ന തലക്കെട്ടുകൾ പരിശോധിക്കൂ.

ക്ലാസ്മുറിയുടെയും സ്കൂളിന്റെയും രൂപരേഖ തയ്യാറാക്കിയപ്പോൾ ദിശ സൂചിപ്പിക്കുന്ന ചിഹ്നം നൽകിയില്ലേ? നൽകിയിരിക്കുന്ന ഭൂപടത്തിൽ ദിശ തിരിച്ചറിയുന്നതിനായുള്ള ചിഹ്നം കണ്ടെത്തൂ.

B

ദിശ	



തൃശൂരിന് വടക്ക് കടലിനോട് ചേർന്നിരിക്കുന്ന ജില്ലകളും തൃശൂരിന് തെക്ക് കടലിനോട് ചേർന്നിരിക്കുന്ന ജില്ലകളും പട്ടികപ്പെടുത്തൂ.
കേരളത്തിന്റെ കിഴക്ക് സ്ഥിതി ചെയ്യുന്ന സംസ്ഥാനം ഏതാണ് ?

ഭൂതലസവിശേഷതകൾ തിരിച്ചറിയുന്നതിനായാണ് ഭൂപടത്തിൽ സൂചിക നൽകുന്നത്. നൽകിയിട്ടുള്ള ഭൂപടത്തിലെ സൂചിക കണ്ടെത്തൂ.

C

സൂചിക	- - - - സംസ്ഥാന അതിർത്തി ——— ജില്ലാ അതിർത്തി	☆ തലസ്ഥാനം ● ജില്ലാ ആസ്ഥാനം

നിങ്ങളുടെ സ്കൂളിലെ സാമൂഹ്യശാസ്ത്രലാബിലെ കേരളത്തിന്റെ ഭൂപടത്തിൽ നൽകിയിട്ടുള്ള സൂചിക നിരീക്ഷിക്കൂ.

സൂചിക

- - - - - - - സംസ്ഥാന അതിർത്തി	☆ തലസ്ഥാനം
——— ജില്ലാ അതിർത്തി	● ജില്ലാ ആസ്ഥാനം
നദി	തുറമുഖം
ദേശീയ പാതകൾ	വിമാനത്താവളം
റെയിൽ പാതകൾ	സംസ്ഥാന പാതകൾ

നൽകിയിട്ടുള്ള കേരളത്തിന്റെ ഭൂപടത്തിൽ (പേജ് 74) ജില്ലകൾ തിരിച്ചറിയുന്നതിനായി വ്യത്യസ്ത നിറങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധിക്കൂ. ഇതുപോലെ ഭൂപടത്തിൽ ഭൂതലസവിശേഷതകൾ കാണിക്കുന്നതിനായി വ്യത്യസ്ത നിറങ്ങൾ ഉപയോഗിക്കുന്നു.



ഗ്ലോബിലും ഭൂപടങ്ങളിലും ജലാശയങ്ങൾ സൂചിപ്പിക്കാൻ ഉപയോഗിക്കുന്ന നിറമേതാണ്?



കേരളത്തിന്റെ ഭൂപടം പരിശോധിച്ച് തന്നിരിക്കുന്ന പട്ടികയിലെ സൂചികകൾക്കുള്ള ചിഹ്നങ്ങൾ കണ്ടെത്തി വരയ്ക്കൂ.

സൂചികകൾ	ചിഹ്നങ്ങൾ
റോഡ്	
റെയിൽപാതകൾ	
നദി	
തുറമുഖം	



കാർട്ടോഗ്രഫി (Cartography)

ഭൂപടങ്ങൾ തയ്യാറാക്കുന്ന ശാസ്ത്രശാഖയാണ് ഭൂപടശാസ്ത്രം അഥവാ കാർട്ടോഗ്രഫി. ഭൂപടങ്ങൾ തയ്യാറാക്കുന്ന ആളെ കാർട്ടോഗ്രഫർ (Cartographer) എന്നാണ് അറിയപ്പെടുന്നത്.

നമ്മുടെ രാജ്യത്ത് ഭൂപടങ്ങൾ നിർമ്മിക്കുന്നതിനും പരിശോധിക്കുന്നതിനും പ്രസിദ്ധീകരിക്കുന്നതിനും ചുമതലപ്പെട്ട കേന്ദ്രസർക്കാർ ഏജൻസിയാണ് സർവേ ഓഫ് ഇന്ത്യ. ഉത്തരാഖണ്ഡിലെ ഡെറാഡൂൺ ആണ് ഇതിന്റെ ആസ്ഥാനം.



നിങ്ങളുടെ വിദ്യാലയത്തിലെ സാമൂഹ്യശാസ്ത്രലാബിലെ കേരളത്തിന്റെ ഭൂപടം പരിശോധിച്ച് വർക്ക്ഷീറ്റ് പൂർത്തിയാക്കുക.

കേരളത്തിന്റെ തെക്കേ അറ്റത്തുള്ള ജില്ല	
കേരളത്തിന്റെ വടക്കേ അറ്റത്തുള്ള ജില്ല	
രണ്ടുസംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ല	
ഭാരതപ്പുഴ ഒഴുകുന്ന ദിശ	കിഴക്കുനിന്ന് .....
കാസറഗോഡ് നിന്ന് തിരുവനന്തപുരം വരെയുള്ള റെയിൽ പാതയുടെ ദിശ	വടക്കുനിന്ന് .....
കേരളത്തിന്റെ അയൽ സംസ്ഥാനങ്ങൾ	

ജില്ലകൾ കണ്ടെത്താം



ടീച്ചറുടെ സഹായത്തോടെ കേരളത്തിന്റെ രാഷ്ട്രീയഭൂപടം A3 വലുപ്പത്തിൽ (കളർ) കാർഡ് പ്രിന്റ് എടുക്കുക. (ജില്ലകളുടെ പേര് ഒഴിവാക്കാം) ഓരോ ജില്ലയും ശ്രദ്ധയോടെ വെട്ടിയെടുക്കുക. വെട്ടിയെടുത്ത ജില്ലകളുടെ കഷണങ്ങൾ ഒരു പെട്ടിയിൽ നിക്ഷേപിക്കുക. ക്ലാസിലെ കുട്ടികൾ ഗ്രൂപ്പുകളായി തിരിയുക. ഓരോ ഗ്രൂപ്പിൽ നിന്നും ഒരാൾ വന്ന് പെട്ടിയിൽ നിന്ന് ഒരു കഷണം വീതം എടുക്കുക. ഓരോരുത്തർക്കും കിട്ടിയ ജില്ലയുടെ ആകൃതി തിരിച്ചറിഞ്ഞ് ജില്ലയുടെ പേര് ഉച്ചത്തിൽ പറയുക.


ഇനി, ഓരോ ഗ്രൂപ്പിനും കിട്ടിയ ജില്ലകളുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കിയാലോ? ജില്ലയുടെ തിരിച്ചറിയൽ കാർഡിൽ എന്തൊക്കെ ഉൾപ്പെടുത്താം?

- ജില്ലയുടെ പേര്
- സ്ഥാനം
- അയൽ സംസ്ഥാനം/ ജില്ലകൾ
- വിമാനത്താവളം/തുറമുഖം, റെയിൽപ്പാത, കടൽത്തീരം
- മറ്റ് സവിശേഷതകൾ

ജില്ലകളുടെ തിരിച്ചറിയൽ കാർഡുകൾ തയ്യാറാക്കി ക്ലാസിൽ പ്രദർശിപ്പിക്കുക.

ജില്ലയുടെ തിരിച്ചറിയൽ കാർഡ്

ഭൂപടവായനയുടെ അടിസ്ഥാന ആശയങ്ങൾ പരിചയപ്പെട്ടല്ലോ. ഇനി ഇന്ത്യയുടെ ഭൂപടം പരിശോധിച്ച് വിവരങ്ങൾ കണ്ടെത്താം.



ഇന്ത്യയിലെ ഒരു സംസ്ഥാനമാണല്ലോ കേരളം. ഇന്ത്യയിൽ എത്ര സംസ്ഥാനങ്ങളും കേന്ദ്രഭരണ പ്രദേശങ്ങളും ഉണ്ടെന്ന് അറിയാമോ?

ഇന്ത്യയിലെ സംസ്ഥാനങ്ങൾ, അവയുടെ തലസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവയുടെ പട്ടിക തയ്യാറാക്കൂ.



ഇന്ത്യയുടെ അതിർത്തി, സംസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ, അയൽരാജ്യങ്ങൾ മുതലായവ രേഖപ്പെടുത്തിയ ഭൂപടം നിരീക്ഷിച്ച് ചുവടെ തന്നിട്ടുള്ള പട്ടിക പൂർത്തിയാക്കൂ.

സൂചന	വസ്തുത
ഇന്ത്യയുടെ കിഴക്കുഭാഗത്തുള്ള കടൽ	ബംഗാൾ ഉൾക്കടൽ
ഇന്ത്യയുടെ പടിഞ്ഞാറുഭാഗത്തുള്ള കടൽ	അറബിക്കടൽ
ഇന്ത്യയുടെ തലസ്ഥാനം	.....
ഇന്ത്യയുടെ ഏറ്റവും വടക്കുഭാഗത്തുള്ള കേന്ദ്രഭരണപ്രദേശം	.....
അരുണാചൽ പ്രദേശ് ഇന്ത്യയുടെ ഏതുഭാഗത്ത് സ്ഥിതി ചെയ്യുന്നു?	.....
ഇന്ത്യയുടെ തെക്കുഭാഗത്തുള്ള ഒരു അയൽരാജ്യം	.....
ഇന്ത്യയുടെ തെക്കേ അറ്റത്തുള്ള കേന്ദ്രഭരണ പ്രദേശം	.....
ഇന്ത്യയുടെ അയൽരാജ്യങ്ങൾ	പാകിസ്ഥാൻ ....



ഇന്ത്യൻ സംസ്ഥാനങ്ങളുടെ പേരുകൾ രേഖപ്പെടുത്തിയ സ്ട്രിപ്പുകൾ (കടലാസ് തുണ്ടുകൾ) ഒരു പെട്ടിയിൽ നിക്ഷേപിക്കുന്നു. കുട്ടികൾ മൂന്നുപേരുള്ള സംഘങ്ങളാകുന്നു. സംഘത്തിലൊരാൾ പെട്ടിയിൽ നിന്ന് ഒരു സ്ട്രിപ്പ് എടുക്കുന്നു. കിട്ടിയ സംസ്ഥാനത്തെക്കുറിച്ച് അറ്റ്ലസ്, ഭൂപടം എന്നിവയുടെ സഹായത്തോടെ കുറിപ്പ് തയ്യാറാക്കുന്നു. എന്തൊക്കെ വിവരങ്ങൾ കുറിപ്പിൽ ഉൾപ്പെടുത്താം?

- സംസ്ഥാനത്തിന്റെ പേര്
- തലസ്ഥാനം
- അയൽ രാജ്യങ്ങൾ
- അയൽ സംസ്ഥാനങ്ങൾ
- പ്രധാന നഗരങ്ങൾ
-
-
-

അജി തയ്യാറാക്കിയ കുറിപ്പ് നോക്കൂ.

ഉത്തർപ്രദേശ്


എന്റെ സ്ഥാനം ഇന്ത്യയുടെ വടക്ക് ഭാഗത്താണ്.
എന്റെ അതിർത്തിയിൽ ഒരു രാജ്യമുണ്ട്. അതാണ് നേപ്പാൾ.
കൂടാതെ ഇന്ത്യയിലെ എട്ടു സംസ്ഥാനങ്ങളുടെ അതിർത്തി കൂടി ഞാൻ പങ്കിടുന്നുണ്ട്. കൂടുതൽ കരിമ്പ് ഉൽപാദിപ്പിക്കുന്നതിനാൽ 'ഇന്ത്യയുടെ പഞ്ചസാരക്കിണ്ണം' എന്ന് എന്നെ വിശേഷിപ്പിക്കാറുണ്ട്.
എന്റെ നാട്ടിലെ നൃത്തകലയാണ് കഥക്. എന്റെ പ്രധാന നഗരങ്ങളുടെ പേരുകൾ നിങ്ങൾ കേട്ടുകാണും. കാൺപൂർ, ലക്നൗ, വാരണാസി, ആഗ്ര, അലഹബാദ് മുതലായവയാണവ. അശോകസ്തംഭത്തിലൂടെ ശ്രദ്ധേയമായ സാരനാഥ് എന്റെ പ്രശസ്തി ലോകമെങ്ങും പരത്തുന്നു.

പോർച്ചുഗീസ് സഞ്ചാരിയായ വാസ്കോ ഡ ഗാമ ഇന്ത്യയിലേക്ക് നടത്തിയ യാത്രയെക്കുറിച്ചുള്ള കുറിപ്പ് വായിക്കൂ.



പോർച്ചുഗലിലെ ലിസ്ബൺ തുറമുഖത്ത് നിന്ന് നാലുപായ്ക്കപ്പലുകളിലായി 170 പേരടങ്ങുന്ന നാവികസംഘത്തെ നയിച്ചുകൊണ്ട് വാസ്കോ ഡ ഗാമ ഇന്ത്യയെ തേടി യാത്രതിരിച്ചു. കാറ്റിന്റെ സഹായത്തോടെ തെക്കു-കിഴക്കോട്ട് യാത്രചെയ്ത് ആഫ്രിക്കയുടെ തെക്കേ അറ്റത്തെത്തി. തുടർന്ന് ആഫ്രിക്കയുടെ കിഴക്കേതീരം വഴി വടക്കോട്ടുസഞ്ചരിച്ച് മലിന്ദി തുറമുഖത്തെത്തി. അവിടത്തെ നാവികരുടെ നിർദേശങ്ങൾ സ്വീകരിച്ച്, മൺസൂൺ കാറ്റുകളുടെ സഹായത്തോടെ 1498 മെയ് 20 ന് ഇന്ത്യയുടെ പടിഞ്ഞാറേ തീരത്ത്, കോഴിക്കോടിനടുത്തുള്ള കാപ്പാട് തീരത്ത് എത്തിച്ചേർന്നു. യൂറോപ്പിൽ നിന്ന് ആയിരക്കണക്കിന് കിലോമീറ്റർ താണ്ടി വാസ്കോ ഡ ഗാമയും സംഘവും സാഹസികമായി നടത്തിയ ഈ യാത്ര ചരിത്രത്തിൽ ഇടം നേടി.

വാസ്കോ ഡ ഗാമയുടെ സമുദ്ര സഞ്ചാരപാത നിരീക്ഷിക്കൂ.



വാസ്കോ ഡ ഗാമ യൂറോപ്പിൽ നിന്ന് ഏതൊക്കെ സമുദ്രങ്ങളിലൂടെ സഞ്ചരിച്ചാണ് ഇന്ത്യയിലെത്തിയത്? ലോകഭൂപടം നിരീക്ഷിച്ച് ഈ സമുദ്രങ്ങൾ കണ്ടെത്തൂ.

-
-

മറ്റ് സമുദ്രങ്ങൾ ഏതൊക്കെയാണ്?

-
-
-

ഈ സമുദ്രങ്ങളെല്ലാം പരസ്പരം ചേർന്നാണോ കിടക്കുന്നത്?

ഗ്ലോബ് നിരീക്ഷിച്ച് ഏറ്റവും വലിയ സമുദ്രമേതെന്ന് കണ്ടെത്തൂ.

നിങ്ങൾ നിരീക്ഷിച്ച ലോകഭൂപടത്തിൽ സമുദ്രങ്ങളോടൊപ്പം വിശാലമായ കരഭാഗങ്ങൾ കൂടി കാണുന്നില്ലേ? ഇത്തരത്തിലുള്ള അതിവിശാലമായ കരഭാഗങ്ങളാണ് വൻകരകൾ അഥവാ ഭൂഖണ്ഡങ്ങൾ.




ഭൂപടം, ഗ്ലോബ് എന്നിവ നിരീക്ഷിച്ച് ഭൂഖണ്ഡങ്ങൾ ഏതെല്ലാമെന്ന് കണ്ടെത്തൂ.



- നമ്മുടെ രാജ്യമായ ഇന്ത്യ ഏത് ഭൂഖണ്ഡത്തിന്റെ ഭാഗമാണ്?
- ഭൂരിഭാഗം ഭൂഖണ്ഡങ്ങളും സമുദ്രത്താൽ ചുറ്റപ്പെട്ടിരിക്കുന്നു. സമുദ്രത്താൽ ചുറ്റപ്പെട്ട ഭൂഖണ്ഡങ്ങൾ ഏതൊക്കെയാണ്?



തന്നിട്ടുള്ള ചിത്രം നിരീക്ഷിക്കൂ. നൽകിയിരിക്കുന്ന ഭൂഖണ്ഡങ്ങളുടെ നിറം ഭൂപടത്തിൽ അതത് ഭൂഖണ്ഡങ്ങൾക്ക് നൽകൂ. നിറം നൽകിയശേഷം ഭൂഖണ്ഡങ്ങളുടെ പേരുകൂടി എഴുതിച്ചേർക്കുമല്ലോ?



ലോകഭൂപടം, അറ്റ്ലസ് എന്നിവയുടെ സഹായത്തോടെ വർക്ക്ഷീറ്റ് പൂർത്തിയാക്കുക.



വർക്ക്ഷീറ്റ്	
സവിശേഷതകൾ	ഭൂഖണ്ഡം
അറ്റ്ലാന്റിക് സമുദ്രത്തിന് പടിഞ്ഞാറുഭാഗത്ത് കാണുന്ന ഭൂഖണ്ഡങ്ങൾ	..... , ...
ഇന്ത്യൻ സമുദ്രത്തിന് കിഴക്കുഭാഗത്ത് കാണുന്ന ഭൂഖണ്ഡം	.....
ഏറ്റവും വിസ്തൃതി കൂടിയ ഭൂഖണ്ഡം	.....
അറ്റ്ലാന്റിക് സമുദ്രത്തിനും ഇന്ത്യൻ സമുദ്രത്തിനും ഇടയിൽ കാണുന്ന ഭൂഖണ്ഡം	.....

ഭൂഖണ്ഡങ്ങളെ തിരിച്ചറിഞ്ഞ് പേരുനൽകുക.

















ഭൂഖണ്ഡങ്ങളെ പരിചയപ്പെട്ടല്ലോ? ഇനി നിങ്ങൾ ഏഴുഗ്രൂപ്പുകളായി തിരിയുക. ഓരോ ഗ്രൂപ്പിനും ഭൂഖണ്ഡങ്ങളുടെ പേരുകൾ നൽകുക. ഓരോ ഗ്രൂപ്പും അറ്റ്ലസ്, ഗ്ലോബ് എന്നിവ ഉപയോഗിച്ച് അതത് ഭൂഖണ്ഡങ്ങളുടെ തിരിച്ചറിയൽ കാർഡ് തയ്യാറാക്കുക.

ജനജീവിതത്തിൽ ഭൂപടങ്ങൾക്ക് വലിയ പ്രാധാന്യമാണുള്ളത്. ഭൂമിശാസ്ത്രപഠനം, പ്രതിരോധം, വിനോദസഞ്ചാരം, ഭരണനിർവഹണം, ഗതാഗതം തുടങ്ങിയ മേഖലകളിൽ വ്യത്യസ്തതരം ഭൂപടങ്ങൾ ഉപയോഗിക്കുന്നു. പ്രളയം, ഉരുൾപൊട്ടൽ തുടങ്ങിയ പ്രകൃതിദുരന്തങ്ങളും മറ്റു അപകടങ്ങളും ഉണ്ടാകുമ്പോൾ ദുരന്തമുഖത്ത് വേഗത്തിൽ എത്തിച്ചേരാനും ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ ഏർപ്പെടാനും ഭൂപടങ്ങളും റൂട്ട് മാപ്പുകളും ഉപയോഗിക്കുന്നു. നിത്യജീവിതത്തിൽ ഭൂപടവായനയിലൂടെ കടന്നുപോകേണ്ട സന്ദർഭങ്ങൾ പലപ്പോഴും ഉണ്ടാകാറുണ്ട്. ആധുനിക ലോകത്ത് ജീവിതം കെട്ടിപ്പടുക്കുന്നതിന് ഭൂപടവായന അനിവാര്യമായ ഒരു ഘടകമായി മാറിയിരിക്കുന്നു.

തുടർപ്രവർത്തനങ്ങൾ

1. ടീച്ചറുടെ സഹായത്തോടെ നിങ്ങളുടെ സ്കൂളിന്റെ ഒരു സ്കെച്ച് തയ്യാറാക്കൂ. തയ്യാറാക്കിയ സ്കെച്ച് സ്കൂളിൽ പ്രദർശിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമല്ലോ?
2. കേരളത്തിന്റെ ഭൂപടം പരിശോധിച്ച് പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ പട്ടികപ്പെടുത്തുക. ഇന്റർനെറ്റ് സാധ്യതകൾ പ്രയോജനപ്പെടുത്തി നിങ്ങൾ നിൽക്കുന്ന സ്ഥലത്ത് നിന്ന് നിങ്ങൾ പോകാനാഗ്രഹിക്കുന്ന ടൂറിസ്റ്റ് കേന്ദ്രങ്ങളിലേക്ക് വേഗത്തിലെത്താനുള്ള റൂട്ടും ദൂരവും കണ്ടെത്തൂ.
3. ഇന്ത്യയുടെ സ്കെച്ച് ചാർട്ടിൽ വരയ്ക്കുക. സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ, കേന്ദ്രഭരണ പ്രദേശങ്ങൾ എന്നിവ രേഖപ്പെടുത്തുക. സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണപ്രദേശങ്ങൾക്കും വ്യത്യസ്ത നിറം നൽകുക. തയ്യാറാക്കിയ ചാർട്ടുകൾ ക്ലാസിൽ പ്രദർശിപ്പിക്കുക.
4. നവംബർ 1 കേരളപ്പിറവി ദിനാചരണത്തിന്റെ ഭാഗമായി ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ 'കേരളം - ഭൂപടവായന പ്രശ്നോത്തരി മത്സരം' സംഘടിപ്പിക്കൂ. പ്രശ്നോത്തരിയിൽ എന്തൊക്കെ വിഷയങ്ങൾ ഉൾപ്പെടുത്താം?


കേരളം – ഭൂപടവായന പ്രശ്നോത്തരി - വിഷയങ്ങൾ

- വിനോദസഞ്ചാരകേന്ദ്രങ്ങൾ
- നദികൾ
- തുറമുഖങ്ങൾ
- തടാകങ്ങൾ
- വിമാനത്താവളങ്ങൾ
- ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ
- ആഘോഷങ്ങൾ
- .....

6

ജനങ്ങൾ ജനങ്ങളാൽ

ചൂടേറിയ വികസന ചർച്ച : നവ്യാനുഭവമായി വിദ്യാർഥിസൗഹൃദ പാർലമെന്റ്



മഞ്ചാടിമല: പഞ്ചായത്തിലെ തിരഞ്ഞെടുക്കപ്പെട്ട കുട്ടികളെ അംഗങ്ങളാക്കി സംഘടിപ്പിച്ച വിദ്യാർഥിസൗഹൃദ പാർലമെന്റ് ശ്രദ്ധേയമായി. നടപ്പാതകൾ പണിയുക, ഓടകൾക്ക് മൂടി നിർമ്മിക്കുക, തെരുവുനായ ശല്യം നിയന്ത്രിക്കുക, വഴിവിളക്കുകൾ സ്ഥാപിക്കുക, മാലിന്യ നിർമ്മാർജന പദ്ധതികൾ ആവിഷ്കരിക്കുക, പാർക്കുകൾ സ്ഥാപിക്കുക എന്നിങ്ങനെ നിരവധി ആവശ്യങ്ങൾ പാർലമെന്റിൽ ഉന്നയിക്കപ്പെട്ടു. പഞ്ചായത്ത് പ്രസിഡന്റ് യോഗം ഉദ്ഘാടനം ചെയ്തു. വിദ്യാർഥിസൗഹൃദ പാർലമെന്റ് മുന്നോട്ടുവച്ച ആവശ്യങ്ങൾ അടുത്ത ഭരണസമിതി യോഗത്തിൽ ചർച്ചചെയ്യുമെന്ന് പ്രസിഡന്റ് ഉറപ്പുനൽകി.

മുകളിൽ കൊടുത്തിരിക്കുന്ന പത്രവാർത്ത ശ്രദ്ധിച്ചുവല്ലോ.

നാടിന്റെ വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട ഏതൊക്കെ ആവശ്യങ്ങളാണ് കുട്ടികൾ പാർലമെന്റിൽ ഉന്നയിച്ചത്?

-
-
-

നിങ്ങളുടെ വിദ്യാലയത്തിനാവശ്യമായ വികസനപ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് ചർച്ചചെയ്യുക.

ഈ ആവശ്യങ്ങൾ അധ്യാപകരുടെ ശ്രദ്ധയിൽപ്പെടുത്തി നടപ്പിലാക്കാൻ ശ്രമിക്കുമല്ലോ?

നിങ്ങളുടെ പ്രദേശത്തും ധാരാളം വികസനപ്രവർത്തനങ്ങൾ നടക്കാറുണ്ടല്ലോ. അങ്ങനെയെങ്കിൽ ഇത്തരം വികസനപ്രവർത്തനങ്ങളെക്കുറിച്ച് ചർച്ചചെയ്യുന്നതും തീരുമാനമെടുക്കുന്നതും ആരാണ്?

പഞ്ചായത്ത് ഇടപെട്ടു ; കുടിവെള്ള ക്ഷാമത്തിന് പരിഹാരമായി

പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ എല്ലാ ദിവസവും ഡോക്ടർമാരുടെ സേവനം ഉറപ്പാക്കും; പഞ്ചായത്ത് പ്രസിഡന്റ്

വാർഡ് സഭയിൽ ഉയർന്നുവന്ന നിർദേശങ്ങൾ മുൻഗണനാക്രമത്തിൽ പരിഗണിക്കുമെന്ന് കൗൺസിലർ ഉറപ്പുനൽകി

സമ്പൂർണ്ണ വൈദ്യുതിവൽക്കരണം ; പ്രഖ്യാപനം ഉടൻ

റോഡരികിലെ മാലിന്യപ്രശ്നം: സി.സി.ടി.വി ക്യാമറകൾ ഉടൻ സ്ഥാപിക്കണമെന്ന് ജനങ്ങൾ ആവശ്യപ്പെട്ടു

ഒരു പ്രദേശത്തെ ഗ്രാമസഭയിൽ/വാർഡ് സഭയിൽ ഉയർന്നുവന്ന പ്രധാന ചർച്ചകളും തീരുമാനങ്ങളുമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ഇവിടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വഴി ജനങ്ങൾക്ക് ഭരണകാര്യങ്ങളിൽ നേരിട്ട് പങ്കാളിത്തം ലഭിക്കുന്നു. ഇപ്രകാരം ജനങ്ങൾ നേരിട്ടോ അവർ തിരഞ്ഞെടുക്കുന്ന പ്രതിനിധികളോ ഭരണപരമായ കാര്യങ്ങളിൽ തീരുമാനമെടുക്കുന്ന സംവിധാനമാണ് ജനാധിപത്യം.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ

ഗ്രാമപ്രദേശങ്ങളിലെ ത്രിതല പഞ്ചായത്ത് സംവിധാനങ്ങളായ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത് തുടങ്ങിയവയും, നഗരപ്രദേശങ്ങളിലെ ഭരണസ്ഥാപനങ്ങളായ മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയും ഉൾക്കൊള്ളുന്നവയാണ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ.

നിങ്ങൾ ഉൾപ്പെടുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പേര് ഉൾപ്പെടുത്തി ഐ.ഡി.കാർഡ് തയ്യാറാക്കൂ.
(ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാപഞ്ചായത്ത്, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ)

"ജനങ്ങൾക്ക് വേണ്ടി ജനങ്ങളാൽ നടത്തപ്പെടുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം".

- എബ്രഹാം ലിങ്കൺ




"ജനാധിപത്യത്തെ കുറിച്ചുള്ള എന്റെ സങ്കല്പം അതിനുകീഴിൽ ഏറ്റവും ദുർബലനും ശക്തനും തുല്യമായ അവസരം ഉണ്ടായിരിക്കണം എന്നതാണ്".

- മഹാത്മാ ഗാന്ധി



ജനാധിപത്യം : വേരുകൾ തേടി



മുകളിൽ കൊടുത്തിരിക്കുന്ന യൂറോപ്പിന്റെ ഭൂപടം ശ്രദ്ധിച്ചുവല്ലോ. യൂറോപ്പിന്റെ രൂപരേഖയിൽ A എന്നും B എന്നും അടയാളപ്പെടുത്തിയിരിക്കുന്ന രണ്ടുരാജ്യങ്ങൾ ഏതൊക്കെയാണെന്ന് എഴുതൂ.

A .....

B .....

ഈ രാജ്യങ്ങൾക്ക് ജനാധിപത്യത്തിന്റെ ഉദ്ഭവവുമായി ബന്ധപ്പെട്ട് ചില സവിശേഷതകളുണ്ട്. അവ നമുക്കൊന്ന് പരിശോധിച്ചാലോ?

പുരാതന ഗ്രീസിലെ ഏഥൻസിലാണ് ജനാധിപത്യത്തിന്റെ ആദ്യരൂപം ഉദയം ചെയ്തത്. പൊതുകാര്യങ്ങളിൽ തീരുമാനമെടുക്കുന്ന പ്രക്രിയയിൽ എല്ലാ വിഭാഗം ജനങ്ങളെയും പങ്കെടുപ്പിച്ചിരുന്നില്ലെങ്കിലും ജനാധിപത്യം എന്ന ആശയം സംഭാവന ചെയ്യുന്നതിൽ ഏഥൻസ് പ്രധാന പങ്കുവഹിച്ചിട്ടുണ്ട്.

ഇന്ന് നിലവിലുള്ള ജനാധിപത്യരീതിയുടെ തുടക്കം യുണൈറ്റഡ് കിംഗ്ഡത്തിന്റെ ഭാഗമായ ഇംഗ്ലണ്ടിൽ നിന്നാണ്. തിരഞ്ഞെടുപ്പ്, ജനപ്രതിനിധികളുടെ ഭരണം, പാർലമെന്റ് എന്നീ സംവിധാനങ്ങൾ രൂപം കൊണ്ടത് ഇംഗ്ലണ്ടിലാണ്.

ഗ്രീസ്, ഇംഗ്ലണ്ട് എന്നീ രാജ്യങ്ങളെക്കുറിച്ച് കൂടുതൽ വിവരങ്ങൾ ടീച്ചറുടെ സഹായത്തോടെ കണ്ടെത്തുമല്ലോ.



പുരാതന ഗ്രീക്ക് ചരിത്രകാരനായ ഹെറോഡോട്ടസ് ആണ് 'ഡെമോക്രസി' (ജനാധിപത്യം) എന്ന പദം ആദ്യമായി ഉപയോഗിച്ചത്. ഡെമോസ് (ജനങ്ങൾ), ക്രാറ്റോസ് (അധികാരം) എന്നീ ഗ്രീക്കുപദങ്ങൾ ചേർന്നാണ് ഡെമോക്രസി (ജനങ്ങളുടെ അധികാരം/ഭരണം) എന്ന വാക്ക് രൂപപ്പെട്ടത്.

ജനാധിപത്യം രണ്ടുതരത്തിൽ

നിങ്ങൾ ഗ്രാമസഭ/വാർഡ് സഭ ചേരുന്നത് കണ്ടിട്ടുണ്ടോ ?
എന്തൊക്കെയാണ് അവിടെ ചർച്ച ചെയ്യുന്നത്?
ആരൊക്കെയാണ് ഗ്രാമസഭയിൽ പങ്കെടുക്കുന്നത്?

എന്താണ് ഗ്രാമസഭകൾ?

ഒരു പ്രദേശത്തിന്റെ ഭരണ-വികസന പ്രക്രിയയിൽ എല്ലാ ജനങ്ങൾക്കും പങ്കാളികളാകാനും തീരുമാനങ്ങൾ എടുക്കാനും അവസരം ലഭിക്കുന്ന വേദികളാണ് ഗ്രാമസഭകൾ. ഒരു ഗ്രാമപഞ്ചായത്തിലെ ഓരോ വാർഡിലെയും വോട്ടർപട്ടികയിൽ പേരുചേർക്കപ്പെട്ട മുഴുവൻ ജനങ്ങളും ഗ്രാമസഭയിൽ അംഗങ്ങളാണ്. നഗരങ്ങളിൽ ഇവ വാർഡ് സഭകൾ എന്നറിയപ്പെടുന്നു.

ഗ്രാമസഭ കൂടുന്ന ചിത്രം നിരീക്ഷിക്കൂ.



ഗ്രാമസഭയിൽ ജനങ്ങൾക്ക് നേരിട്ട് ഭരണകാര്യങ്ങളിൽ അഭിപ്രായം രേഖപ്പെടുത്താനും തീരുമാനമെടുക്കുന്ന പ്രക്രിയയിൽ പങ്കാളികളാവാനും അവസരം ലഭിക്കുന്നുണ്ട്.

പങ്കാളിത്ത ജനാധിപത്യം/പ്രത്യക്ഷ ജനാധിപത്യം

ജനങ്ങൾ നേരിട്ട് ഭരണകാര്യങ്ങളിൽ പങ്കാളികളാകുന്ന ഭരണവ്യവസ്ഥയാണ് പങ്കാളിത്ത ജനാധിപത്യം അല്ലെങ്കിൽ പ്രത്യക്ഷ ജനാധിപത്യം. താരതമ്യേന ജനസംഖ്യയും ഭൂവിസ്തൃതിയും കുറഞ്ഞ പ്രദേശങ്ങളിലാണ് പ്രത്യക്ഷ ജനാധിപത്യം സാധ്യമാകുന്നത്.

ഗ്രാമസഭയെ കുറിച്ച് കൂടുതൽ കാര്യങ്ങൾ കണ്ടെത്തൂ.

-
-

നിയമസഭയുടെ ചിത്രം ശ്രദ്ധിക്കൂ



നിയമസഭയിൽ നമുക്ക് നേരിട്ട് പങ്കെടുക്കാൻ കഴിയുമോ?
നിയമസഭയിൽ നമുക്ക് വേണ്ടി സംസാരിക്കുന്നത് ആരാണ്?

നിങ്ങളുടെ നിയമസഭാ മണ്ഡലം ഏതാണ്?

.....

നിങ്ങളുടെ നിയമസഭാ പ്രതിനിധി (എം എൽ എ) ആരാണ്?

.....

കേരള നിയമസഭ



കേരളസംസ്ഥാനത്തിന്റെ നിയമ നിർമ്മാണസഭയാണ് കേരള നിയമസഭ. തിരുവനന്തപുരമാണ് നിയമസഭയുടെ ആസ്ഥാനം. 1888-ൽ സ്ഥാപിച്ച തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ, 1904-ൽ സ്ഥാപിത മായ ശ്രീമൂലം പ്രജാസഭ, 1949 ലെ തിരു-കൊച്ചി നിയമനിർമ്മാണസഭ എന്നിവ കേരള നിയമസഭയുടെ വഴികാട്ടികളാണ്. കേരള നിയമ സഭയുടെ ആദ്യസമ്മേളനം 1957 ഏപ്രിൽ 27ന് ആയിരുന്നു. എല്ലാവർഷവും ഏപ്രിൽ 27 നിയമസഭാദിനമായി ആചരിക്കുന്നു.

ഗ്രാമസഭകളിൽ ജനങ്ങൾ നേരിട്ടുപങ്കാളികളാകുമ്പോൾ നിയമസഭയിൽ നമ്മുടെ പ്രതിനിധികളാണ് നമുക്കുവേണ്ടി സംസാരിക്കുന്നത്.

പരോക്ഷ ജനാധിപത്യം / പ്രാതിനിധ്യ ജനാധിപത്യം

ജനങ്ങൾ തിരഞ്ഞെടുക്കുന്ന പ്രതിനിധികൾ ജനങ്ങൾക്ക് വേണ്ടി ഭരണം നടത്തുന്ന ജനാധിപത്യ രീതിയാണ് പരോക്ഷ ജനാധിപത്യം അല്ലെങ്കിൽ പ്രാതിനിധ്യ ജനാധിപത്യം. ഇന്ത്യയെപ്പോലെ ജനസംഖ്യയും ഭൂവിസ്തൃതിയും കൂടിയ രാജ്യങ്ങളിൽ പ്രാതിനിധ്യ ജനാധിപത്യമാണ് പ്രായോഗികമായിട്ടുള്ളത്.

പ്രത്യക്ഷ ജനാധിപത്യവും പരോക്ഷ ജനാധിപത്യവും താരതമ്യം ചെയ്ത് പട്ടിക പൂർത്തിയാക്കുക.



പ്രത്യക്ഷ ജനാധിപത്യം	പരോക്ഷ ജനാധിപത്യം
• ജനസംഖ്യ കുറഞ്ഞ രാജ്യങ്ങളിൽ സാധ്യമാകുന്നു • • •	• ജനസംഖ്യ കൂടിയ രാജ്യങ്ങളിൽ നിലനിൽക്കുന്നു • • •

കൂടുതൽ രാജ്യങ്ങൾ കണ്ടെത്താം.



ലോകത്തെ ഏറ്റവും വലിയ ജനാധിപത്യ രാജ്യം ഇന്ത്യയാണ്


സൗദി അറേബ്യയിൽ പുതിയ രാജാവ് അധികാരമേറ്റു

അഫ്ഗാനിസ്ഥാനിൽ ജനാധിപത്യഭരണം അവസാനിച്ചു

സ്വിറ്റ്സർലണ്ടിൽ ഇപ്പോഴും പങ്കാളിത്ത ജനാധിപത്യം

മുകളിൽ കൊടുത്തിട്ടുള്ള തലക്കെട്ടുകൾ ശ്രദ്ധിച്ചല്ലോ. ഇവയിൽ നിന്ന് ജനാധിപത്യ ഭരണസംവിധാനം നിലനിൽക്കുന്ന രാജ്യങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തൂ. കൂടുതൽ ജനാധിപത്യ രാജ്യങ്ങൾ കൂട്ടിച്ചേർക്കൂ.

-
-
-
-



ജനാധിപത്യഭരണ സംവിധാനത്തിന്റെ സവിശേഷതകളെക്കുറിച്ച് ക്ലാസിൽ ചർച്ച സംഘടിപ്പിക്കൂ.

തിരഞ്ഞെടുപ്പിലൂടെ



തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട ചിത്രങ്ങൾ നൽകിയിരിക്കുന്നത് ശ്രദ്ധിക്കൂ.

നിങ്ങൾക്ക് തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താൻ അവസരം ലഭിച്ചിട്ടുണ്ടോ?

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്തിയത് എങ്ങനെയാണ്?

നിങ്ങളുടെ രക്ഷാകർത്താക്കൾ പൊതുതിരഞ്ഞെടുപ്പിൽ വോട്ട് രേഖപ്പെടുത്താറുണ്ടല്ലോ.



എന്തുകൊണ്ടാണ് നിങ്ങൾക്ക് പൊതുതിരഞ്ഞെടുപ്പിൽ വോട്ടുചെയ്യാൻ അവസരം ലഭിക്കാത്തത്?

സാർവത്രിക പ്രായപൂർത്തി വോട്ടവകാശം

യാതൊരു വിവേചനങ്ങളുമില്ലാതെ, നിശ്ചിതപ്രായം പൂർത്തിയായ എല്ലാവർക്കും തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാനുള്ള അവകാശത്തെയാണ് സാർവത്രിക പ്രായപൂർത്തി വോട്ടവകാശം എന്ന് പറയുന്നത്. 1989 വരെ ഇന്ത്യയിൽ വോട്ടവകാശത്തിനുള്ള പ്രായം 21 വയസ്സ് ആയിരുന്നു. ഇപ്പോൾ അത് 18 വയസ്സാണ്.



പതിനെട്ടുവയസ്സ് പൂർത്തിയായതുകൊണ്ടു മാത്രം ഒരാൾക്ക് തിരഞ്ഞെടുപ്പിൽ വോട്ട് ചെയ്യാൻ സാധിക്കുമോ ?

തിരഞ്ഞെടുപ്പ് : വിവിധ ഘട്ടങ്ങൾ




സ്കൂൾപാർലമെന്റ് മാതൃകാ തിരഞ്ഞെടുപ്പ് വിജ്ഞാപനം

നാമനിർദേശപത്രിക സമർപ്പിക്കേണ്ട അവസാന തീയതി	ജൂലൈ 31	04 pm വരെ
നാമനിർദേശപത്രികകളുടെ സൂക്ഷ്മ പരിശോധന	ആഗസ്റ്റ് 3	12 pm
നാമനിർദേശപത്രിക പിൻവലിക്കാനുള്ള തീയതി	ആഗസ്റ്റ് 4	04 pm വരെ
സ്ഥാനാർഥികളുടെ അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന തീയതി	ആഗസ്റ്റ് 7	10 am
വോട്ടെടുപ്പ് തീയതി	ആഗസ്റ്റ് 9	11 am–01 pm
വോട്ടെണ്ണലും ഫലപ്രഖ്യാപനവും	ആഗസ്റ്റ് 9	02 pm
സ്കൂൾ പാർലമെന്റ് ആദ്യയോഗം	ആഗസ്റ്റ് 10	02 pm

സ്കൂൾ പാർലമെന്റ് തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട എന്തൊക്കെ വിവരങ്ങളാണ് നോട്ടീസ് ബോർഡിൽ നൽകിയിരിക്കുന്നത്? പട്ടികപ്പെടുത്തൂ.

- തിരഞ്ഞെടുപ്പ് വിജ്ഞാപനം
-
-
-
-


നമ്മുടെ രാജ്യത്തെ തിരഞ്ഞെടുപ്പുകളും ഇതുപോലെ വിവിധ ഘട്ടങ്ങളിലൂടെയാണ് കടന്നുപോകുന്നത്. അവ ഏതൊക്കെയാണെന്ന് നോക്കിയാലോ?



തിരഞ്ഞെടുപ്പിലെ വിവിധ ഘട്ടങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ക്ലാസിൽ ഒരു മാതൃകാ തിരഞ്ഞെടുപ്പ് സംഘടിപ്പിക്കുക.

തിരഞ്ഞെടുപ്പുകൾ എന്തിന്?

ജനാധിപത്യ സമ്പ്രദായത്തിൽ ഭരണാധികാരികളെ തിരഞ്ഞെടുക്കുന്ന പ്രക്രിയയാണ് തിരഞ്ഞെടുപ്പ്. ഇതിന് പുറമേ മറ്റു ചില ധർമ്മങ്ങളും തിരഞ്ഞെടുപ്പുകൾ നിർവഹിക്കുന്നുണ്ട്.




തിരഞ്ഞെടുപ്പിന്റെ വിവിധ ധർമ്മങ്ങളെക്കുറിച്ചെഴുതിയ സ്ടിപ്പുകൾ തയ്യാറാക്കി ഒരു ബോക്സിൽ നിക്ഷേപിക്കുക. ക്ലാസ്സിലെ കുട്ടികൾ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് ഗ്രൂപ്പ് പ്രതിനിധിയെ തിരഞ്ഞെടുക്കുക. ഓരോ ഗ്രൂപ്പിലെയും പ്രതിനിധികൾ ബോക്സിൽ നിന്ന് സ്ടിപ്പ് എടുക്കണം. കിട്ടിയ സ്ടിപ്പിനകത്തുള്ള തിരഞ്ഞെടുപ്പ് ധർമ്മത്തെക്കുറിച്ച് അവരവരുടെ ഗ്രൂപ്പിൽ ചർച്ച ചെയ്യുക. ചർച്ചാക്കുറിപ്പ് തയ്യാറാക്കി പൊതു ഗ്രൂപ്പിൽ അവതരിപ്പിക്കുക.

കേന്ദ്ര തിരഞ്ഞെടുപ്പ് കമ്മീഷൻ



രാഷ്ട്രപതി, ഉപരാഷ്ട്രപതി എന്നീ പദവികളിലേക്കും പാർലമെന്റ്, സംസ്ഥാന നിയമസഭകൾ എന്നിവിടങ്ങളിലേക്കും സ്വതന്ത്രവും നീതിപൂർവകവുമായ തിരഞ്ഞെടുപ്പ് നടത്തുകയാണ് തിരഞ്ഞെടുപ്പ് കമ്മീഷന്റെ ചുമതല. മൂന്ന് അംഗങ്ങളുള്ള തിരഞ്ഞെടുപ്പ് കമ്മീഷനിൽ മുഖ്യ തിരഞ്ഞെടുപ്പ് കമ്മീഷണർ ഉൾപ്പെടെ എല്ലാവരെയും നിയമിക്കുന്നത് രാഷ്ട്രപതിയാണ്.

ജനാധിപത്യം ഒരു ജീവിതക്രമം



ചിത്രം നിരീക്ഷിച്ചില്ലേ. ഇവിടെ തീരുമാനങ്ങളെടുക്കുന്നതാരാണ്?

എല്ലാവരുടെയും അഭിപ്രായങ്ങൾ പരിഗണിച്ചുകൊണ്ട് തീരുമാനങ്ങളെടുക്കുമ്പോഴാണ് ജനാധിപത്യം കുടുംബത്തിൽ പ്രായോഗികമാകുന്നത്.

ജനാധിപത്യം വിദ്യാലയത്തിൽ







മുകളിൽ കൊടുത്തിരിക്കുന്ന ചിത്രങ്ങൾ ശ്രദ്ധിക്കൂ. ഇവ ജനാധിപത്യം ഉറപ്പാക്കുന്നതിൽ എത്രത്തോളം പങ്കുവഹിക്കുന്നുണ്ട്? ചർച്ചചെയ്യൂ.

കുട്ടികളുടെ അഭിപ്രായങ്ങളും താൽപര്യങ്ങളും പരിഗണിക്കുന്നതിനോടൊപ്പം അവർക്ക് അവസരസമത്വവും തുല്യതയും ഉറപ്പുവരുത്തുമ്പോഴാണ് വിദ്യാലയങ്ങളിൽ ജനാധിപത്യം ഉറപ്പാക്കപ്പെടുന്നത്.

ജനാധിപത്യം പൊതു ഇടങ്ങളിൽ

താഴെക്കൊടുത്തിട്ടുള്ള സാഹചര്യങ്ങളിൽ എവിടെയൊക്കെയാണ് ജനാധിപത്യം പാലിക്കപ്പെടുന്നത്?









പൊതു ഇടങ്ങൾ വൃത്തിയായി സൂക്ഷിക്കുക, മറ്റുള്ളവരുടെ താൽപര്യങ്ങൾ മാനിക്കുക, പൊതുനിയമങ്ങൾ അനുസരിക്കുക എന്നിവയെല്ലാം ജനാധിപത്യ ജീവിതക്രമത്തിന് അനിവാര്യമാണ്.



എത്രത്തോളം ജനാധിപത്യം

ചുവടെ കൊടുത്തിട്ടുള്ള ചെക്ക് ലിസ്റ്റ് പൂരിപ്പിക്കൂ. ജനാധിപത്യ ജീവിത ക്രമം നാം എത്രത്തോളം പിന്തുടരുന്നുണ്ടെന്ന് കണ്ടെത്തൂ.

വീട്ടിൽ പ്രധാന തീരുമാനങ്ങൾ എടുക്കുമ്പോൾ എന്റെ അഭിപ്രായം പരിഗണിക്കാറുണ്ട്.	ഉണ്ട്/ഇല്ല
പൊതുസ്ഥലങ്ങളും പൊതുവാഹനങ്ങളും വൃത്തിയായി സൂക്ഷിക്കാറുണ്ട്.	ഉണ്ട്/ഇല്ല
സ്കൂളിൽ നിന്ന് പഠനയാത്രയ്ക്ക് പോകേണ്ട സ്ഥലങ്ങൾ തീരുമാനിക്കുമ്പോൾ അഭിപ്രായം പറയാറുണ്ട്.	ഉണ്ട്/ഇല്ല
യാത്രചെയ്യുമ്പോൾ സഹയാത്രികർക്ക് ബുദ്ധിമുട്ട് ഉണ്ടാകുന്ന രീതിയിൽ പെരുമാറാറില്ല.	ഉണ്ട്/ഇല്ല
ഗതാഗതനിയമങ്ങൾ പാലിക്കാറുണ്ട്.	ഉണ്ട്/ഇല്ല
ഇഷ്ടമുള്ള വിഷയങ്ങൾ പഠിക്കാൻ സ്വാതന്ത്ര്യമുണ്ട്.	ഉണ്ട്/ഇല്ല
പൊതുസ്ഥലങ്ങളിൽ മാലിന്യം വലിച്ചെറിയാറില്ല.	ഉണ്ട്/ഇല്ല

ഭരണാധികാരികളെ തിരഞ്ഞെടുക്കുന്നതിനുമപ്പുറം ജീവിതത്തിന്റെ എല്ലാ തലങ്ങളിലും ജനാധിപത്യം പുലർത്തേണ്ടതുണ്ട്. ആഹാരം, വസ്ത്രം, തൊഴിൽ എന്നിവ തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യവും അഭിപ്രായങ്ങൾ തുറന്നുപറയുവാൻ കഴിയുന്ന സാഹചര്യവും ജനാധിപത്യ സമൂഹത്തിന്റെ സവിശേഷതകളാണ്. കൂടാതെ തുല്യ പദവി, തുല്യഅവസരം, വിഭവങ്ങൾക്ക് മേലുള്ള തുല്യമായ അവകാശം എന്നീ സാഹചര്യങ്ങൾകൂടി അനുഭവവേദ്യമാകുമ്പോഴാണ് ജനാധിപത്യം അർഥപൂർണ്ണമാകുന്നത്.



തുടർപ്രവർത്തനങ്ങൾ

1. തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വിവിധ ചിത്രങ്ങൾ ശേഖരിച്ച് ഡിജിറ്റൽ ആൽബം തയ്യാറാക്കുക.
2. ഗ്രാമസഭ/വാർഡ് സഭ, നിയമസഭ എന്നിവയെക്കുറിച്ച് കൂടുതൽ കാര്യങ്ങൾ മനസ്സിലാക്കുന്നതിനായി വാർഡുമെമ്പർ/കൗൺസിലർ, എം.എൽ.എ എന്നിവരുമായി അഭിമുഖം നടത്തുന്നതിനാവശ്യമായ ചോദ്യാവലി ടീച്ചറുടെ സഹായത്തോടെ തയ്യാറാക്കൂ. ഗ്രാമസഭ/വാർഡ് സഭ, നിയമസഭ സന്ദർശനം സംഘടിപ്പിക്കുക.
3. ജനാധിപത്യത്തിന്റെ സവിശേഷതകളെ അടിസ്ഥാനമാക്കി സെമിനാർ സംഘടിപ്പിക്കുക.
4. എല്ലാ രാജ്യങ്ങളിലും പ്രായപൂർത്തി വോട്ടവകാശത്തിനുള്ള പരിധി 18 വയസ്സ് തന്നെയാണോ? വിവിധ രാജ്യങ്ങളിലെ വോട്ടിങ് പ്രായം കണ്ടെത്തുക.
5. ഇലക്ട്രോണിക് വോട്ടിങ് മെഷീൻ (ഇ വി എം) മാതൃക സംഘമായി നിർമ്മിച്ച് സാമൂഹ്യശാസ്ത്ര ലാബിൽ പ്രദർശിപ്പിക്കുക.

കുറിപ്പുകൾ

കുറിപ്പുകൾ

കുറിപ്പുകൾ

കുറിപ്പുകൾ

കുറിപ്പുകൾ

കുറിപ്പുകൾ

ഭാരതത്തിന്റെ ഭരണഘടന

ഭാഗം IV ക

മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ് :

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയസേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക, സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സമ്മിശ്രസംസ്കാരത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും, ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽക്കൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക;

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹികനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മീഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണ്ണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപൽക്കരമായ ജോലികളിൽനിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽനിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ്ണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

ബന്ധപ്പെടേണ്ട വിലാസം:

കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ

ശ്രീ ഗണേഷ്, റ്റി.സി. 14/2036, വാൻറോസ് ജംങ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം – 34
ഫോൺ 0471 – 2326603
ഇ- മെയിൽ childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

ചൈൽഡ് ഹെൽപ്പ് ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ – 1800 425 1400
കേരള പൊലീസ് ഹെൽപ്പ് ലൈൻ - 0471 – 3243000/44000/45000

online ***R.T.E Monitoring : www.nireekshana.org.in***